# റബ്ബർ

ഏപ്രിൽ 2024 • വാർഷികവരിസംഖ്യ ₹100

- നിലമൊരുക്കലും നടീലും
- ഇൻഡോ-ഫ്രഞ്ച് പ്രോജക്ട്
- നിയന്ത്രിതകമിഴ്ത്തിവെട്ട്
- ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം
- നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുമ്പോൾ



## റെയിൻഗാർഡിങ്


CHEERAKUZHY
Wonder Root™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

695

# റബ്ബർ

ഏപ്രിൽ 2024

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം – 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ട് ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

## ഉള്ളടക്കം

06 | നിലമൊരുക്കലും നടീലും
12 | റെയിൻഗാർഡിങ്
16 | ഇൻഡോ-ഫ്രഞ്ച് പ്രോജക്ട്
18 | നിയന്ത്രിതകമിഴ്ത്തിവെട്ട്
22 | ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം
27 | റബ്ബറിന്റെ നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുമ്പോൾ
32 | കോൾസെന്റർ
34 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



## ആരോ വറ്റിച്ചൊരീ കിണറുകളും കുളങ്ങളും

# നിറയ്ക്കണമിനി നമ്മൾ തന്നെ

വേനൽച്ചൂടിന്റെ തീക്ഷ്ണത ജീവജാലങ്ങൾക്ക് സഹിക്കാൻ കഴിയുന്ന പരിധിക്ക് മുകളിലേക്ക് ഉയരുകയാണ്. ദാഹജലത്തിനായി വന്യമൃഗങ്ങൾ കാടിറങ്ങുന്നത് പതിവായിരിക്കുന്നു. അവയുടെ ആക്രമണത്തിൽ മരണപ്പെടുന്നവരെക്കുറിച്ചുള്ള വാർത്തകളാണ് മാധ്യമങ്ങളിലെല്ലാം.

'മണൽച്ചാലിൽ വീണ് പിടയ്ക്കുന്ന ചാവും പുഴകളെ
ദാഹനീരിനായി കാടിറങ്ങുന്ന പാവം സഹ്യന്റെ മക്കളെ'

എന്ന വരികളിലൂടെ പ്രശസ്ത കവയിത്രി സുഗതകുമാരി ഭീതിദമായ ജലക്ഷാമത്തെക്കുറിച്ച് എത്രയോ മുമ്പ് നമ്മെ ഓർമപ്പെടുത്തിയിരിക്കുന്നു. വർഷം തോറും വേനൽകാലത്ത് ആഗോളതാപനത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചുമെല്ലാം നാം പതിവായി ചർച്ച ചെയ്യും. പക്ഷേ, പലതും കാര്യക്ഷമമായി നടപ്പാക്കാൻ ഇനിയും ബാക്കിയാകുന്നു എന്നത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

മഴക്കാലത്ത് പെയ്യുന്ന വെള്ളം പരമാവധി സംഭരിച്ച് സൂക്ഷിക്കുക എന്നതു മാത്രമാണ് ഇപ്പോൾ ചെയ്യാൻ കഴിയുക. കിണറുകളും കുളങ്ങളും തോടുകളും പുഴകളുമെല്ലാം വീണ്ടും ജലസമൃദ്ധമായാൽ ജലക്ഷാമത്തിന് അറുതിയാകും. അതിനുവേണ്ടി പെയ്ത്തുവെള്ളം സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും അവലംബിക്കേണ്ടതായി വരും. ഇക്കാര്യത്തിൽ ഉത്തരവാദിത്വത്തോടെയുള്ള ഒരു സമീപനം എല്ലാവരിലും ഉണ്ടാകണം.

റബ്ബർകർഷകർക്കും ജലസംരക്ഷണത്തിനായി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. ഈ വർഷം റബ്ബർ നടുന്നവർ കൃഷിക്കുള്ള മുന്നൊരുക്കങ്ങൾ നടത്തുമ്പോൾ മഴവെള്ളം പിടിച്ചുനിർത്തുന്നതിന് ആവശ്യമായ ഇടക്കയ്യാലകൾ, നിരപ്പുതട്ടുകൾ, നീർക്കുഴികൾ തുടങ്ങിയവയെല്ലാം ആദ്യം തന്നെ തയ്യാറാക്കണം. തോട്ടത്തിലുള്ള കുളങ്ങളും കിണറുകളും നീർച്ചാലുകളുമെല്ലാം തെളിച്ചശേഷം മഴവെള്ളം അവയിലേക്ക് ഒഴുകിയിറങ്ങുന്നതിന് സാഹചര്യമൊരുക്കുകയും വേണം. പരമാവധി വെള്ളം മണ്ണിലേക്ക് താഴുന്നത് നീരുറവകൾക്ക് ജീവൻ നൽകും.

ജലസംരംക്ഷണത്തിനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

- എഡിറ്റർ



# റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ

റബ്ബറുത്പന്നനിർമാണമേഖലയിലുള്ളവരുടെയും പുതിയ സംരംഭകരുടെയും നൂതനാശയങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും ആവിഷ്ക്കാരം നൽകുക, വിപണനസജ്ജമായ രീതിയിൽ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക, ടയറിതര ഉത്പന്നനിർമാണമേഖലയുടെ ശാക്തീകരണത്തിലൂടെ രാജ്യത്ത് പ്രകൃതിദത്തറബ്ബറിന്റെ ഉപഭോഗം വർധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് റബ്ബർബോർഡ് റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (ആർ.പി.ഐ.സി.) ആരംഭിച്ചത്. കോട്ടയത്ത് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആർ.പി.ഐ.സി. സംരംഭകരുടെ പുതിയ ആശയങ്ങൾ സാങ്കേതിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗുണമേന്മയുള്ള ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു കേന്ദ്രമായി മാറിയിരിക്കുന്നു.

രാജ്യത്തെമ്പാടുമായി നാലായിരത്തോളം രജിസ്റ്റർ ചെയ്യപ്പെട്ട ടയറിതര റബ്ബറുത്പന്നനിർമാതാക്കളാണ് മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.) മേഖലയിലുള്ളത്. വലിയ തോതിൽ തൊഴിൽ പ്രദാനം ചെയ്യുന്ന ഈ മേഖലയ്ക്ക് ഉത്പന്നങ്ങളുടെ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിത്തരാനും കഴിയും. എം.എസ്.എം.ഇ. സെക്ടറിലുള്ള പല ചെറിയ ഉത്പന്നനിർമാതാക്കൾക്കും സ്വന്തമായി ഗവേഷണ–വികസനസൗകര്യങ്ങൾ ഇല്ലാത്തതിനാൽ സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഈ സെക്ടറിലുള്ളവർ ആഭ്യന്തര–അന്താരാഷ്ട്രവിപണികളിലെ മത്സരക്ഷമതയിൽ പിന്നിലാകുന്നു. ഈ പോരായ്മ പരിഹരിക്കുക എന്നതാണ് ആർ.പി.ഐ.സി.-യുടെ ലക്ഷ്യം.

നിലവിലുള്ള റബ്ബറുത്പന്നനിർമാണവ്യവസായങ്ങളിലെ, പ്രത്യേകിച്ച് എം.എസ്.എം.ഇ. സെക്ടറിലെ വിദഗ്ധരുടെയും റബ്ബർകർഷകർ, വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവരുടെയും പുതിയ ആശയങ്ങൾ വികസിപ്പിച്ചെടുക്കുകയും സംരംഭകശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ആർ.പി.ഐ.സി.യുടെ പ്രധാന കർത്തവ്യം. റബ്ബർപാലിന്റെ പ്രാഥമിക സംസ്കരണം, റബ്ബർപാലിൽനിന്നുള്ള ഉത്പന്നങ്ങളുടെ പ്രോട്ടീൻ അലർജി കുറയ്ക്കൽ, ഡിസ്പേഴ്സൺ ടെക്നോളജി, പൊല്യൂഷൻ മാനേജ്മെന്റ്, റീ-സൈക്ളിങ്, റബ്ബറുത്പന്നനിർമാണം എന്നിങ്ങനെ റബ്ബറുമായും അനുബന്ധവ്യവസായങ്ങളുമായും ബന്ധപ്പെട്ട മറ്റ് സേവനങ്ങളും ആർ.പി.ഐ.സി. നൽകി വരുന്നു. കൂടാതെ നിലവിലുള്ള വ്യവസായകർക്ക് പുതിയ ആശയങ്ങൾ പരീക്ഷിക്കുന്നതിനും നിലവിലുള്ള ഉത്പന്നങ്ങളുടെ നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനുമെല്ലാമുള്ള അവസരം ആർ.പി.ഐ.സി.-യിൽ ഒരുക്കിയിട്ടുണ്ട്.

യുവകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെ അംഗങ്ങൾ, ചെറുകിടസംരംഭകർ തുടങ്ങിയവർ ആർ.പി.ഐ.സി.-യുടെ സേവനം പ്രയോജനപ്പെടുത്തണം. അതിലൂടെ പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ച് വിപണനം ചെയ്യാൻ തയ്യാറായാൽ റബ്ബറുത്പന്നനിർമാണമേഖലയെ കൂടുതൽ ശക്തവും ഊർജസ്വലവുമാക്കാൻ കഴിയുമെന്നത് തീർച്ചയാണ്.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# നിലമൊരുക്കലും നടീലും

ഇന്ത്യൻ റബ്ബർവിപണി ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്ന ഈ കാലയളവിൽ ചെലവ് കുറഞ്ഞ ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കേണ്ടത് സുസ്ഥിരമായ റബ്ബർകൃഷിക്ക് അനിവാര്യമാണ്. അപ്രതീക്ഷിതവും പ്രവചനാതീതവും മുൻവർഷത്തേക്കാൾ തീവ്രവുമായ കാലാവസ്ഥാവ്യതിയാനമാണ് റബ്ബർകർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രധാന വെല്ലുവിളി. ഒരു ദീർഘകാലവിളയായ റബ്ബറിന്റെ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്യുമ്പോൾ വരുന്ന മൊത്തം ചെലവിന്റെ ഏകദേശം 35 ശതമാനവും ആദ്യ വർഷത്തിലേക്കാണ് വേണ്ടിവരിക. റബ്ബർകൃഷിയുടെ ആദ്യ വർഷങ്ങളിൽ സംഭവിക്കുന്ന ചെറിയ പാളിച്ചകൾ പോലും പിന്നീട് പരിഹരിക്കാൻ സാധിക്കാത്തതിനാൽ പ്രാരംഭഘട്ടം മുതൽ തന്നെ ശരിയായ ആസൂത്രണവും മുന്നൊരുക്കവും ആവശ്യമാണ്.

### നടീലിനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ

റബ്ബറിനങ്ങളുടെ ഉത്പാദനക്ഷമത, വിവിധ കാലാവസ്ഥാസാഹചര്യങ്ങളിൽ വളരാനുള്ള കഴിവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവിധ പ്രദേശങ്ങളിലേക്കുള്ള നടീലിനങ്ങൾ റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്നത്. പരമ്പരാഗത റബ്ബർമേഖലയിലേക്കുള്ള നടീലിനങ്ങളുടെ പൊതുവായ ശുപാർശയിൽ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് ഇനങ്ങൾ തരം തിരിച്ചിരിക്കുന്നത്. ഇത് പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.

ഒരു ഇനം മാത്രം കൃഷിചെയ്യുന്ന ഏകക്ലോൺ കൃഷി സമ്പ്രദായത്തിന് (monoclone planting) ദൂരവ്യാപകമായ ദോഷവശങ്ങൾ ഉണ്ടാകാനിടയുള്ളതിനാൽ വൻകിട തോട്ടങ്ങളിൽ റബ്ബർബോർഡ് നിർദേശിച്ചുവരുന്ന ബഹുക്ലോൺ കൃഷി (multiclone planting) അവലംബിക്കുന്നതാണ് ഉത്തമം. ഇതനുസരിച്ച് ഓരോവർഷവും നടാൻ ഉദ്ദേശിക്കുന്നതിന്റെ 50 ശതമാനം സ്ഥലത്ത് ഒന്നാം വിഭാഗത്തിലെ ഏതെങ്കിലും ഒരു ക്ലോൺ കൃഷിചെയ്യുകയും



**പട്ടിക 1. പരമ്പരാഗത റബ്ബർമേഖലയിലേക്കുള്ള നടീലിനങ്ങളുടെ പൊതുവായ ശുപാർശ**

| വിഭാഗം | റബ്ബറിനങ്ങൾ |
|---|---|
| 1 | ആർആർഐഐ 105, ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422 |
| 2 | ആർആർഐഎം 600, ജി.ടി. 1, ആർആർഐഐ 5, ആർആർഐഐ 203, പി.ബി. 28/59, പി.ബി. 217, പി.ബി. 255, പി.ബി. 260, പി.ബി. 280, പി.ബി. 312, പി.ബി. 314, ഐ.ആർ.സി.എ.130, ഐ.ആർ.സി.എ. 111 |
| 3 | ആർആർഐഐ 118, ആർആർഐഐ 208, ആർആർഐഐ 300, ആർആർഐഐ 429, പി.ആർ. 107, പി.ആർ. 255, പി.ആർ. 261, പി.ബി. 86, പി.ബി. 5/51, പി.ബി. 235, പി.ബി. 311, പി.ബി. 330, ആർആർഐഎം 605, ആർആർഐഎം 701, ആർആർഐഎം 703, ആർആർഐഎം 712, ആർ.ആർ.ഐ.സി. 100, ആർ.ആർ.ഐ.സി. 102, ആർ.ആർ.ഐ.സി. 130, കെ.ആർ.എസ്. 163, ഐ.ആർ.സി.എ. 109, എസ്.സി.എ.റ്റി.സി. 88-13, ബി.പി.എം. 24, പി. 21, പി. 67, പി. 26, പി. 44, പി. 63, പി. 64, പി. 66, പി. 70, പി. 15, പോളിക്ലോണൽ വിത്തുകൾ. |

**പട്ടിക 2. പ്രാദേശികാടിസ്ഥാനത്തിലുള്ള റബ്ബർ നടീലിനങ്ങളുടെ ശുപാർശ**

| മേഖല | ജില്ല / സ്ഥലം | ഏറ്റവും യോജിച്ച നടീലിനങ്ങൾ |
|---|---|---|
| തെക്കൻ തമിഴ്നാട് | കന്യാകുമാരി | ആർആർഐഐ 430, ആർആർഐഐ 105, ആർആർഐഐ 429. |
| തെക്കൻ കേരളം | തിരുവനന്തപുരം, കൊല്ലം | ആർആർഐഐ 422, ആർആർഐഐ 430, ആർആർഐഐ 417 |
| മദ്ധ്യ കേരളം | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം | ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 417. |
| വടക്കൻ മദ്ധ്യകേരളം | തൃശൂർ, പാലക്കാട് | ആർആർഐഐ 417, ആർആർഐഐ 429, ആർആർഐഐ 430. |
| വടക്കൻ കേരളം | മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് | ആർആർഐഐ 430, ആർആർഐഐ 417, ആർആർഐഐ 105. |
| ഉയരം കൂടിയ പ്രദേശങ്ങൾ | വിതുര, കുളത്തൂപ്പുഴ, ഇടുക്കി, വയനാട് | ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 417. |
| തെക്കുപടിഞ്ഞാറൻ കർണാടകം, ഗോവ | ദക്ഷിണ കന്നഡ, ഗോവ | ആർആർഐഐ 430, ആർആർഐഐ 414, ജി.റ്റി. 1, ആർആർഐഐ 203. |

ബാക്കിയുള്ള സ്ഥലത്ത് ഒന്നാം വിഭാഗത്തിലെ മറ്റേതെങ്കിലും ഇനങ്ങളോ രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ട രണ്ടോ മൂന്നോ ഇനങ്ങളോ വേണം നടാൻ.

കൂടാതെ, റബ്ബറുത്പാദനത്തെ ബാധിക്കുന്ന കാലാവസ്ഥാസാഹചര്യങ്ങളും രോഗബാധയുടെ തീവ്രതയും കണക്കിലെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തേക്കും ഏറ്റവും യോജിച്ച ഇനങ്ങളുടെ പുതിയ ശുപാർശ തയ്യാറാക്കിയിട്ടുണ്ട് (പട്ടിക-2).

നിലവിൽ ഒന്നാം വിഭാഗത്തിലുള്ള ഇനങ്ങളിൽ സുസ്ഥിരമായ വളർച്ചയിലും ഉത്പാദനത്തിലും മുൻപന്തിയിലാണ് ആർആർഐഐ 430 എന്ന ഇനം. അകാലിക ഇലകൊഴിച്ചിൽ, *കൊറിനിസ്പോറ* ഇലപ്പുള്ളി രോഗം എന്നിവയ്ക്കെതിരെ സാമാന്യം നല്ല പ്രതിരോധശേഷിയുമുണ്ട്. എന്നാൽ, ഈ ഇനത്തിൽ സ്വാഭാവിക ഇലകൊഴിച്ചിൽ വളരെ വൈകിയാണ് ആരംഭിക്കുന്നത്. പുതിയ ഇലകൾ നാമ്പെടുക്കുന്ന സമയത്ത് ഉയർന്ന പ്രദേശങ്ങളിൽ ഈ ഇനത്തിൽ പൊടിക്കുമിൾ രോഗബാധ കാണപ്പെടുന്നതിനാൽ അത്തരം പ്രദേശങ്ങൾക്ക് ഈ ഇനം യോജിച്ചതല്ല.

### നടീൽവസ്തുക്കൾ

ആരോഗ്യത്തോടും ഊർജ്ജസ്വലതയോടും കൂടി വളരുന്ന തൈകൾ തന്നെ നടാൻ ഉപയോഗിക്കണം. റബ്ബറിൽ നടീലിനായി തൈകൾ തെരഞ്ഞെടുക്കുമ്പോൾ സംഭവിക്കുന്ന വീഴ്ചകൾ വളരെക്കാലത്തെ നഷ്ടത്തിനിടയാക്കും. ഒരു കാരണവശാലും ചെറിയൊരു ലാഭം നോക്കി മോശം തൈകൾ നടരുത്. ബഡ്ഡുചെയ്ത കൂടത്തൈകളും കപ്പുതൈകളുമാണ് ഇപ്പോൾ ഏറെ പ്രചാരത്തിലുള്ള നടീൽവസ്തുക്കൾ. കപ്പുതൈകൾക്ക് കൂടത്തൈകളെക്കാൾ വലുപ്പവും ഭാരവും കുറവായതിനാൽ നഴ്സറികളിൽ നിന്നും കൃഷിയിടങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും കുഴികളിലേക്ക് മാറ്റി നടുന്നതിനും വേണ്ടിവരുന്ന ചെലവ് വളരെ കുറവാണ്. കപ്പുതൈ ഉപയോഗിക്കുകയാണെങ്കിൽ കൂടത്തൈകളുടേതിനേക്കാൾ നടീൽചെലവ് 70 ശതമാനത്തോളം കുറയ്ക്കാൻ സാധിക്കും. നടീൽവസ്തുക്കൾ എന്തുതന്നെയായാലും വളരെ ശ്രദ്ധയോടുകൂടി വേണം അവ കൃഷിയിടങ്ങളിൽ നടാൻ.

### തൈകളുടെ എണ്ണവും ഇടയകലവും

തോട്ടത്തിലെ മരങ്ങളുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ അത് മരങ്ങളുടെ വളർച്ചയെയും ഉത്പാദനത്തെയും ബാധിക്കുകയും മരങ്ങളുടെ എണ്ണം ഒരു പരിധിയിൽ കുറവായിരുന്നാൽ റബ്ബർകൃഷി ആദായകരമല്ലാതാകുകയും ചെയ്യും. അതിനാൽ തൈകൾ നടുമ്പോൾ തന്നെ ഇക്കാര്യത്തിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കണം. റബ്ബർബോർഡിന്റെ ശുപാർശയനുസരിച്ച് ഒരു ഹെക്ടർ സ്ഥലത്ത് 420 മുതൽ 500 വരെ തൈകൾ നടാം. ആർആർഐഐ 105 എന്ന

പട്ടിക 3. ഇടയകലവും തൈകളുടെ എണ്ണവും

| ഭൂമിയുടെ സ്വഭാവം | നടീൽ രീതി | ഇടയകലം (നിരകൾ തമ്മിൽ X തൈകൾ തമ്മിൽ) | | ഒരു ഹെക്ടറിൽ നടാവുന്ന തൈകളുടെ എണ്ണം |
|---|---|---|---|---|
| | | മീറ്ററിൽ | അടിയിൽ | |
| നിരപ്പുള്ളത് | സമചതുരം | 4.3 X 4.3<br>4.6 X 4.6<br>4.9 X 4.9 | 14 X 14<br>15 X 15<br>16 X 16 | 549<br>479<br>420 |
| | ദീർഘചതുരം | 6.1 X 3.0<br>6.4 X 3.0<br>6.7 X 3.4 | 20 X 10<br>21 X 10<br>22 X 11 | 539<br>511<br>445 |
| ചെരിവുള്ളത് | ദീർഘചതുരം / കോണ്ടൂർ | 6.1 X 3.0<br>6.4 X 3.0<br>6.7 X 3.0<br>6.7 X 3.4 | 20 X 10<br>21 X 10<br>22 X 10<br>22 X 11 | 539<br>511<br>489<br>445 |
| ഇടവിളക്കൃഷിക്ക് | രണ്ടുനിര റബ്ബർ അടുപ്പിച്ച് നടുന്ന രീതി | 9.0 X 5.0 X 3.2 | 30 X 17 X 10.5 | 445 |
| | | രണ്ടു ജോഡി റബ്ബർനിരകൾ തമ്മിലുള്ള അകലം -9.0 മീറ്റർ.<br>ഒരു ജോഡിയിലെ രണ്ടു നിരകൾ തമ്മിലുള്ള അകലം 5.0 മീറ്റർ.<br>ഒരു നിരയിലെ തൈകൾ തമ്മിലുള്ള അകലം– 3.2 മീറ്റർ. | | |

ഇനമാണ് നടുന്നതെങ്കിൽ ഒരു ഹെക്ടറിൽ 549 തൈകൾ വരെ നടാം. ഭൂമിയുടെ സ്വഭാവമനുസരിച്ച് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ഇടയകലവും അതുപ്രകാരം ഒരു ഹെക്ടറിൽ നടാവുന്ന തൈകളുടെ എണ്ണവും പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

### നിലമൊരുക്കൽ

റബ്ബർകൃഷി പ്രധാനമായും മഴയെ ആശ്രയിച്ച് നടത്തുന്നതിനാൽ വർഷകാലത്തിന്റെ ആരംഭത്തിൽ തന്നെ തൈ നടീൽ പൂർത്തിയാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വർഷകാലത്തിന്റെ തുടക്കത്തിൽ മൂന്നോ നാലോ നല്ല മഴ ലഭിച്ചതിനുശേഷം തൈകൾ നടുകയാണെങ്കിൽ വർഷം മുഴുവൻ ലഭ്യമാകുന്ന മഴ തൈകൾക്ക് പ്രയോജനപ്പെടും. വേനൽ ആരംഭിക്കുമ്പോഴേക്കും റബ്ബർതൈ നാലോ അഞ്ചോ തട്ട് വളർച്ചയെത്തുന്നതുകൊണ്ട് അവയ്ക്ക് കടുത്ത വേനലിനെ അതിജീവിക്കാൻ തക്ക കരുത്തുണ്ടാകും. ഒരുപരിധി വരെ വേനൽകാലസംരക്ഷണത്തിനുള്ള ചെലവ് കുറയ്ക്കുകയും ചെയ്യാം. നടീൽ വൈകുന്നത് തൈകൾക്ക് ആദ്യവർഷത്തെ വേനലിനെ തരണം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുകയും പിന്നീടുള്ള വളർച്ചയെ സാരമായി ബാധിക്കുകയും ചെയ്യും. വർഷകാലത്തിന്റെ ആരംഭത്തിൽ



അടിവളമിട്ട് കുഴികൾ മൂടുന്നു

റബ്ബർ നട്ടാൽ തുലാവർഷാരംഭത്തിൽ തന്നെ കുഴികക്കേട് പോക്കുന്നതിനും സാധിക്കും. അതിനാൽ വേനൽമഴ ലഭിച്ചാലുടൻ കുഴികളെടുക്കാൻ പാകത്തിൽ നിലമൊരുക്കൽ തീർത്തിരിക്കണം.

നിലമൊരുക്കലിന്റെ ആദ്യപടിയായി റബ്ബറിന്റെ വളർച്ചയെ ബാധിച്ചേക്കാവുന്ന മറ്റുമരങ്ങൾ മുറിച്ചുമാറ്റണം. തോട്ടത്തിന്റെ അതിർത്തികളിൽ തൈകളുടെ വളർച്ചയെ ബാധിക്കാത്തത്ര അകലത്തിൽ മറ്റുമരങ്ങൾ നിലനിർത്തുന്നത് ആദായത്തോടൊപ്പം കാറ്റിനെ പ്രതിരോധിക്കാനും ഒരു പരിധി വരെ സഹായിക്കും. വെട്ടിമാറ്റപ്പെടുന്ന കുറ്റിച്ചെടികളും ചെറുസസ്യങ്ങളും കൃഷിയിടങ്ങളിൽ അവിടവിടായി കൂട്ടിയിട്ട് ഉണങ്ങിയശേഷം ചെറുതായി തീയിടണം. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കാർഷികവസ്തുക്കൾ എത്തിക്കുന്നതിനും അവിടെനിന്നും സംസ്കരണത്തിനായി റബ്ബർപാൽ കൊണ്ടുപോകുന്നതിനും മറ്റും തോട്ടത്തിൽ നടപ്പാതകളും റോഡുകളും ഉണ്ടായിരിക്കണം. കൃഷിയിടങ്ങളിൽ ജലനിർഗമനമാർഗങ്ങൾ ആവശ്യമായതിനാൽ തോട്ടത്തിലുള്ള പ്രകൃതിദത്തമായ നീർച്ചാലുകളിലെ തടസ്സങ്ങൾ നീക്കി ഉപയോഗപ്രദമാക്കാം.

### നിരയെടുക്കൽ

റബ്ബർ ആവർത്തനക്കൃഷി ചെയ്യുമ്പോൾ നിരയെടുക്കുന്നതിന്റെ ചെലവ് കുറയ്ക്കുന്നതിനായി പുതിയ നിരകളെടുക്കുന്നതിനു പകരം പഴയ നിരകളിലുള്ള റബ്ബർമരങ്ങൾ മുറിച്ചുമാറ്റിയശേഷം ആ വരിയിൽതന്നെ ഇടയകലമനുസരിച്ച് തൈകൾ നടാം. മുൻപ് കൃഷിചെയ്തതിൽ നിന്ന് വ്യത്യസ്തമായ ഇടയകലത്തിലാണ് റബ്ബർ നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ കുഴികളെടുക്കാൻ തടസ്സമായി വരാവുന്ന വലിയ മരക്കുറ്റികൾ പിഴുതുമാറ്റണം. കുഴിയെടുപ്പിന് തടസ്സമാകാത്ത മരക്കുറ്റികൾ പിഴുതുമാറ്റേണ്ട ആവശ്യമില്ല. അവ കാലക്രമേണ മണ്ണിൽ അഴുകിച്ചേർന്നുകൊള്ളും. ആവർത്തനക്കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ മരം മുറിച്ചുമാറ്റിയതിനുശേഷം ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് മരക്കുറ്റികൾ മുഴുവനായി പിഴുതുകളയുന്നത് ചെലവ് കൂടുന്നതിനും



കോണ്ടൂർ നിരകൾ അടയാളപ്പെടുത്തുന്നു

മണ്ണൊലിപ്പിനും കാരണമാകും. രോഗബാധയുള്ള മരക്കുറ്റികൾ ഉണ്ടെങ്കിൽ അവ മുഴുവനായി പിഴുതുമാറ്റിയശേഷം അവിടെ പ്രൊപ്പിക്കോണാസോൾ എന്ന കുമിൾനാശിനി 0.13 ശതമാനം വീര്യത്തിൽ (ടിൽറ്റ് 5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഒഴിച്ചുകൊടുക്കണം. ഒരു കുഴിക്ക് ഏകദേശം അഞ്ച് ലിറ്റർ കുമിൾനാശിനി വേണ്ടിവരും.

നിരപ്പായ സ്ഥലങ്ങളിലും അൽപം ചെരിവുള്ള പ്രദേശങ്ങളിലും സമചതുരത്തിലോ ദീർഘചതുരത്തിലോ വരത്തക്കവിധം നിരകളെടുത്ത് തൈകൾ നടാം. എന്നാൽ, ചെരിവുള്ള പ്രദേശങ്ങളിലും ഇടവിളക്കൃഷി ചെയ്യാനുദ്ദേശിക്കുന്ന തോട്ടങ്ങളിലും ദീർഘചതുരത്തിൽ നിരകളെടുത്തു തൈകൾ നടുന്നതാണ് നല്ലത്. ദീർഘചതുരത്തിൽ നടുമ്പോൾ നിരയെടുക്കുന്നത് കിഴക്കുപടിഞ്ഞാറായിട്ടായാൽ തൈകൾക്ക് പരമാവധി സൂര്യപ്രകാശം ലഭിക്കും. ചെരിവ് കൂടിയ പ്രദേശങ്ങളിൽ ഭൂമിയുടെ ചെരിവിന് കുറുകെ നിരകൾ (കോണ്ടൂർനിര) എടുത്തുവേണം കുഴികൾക്കുള്ള സ്ഥാനം അടയാളപ്പെടുത്താൻ.

### മണ്ണ്- ജലസംരക്ഷണം

**നിരപ്പുതട്ടുകൾ -** ചെരിവുള്ള പ്രദേശങ്ങളിൽ കൃഷിപ്പണികൾ ചെയ്യുന്നത് സുഗമമാക്കുന്നതിനും മണ്ണ്-ജല സംരക്ഷണത്തിനുമായി നിരപ്പുതട്ടുകൾ അഥവാ പ്ലാറ്റ്ഫോം നിർമിക്കണം. അടയാളപ്പെടുത്തിയ സമവിതാനരേഖകളിലൂടെ ആദ്യം തന്നെ തുടർച്ചയായ നിരപ്പുതട്ടുകളെടുക്കുന്നതാണ് ഉത്തമം. അതു സാധിക്കാത്ത പക്ഷം സമചതുരത്തിലുള്ള ചെറുനിരപ്പുതട്ടുകളെടുത്ത് തൈകൾ നട്ടതിനുശേഷം പിന്നീടുള്ള വർഷങ്ങളിൽ നിരപ്പുതട്ടുകൾ തമ്മിൽ യോജിപ്പിച്ച് തുടർച്ചയായ നിരപ്പുതട്ടുകളാക്കാവുന്നതാണ്. ഏകദേശം 1.25 മുതൽ 1.5 വരെ മീറ്റർ വീതിയിലാണ് നിരപ്പുതട്ടുകൾ തയ്യാറാക്കേണ്ടത്. ഇവ ഉൾവശത്തേക്കു 20-30 സെ.മീ ചെരിഞ്ഞിരിക്കണം. ഒഴുകിവരുന്ന വെള്ളത്തിന്റെ അധിക പങ്കും നിരപ്പുതട്ടുകളിൽ തങ്ങിനിൽക്കാനാണിങ്ങനെ ചെയ്യുന്നത്. ജെ.സി.ബി./ ഹിറ്റാച്ചി ഉപയോഗിച്ച് പ്ലാറ്റ്ഫോം നിർമിക്കുമ്പോൾ മണ്ണിളക്കം പരമാവധി കുറച്ച് നിർദ്ദിഷ്ടരീതിയിലുള്ള പ്ലാറ്റുഫോം തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അല്ലാത്തപക്ഷം വരും വർഷങ്ങളിൽ പ്ലാറ്റ്ഫോമിന് ഇടിവ് സംഭവിച്ച് മണ്ണൊലിപ്പിന് കാരണമാകും. തന്നെയുമല്ല, തോട്ടങ്ങൾ ടാപ്പു ചെയ്യാറാകുമ്പോഴേക്കും പ്ലാറ്റ്ഫോമിന്റെ വീതി കുറഞ്ഞ് ടാപ്പിങ്ങിനായുള്ള നടത്തത്തിന് ബുദ്ധിമുട്ടാകുകയും ചെയ്യും. പഴയ നിരപ്പുതട്ടുകളിൽ തന്നെയാണ് റബ്ബർ നടാൻ ഉദ്ദേശിക്കുന്നതെങ്കിൽ ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് അവ നിർദിഷ്ട അളവിൽ ഒന്ന് മിനുക്കിയെടുത്താൽ മതി. അങ്ങനെ നിരപ്പുതട്ടുനിർമാണത്തിന്റെ ചെലവ് ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്.



കോണ്ടൂർ നിരകളിൽ കുഴികൾ എടുത്ത് മൂടി കുറ്റികൾ നാട്ടിയിരിക്കുന്നു

**ജൈവവേലി-** റബ്ബർകൃഷിയുടെ ആദ്യവർഷങ്ങളിൽ, നിരപ്പുതട്ടുകളുടെ അരികിലൂടെ രാമച്ചവേലികൾ വെച്ചുപിടിപ്പിക്കുന്നത് 'മണ്ണ്-വിള' ഉത്പാദനക്ഷമത നിലനിർത്തുന്നതിനുള്ള ഏറ്റവും മികച്ച മണ്ണ്-ജല സംരക്ഷണമാർഗമാണ്. ജൈവവേലികൾ ഉള്ളിടത്ത് റബ്ബർ നട്ട് നാലാം വർഷം വരെ നിരപ്പുതട്ടുകൾ പൂർണമായി നിലനിർത്താൻ സാധിക്കും. ജൈവവേലികൾ മണ്ണൊലിപ്പിന്റെ തോത് കുറയ്ക്കുക മാത്രമല്ല, മണ്ണിലെ ജൈവാംശത്തിന്റെ അളവ് കൂട്ടി മണ്ണിലെ കാർബൺ ശേഖരണവും സംഭരണവും വർധിപ്പിക്കുകയും ചെയ്യുന്നു.

**മഴക്കുഴികൾ-** 120 സെ.മീ. നീളവും 45 സെ.മീ. വീതിയും 60 സെ.മീ. ആഴവുമുള്ള മഴക്കുഴികൾ ഇടനിരകളിലെടുക്കുന്നത് മണ്ണ്-ജല സംരക്ഷണത്തിനുള്ള ഫലപ്രദമായ ഒരു മാർഗമാണ്. ഒരു ഹെക്ടർ തോട്ടത്തിൽ 250 മഴക്കുഴികൾ വരെ എടുക്കാവുന്നതാണ്.

### കുഴിയെടുപ്പ്

മണ്ണാഴം കുറഞ്ഞതും വളരെ ഉറച്ചുകിടക്കുന്നതുമായ സ്ഥലങ്ങളിൽ 75 സെ.മീ. (രണ്ടര അടി) വീതം നീളവും വീതിയും ആഴവുമുള്ള കുഴികളാണ് എടുക്കേണ്ടത്. എന്നാൽ, ഒരു മീറ്ററോ അതിലേറെയോ മണ്ണാഴമുള്ള സ്ഥലങ്ങളിൽ കൂടത്തൈകൾ ഇറക്കിവെയ്ക്കുവാൻ മാത്രം വലിപ്പമുള്ള ചെറിയ കുഴികളെടുത്ത് തൈകൾ നട്ടാൽ മതി. ചെറിയ കുഴികൾ എടുക്കുന്നതിലൂടെ കുഴിയെടുപ്പിന് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 70 ശതമാനത്തോളം കുറയ്ക്കാനാവും. ജെ.സി.ബി/ ഹിറ്റാച്ചി ഉപയോഗിച്ച് കുഴികളെടുക്കുമ്പോൾ റബ്ബർ നടാൻ നിർണയിച്ചിരിക്കുന്ന സ്ഥാനത്തുമാത്രം മണ്ണിളക്കി കുഴികളെടുത്താൽ മതി. പലസ്ഥലങ്ങളിലും കുഴിയെടുക്കുന്നതിന്റെ ഭാഗമായി നിരപ്പുതട്ട് മുഴുവനും ജെ.സി.ബി/ ഹിറ്റാച്ചി ഉപയോഗിച്ച് കിളച്ചതിനുശേഷം റബ്ബർ നടുന്നതായി കണ്ടുവരുന്നു. ഇത് പ്ലാറ്റ്ഫോമിന്റെ സ്ഥിരതയെ ബാധിക്കുന്നതിനൊപ്പം കൃഷിച്ചെലവ് വർധിപ്പിക്കുകയും ചെയ്യും. യാതൊരു കാരണവശാലും ഈ കൃഷിരീതി അനുവർത്തിക്കരുത്. റബ്ബർ നടാൻ



എർത്ത് ഓഗർ



തൈ നടീൽ



കപ്പുതൈകൾ

കുഴികളെടുക്കുന്നതിന് 'ഹോൾ ഡിഗ്ഗർ' ഘടിപ്പിച്ച ട്രാക്ടർ ഉപയോഗിക്കാവുന്നതാണ്. കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിൽ ഇതിന്റെ ഉപയോഗം പ്രാവർത്തികമല്ല. എന്നാൽ, ചെറിയ കുഴികളെടുക്കുന്നതിന് ഒരാൾക്ക് കൈ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന 'എർത്ത് ഓഗർ' ഇപ്പോൾ പ്രചാരത്തിലുണ്ട്.

റബ്ബർ നടാനുള്ള കുഴിയിൽ 200 ഗ്രാം റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 12 കി.ഗ്രാം കമ്പോസ്റ്റോ/നന്നായി അഴുകിപ്പൊടിഞ്ഞ ചാണകമോ കുഴികൾ മൂടുന്ന സമയത്ത് ചേർക്കണം. റോക്ക് ഫോസ്ഫേറ്റ് കുഴിയുടെ മുകളിലത്തെ 20 സെ.മീ. മണ്ണുമായി നന്നായി കലർത്തണം. കുഴിമൂടുന്ന സമയത്ത് ഈ വളങ്ങൾ കുഴിയിൽ ഇടാൻ സാധിച്ചില്ലെങ്കിൽ തൈ നടുന്നതിനായി പിള്ളക്കുഴി എടുക്കുന്ന സമയത്ത് 200 ഗ്രാം റോക്ക് ഫോസ്ഫേറ്റ് കുഴിയിലെ മണ്ണുമായി ചേർത്തിളക്കിയ ശേഷം തൈ നടാവുന്നതാണ്. അതിനുശേഷം ചാണകപ്പൊടി തൈയ്ക്ക് ചുറ്റും ഇട്ടുകൊടുക്കാവുന്നതാണ്.

കാത്സ്യത്തിന്റെ അളവ് വളരെക്കുറഞ്ഞ (ഒരു കിലോഗ്രാം മണ്ണിൽ100 മില്ലിഗ്രാമിൽ കുറവ് കാൽസ്യം ഉള്ള), അമ്ലത വളരെക്കൂടിയ (പിഎച്ച് മൂല്യം 5-ൽ കുറഞ്ഞ) മണ്ണിൽ കുഴി മൂടുന്ന സമയത്തോ നടീലിന് രണ്ടോ മൂന്നോ ആഴ്ച മുമ്പോ കുഴിയൊന്നിന് 250 ഗ്രാം നീറ്റുകക്ക അല്ലെങ്കിൽ 500 ഗ്രാം ഡോളമൈറ്റ് മണ്ണുമായി ഇളക്കിച്ചേർക്കണം. ഇങ്ങനെ ചെയ്യുമ്പോൾ രണ്ടു മൂന്നു നല്ല മഴ കിട്ടിയശേഷം വേണം തൈകൾ നടാൻ.

### തൈ നടുന്ന വിധം

#### കൂടത്തൈകൾ

നടാനായി ഉപയോഗിക്കുന്ന കൂടത്തൈകളുടെ മുകളിലത്തെ തട്ട് ഇലകൾ നന്നായി മൂപ്പെത്തിയിരിക്കണം. കൂടത്തൈകൾ നടുമ്പോൾ നേരത്തെ മണ്ണിട്ട് മൂടിയ കുഴിയുടെ മധ്യഭാഗത്തായി കൂടയുടെ വലുപ്പത്തേക്കാൾ കുറച്ചുകൂടി വലുപ്പത്തിൽ ഒരു കുഴിയുണ്ടാക്കുക. തൈയുടെ വേരുകൾ കൂടയുടെ പുറത്തേക്ക് വളർന്നിട്ടുണ്ടെങ്കിൽ അവ മുറിച്ചുമാറ്റണം. കൂടയുടെ ചുവടുഭാഗം വട്ടത്തിൽ മുറിച്ചുമാറ്റിയതിനുശേഷം കൂടയിലെ മണ്ണിന് ഇളക്കം തട്ടാതെ തൈ കൂടയോടെ കുഴിയിൽ ഇറക്കിവെക്കണം. പിന്നീട് കൂട ചുവട്ടിൽ നിന്നും മുകൾ ഭാഗത്തേക്ക് കുറച്ച് മുറിച്ച് അടിയിൽ നിന്നും മെല്ലെ ഉയർത്തി അത്രയും ഭാഗം മണ്ണിട്ടുറപ്പിക്കുക. പിന്നീട് കൂട ചുവട്ടിൽ നിന്നും മുകൾ ഭാഗത്തേക്ക് പകുതിഭാഗം വരെ മുറിച്ച് അടിയിൽ നിന്നും മെല്ലെ ഉയർത്തി അത്രയും ഭാഗവും മണ്ണിട്ടുറപ്പിക്കുക. തുടർന്ന് കൂടയുടെ ബാക്കി ഭാഗം കൂടി മുകളിലേക്ക് മുറിച്ച് കൂട വലിച്ചെടുക്കണം. കൂടയിലെ മണ്ണിന് ഇളക്കം തട്ടാതെ ചുറ്റിലും മണ്ണിട്ടുറപ്പിക്കുക.



കൂടത്തൈകൾ

#### കപ്പുതൈകൾ / റൂട്ട് ട്രെയിനർ തൈകൾ

കൃഷിയിടങ്ങളിൽ നടുന്നതിനുമുൻപായി തൈകൾ കപ്പിൽ നിന്നും വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് കപ്പിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടി വേരുപടലം ചുറ്റിയ ചകിരിച്ചോർ കപ്പിൽ നിന്നും വേർപെടുത്തിയെടുക്കാം. അതിനുശേഷം തൈകൾ നടാൻ മൂടിയിട്ടിരിക്കുന്ന കുഴിയുടെ നടുവിൽ ഒഴിഞ്ഞ ഒരു കപ്പുവെച്ചമർത്തി ഒരു കുഴി രൂപപ്പെടുത്തിയതിനു ശേഷം കപ്പിൽ നിന്നും വേർപെടുത്തിയ വേരുപടലം ഈ കുഴിയിലേക്കിറക്കിവെച്ച് വേരുപടലത്തിന് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിക്കുക.

#### റബ്ബർതൈ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരു നിരയിലെ എല്ലാ തൈകളും ഒരു വരിയിലാണെന്ന് ഉറപ്പുവരുത്തണം. തൈകൾ നടുമ്പോൾ ഒട്ടുകണ്ണിൽ സൂര്യപ്രകാശം നേരിട്ട് അടിക്കുന്നതു തടയാൻ ഒട്ടുകണ്ണ് വടക്കുകിഴക്ക് ദിശയിലായിരിക്കുന്നതാണ് നല്ലത്.

ബഡ്ഡുചെയ്ത നടീൽവസ്തുക്കൾ കൃഷിയിടങ്ങളിൽ നടുമ്പോൾ ഒട്ടുകണ്ണ് തറനിരപ്പിന് തൊട്ടു മുകളിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ബഡ്ഡുയൂണിയൻ ഭൂനിരപ്പിന് താഴെയായിരുന്നാൽ മണ്ണിലുള്ള സൂക്ഷ്മാണുക്കളുടെ പ്രവർത്തനം മൂലം ഒട്ടുകണ്ണ് അഴുകിപ്പോകാൻ സാധ്യതയുണ്ട്. മറിച്ച് ഒട്ടുകണ്ണ് തറനിരപ്പിൽനിന്ന് കൂടുതൽ ഉയർന്ന് നിന്നാൽ ബഡ്ഡുമരങ്ങൾ വലുതാകുമ്പോൾ 'എലിഫന്റ് ഫുട്ട്' (ബഡ്ഡുയൂണിയന് താഴെയുള്ള ഭാഗം വീർത്തിരിക്കുക) മണ്ണിന് മുകളിൽ പ്രകടമായി കാണുന്നതിനും സാധ്യതയുണ്ട്.

കൃഷിച്ചെലവ് പരമാവധി കുറച്ചും ലഭ്യമായ സാങ്കേതികവിദ്യകൾ ശാസ്ത്രീയമായി അവലംബിച്ചും കൃഷിപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് റബ്ബർകൃഷി കൂടുതൽ ആദായകരമാക്കുന്നതിന് സഹായിക്കും. •

# ഇൻറോഡ് പ്രോജക്ട്
# നാലാം ഘട്ടത്തിന് തുടക്കമിട്ടു



വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസ്സിയേഷന്റെ സഹായത്തോടെ റബ്ബർബോർഡ് നടപ്പാക്കുന്ന 'ഇൻറോഡ്' (INROAD - Indian Natural Rubber Operations for Assisted Development) പ്രോജക്ടിന്റെ ഭാഗമായി നാലാം വർഷത്തെ റബ്ബർതൈനടീലിന് തുടക്കം കുറിച്ചു. അരുണാചൽപ്രദേശിലെ ഈസ്റ്റ് സിയാങ് ജില്ലയിലെ റെമി വില്ലേജിൽ തപാക് എസിങ് എന്ന കർഷകന്റെ കൃഷിയിടത്തിൽ റബ്ബർതൈ നട്ടുകൊണ്ട് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നാലാം വർഷത്തെ തൈനടീൽ ഉദ്ഘാടനം ചെയ്തു. എൺപതോളം കർഷകർ പങ്കെടുത്ത പരിപാടിയിൽ വെച്ച് അരുണാചൽപ്രദേശ് ട്രേഡ് ആന്റ് കൊമേഴ്സ് ഡയറക്ടർ സൊന്യുങ് മോദി ഈ പദ്ധതിക്ക് അരുണാചൽപ്രദേശ് സർക്കാരിന്റെ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്തു. റബ്ബർകൃഷി വികസനത്തിനായി ഒരു പ്രത്യേക പായ്ക്കേജ് തയ്യാറാക്കുന്നതിന് അരുണാചൽപ്രദേശ് സർക്കാരിന്റെ ട്രേഡ് ആന്റ് കൊമേഴ്സ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയതായി അദ്ദേഹം അറിയിച്ചു. റബ്ബർകർഷകർക്ക് ഇൻറോഡ് പ്രോജക്ട് വഴി നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ഇൻറോഡ് പ്രോജക്ട് ഓഫീസർ ഇൻ-ചാർജ് വി.എ. സക്കീർ വിശദമാക്കി. റബ്ബർബോർഡിന്റെ ഗുവാഹതി സോണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് രശ്മി രേഖ മജുംദാർ, അരുണാചൽ പ്രദേശ് റബ്ബർ ഗ്രോവേഴ്സ് അസോസ്സിയേഷൻ പ്രസിഡന്റ് ടോണി പെർട്ടിൻ, റബ്ബർബോർഡിന്റെ ഇറ്റാനഗർ റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ ബിശ്വജിത് ചക്രവർത്തി എന്നിവർ സംസാരിച്ചു.

2021-ൽ തുടക്കമിട്ട ഇൻറോഡ് പ്രോജക്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങൾ കൊണ്ട് എഴുപതിനായിരം ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിപ്പിക്കുകയുണ്ടായി. 2021, 2022, 2023 എന്നീ വർഷങ്ങളിലായി യഥാക്രമം 3,858, 23,370, 42,080 ഹെക്ടർ വീതമാണ് റബ്ബർകൃഷി നടത്തിയിട്ടുള്ളത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെല്ലാമുൾപ്പെടെ 43,500-ൽ കൂടുതൽ ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി നടത്തികൊണ്ട് റബ്ബർബോർഡ് ചരിത്രം കുറിച്ച വർഷമാണ് 2023. ഇന്ത്യയിൽ ആദ്യമായാണ് ഒരു വർഷം കൊണ്ട് ഇത്രയും സ്ഥലത്ത് റബ്ബർകൃഷി നടപ്പാക്കുന്നത്. അടുത്ത രണ്ട് വർഷം കൊണ്ട് 1,30,000 ഹെക്ടർ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള



പരിശ്രമത്തിലാണ് ബോർഡ്. ഇതിനായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ചെറുതും വലുതുമായ 97 നഴ്സറികളിലായി 3,26,00,000 റബ്ബർതൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിക്കഴിഞ്ഞു. റബ്ബർ കൃഷിചെയ്യുന്നതിനായി കർഷകർക്ക് ബോധവത്ക്കരണയോഗങ്ങൾ, വിവിധ പരിശീലനപരിപാടികൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിവ ഊർജിതമായി നടത്താനായി റബ്ബർ ബോർഡിന്റെ എക്സ്റ്റൻഷൻ വിഭാഗവും അനുബന്ധ വിഭാഗങ്ങളിലെ ജീവനക്കാരും യുദ്ധകാലാടിസ്ഥാനത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. റബ്ബർകൃഷിവികസനം വഴി സമൂഹത്തിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങളുടെ പ്രതീക്ഷയിലാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കർഷകരും സർക്കാരുകളും. ഭക്ഷണം അടക്കമുള്ള പ്രാഥമികാവശ്യങ്ങൾക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗത്തിന് റബ്ബർകൃഷി തീർച്ചയായും വലിയൊരു അനുഗ്രഹം തന്നെയാണ്. •





ചന്ദ്രലേഖ കെ.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# റെയിൻഗാർഡിങ്

വെരുകുന്ന ജനസംഖ്യക്കനുസൃതമായി ഭക്ഷ്യോത്പാദനവും വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും വർധിപ്പിക്കേണ്ടത് രാജ്യത്തിന്റെ വികസനത്തിനും സുസ്ഥിരതയ്ക്കും അത്യന്താപേക്ഷിതമാണ്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ കൃഷിക്കും വലിയ പങ്കുണ്ട്. കൃഷിയാകട്ടെ പ്രധാനമായും മഴയെ ആശ്രയിച്ചാണിരിക്കുന്നത്. കൃഷി മോശമായാൽ കർഷകരുടെ ഉപജീവനത്തെ ബാധിക്കും. തന്മൂലം ഇന്ത്യയിലെ കൃഷിയെ 'മൺസൂണിന്റെ ചൂതാട്ട'മെന്ന് വിശേഷിപ്പിക്കാറുണ്ട്. കേരളത്തിലെ മഴക്കാലം പ്രധാനമായും തെക്കുപടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി), വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം) എന്നിവയാണ്. എന്നാൽ, കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി പ്രവചനാതീതമായ കാലാവസ്ഥയാണ് കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. ന്യൂനമർദം, ചക്രവാതച്ചുഴി, വരൾച്ച എന്നിങ്ങനെ പലവിധ കാലാവസ്ഥാപ്രാതികൂല്യങ്ങൾ കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്.

റബ്ബറിന്റെ വളർച്ചയിലും വിളവെടുപ്പിലും വലിയ സ്വാധീനമാണ് മഴയ്ക്കുള്ളത്. തുടർച്ചയായ മഴയിൽ കഴിഞ്ഞ വർഷം വളരെയധികം ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെടാൻ ഇടയായി. അതിനാൽ റബ്ബർമരങ്ങൾ ശരിയായ രീതിയിൽ ടാപ്പുചെയ്ത് ആദായകരമായ ഉത്പാദനം കൈവരിക്കാൻ പലർക്കും സാധിച്ചിട്ടില്ല. ഇവിടെയാണ് റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്ത് ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെടാതെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കേണ്ടതിന്റെ പ്രസക്തി തിരിച്ചറിയേണ്ടത്. റെയിൻഗാർഡിങ്ങിന് വളരെ ചെലവേറുമെന്നതാണ് നമ്മുടെ കർഷകർ ഉന്നയിക്കുന്ന പ്രധാന പ്രശ്നം. എന്നാൽ, മഴമൂലം നഷ്ടമാകുന്ന വരുമാനവുമായി തട്ടിച്ചുനോക്കുമ്പോൾ റെയിൻഗാർഡിങ്ങിന് വേണ്ടി വരുന്ന ചെലവ് വളരെ തുച്ഛമാണെന്ന് കാണാം. റെയിൻഗാർഡ് ചെയ്യാത്ത തോട്ടങ്ങളിൽ പ്രതിവർഷം ഹെക്ടർപ്രതി 500 കിലോഗ്രാം വരെ ഉത്പാദനനഷ്ടം ഉണ്ടാകുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. 2023-ൽ ഉണ്ടായ പ്രവചനാതീതമായ



കാലാവസ്ഥാവ്യതിയാനം മൂലം ഹെക്ടർ പ്രതി എണ്ണൂറോ അതിലധികമോ കിലോഗ്രാം ഉത്പാദനവും 30-40 ടാപ്പിങ് ദിനങ്ങളും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിനാൽ, മുൻവർഷങ്ങളിൽ റെയിൻഗാർഡിങ് നടത്താത്തതിനാൽ വിളനഷ്ടം ഉണ്ടായിട്ടുള്ള കർഷകരും ഈ വർഷം മഴക്കാലത്തിനുമുമ്പായി മരങ്ങൾ റെയിൻഗാർഡ് ചെയ്യുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നത് നന്നായിരിക്കും.

### റെയിൻഗാർഡിങ്

റബ്ബർമരത്തിന്റെ വെട്ടുപട്ടയിൽ മഴവെള്ളം വീഴാതിരിക്കാൻ തായ്ത്തടിയിൽ വെട്ടുചാലിനു മുകളിലായി പിടിപ്പിക്കുന്ന താൽക്കാലിക കവചം ആണ് റെയിൻഗാർഡ്. ഏപ്രിൽ-മെയ് മാസങ്ങളിൽ കാലവർഷത്തിന് തൊട്ടുമുമ്പ് റെയിൻഗാർഡിങ് പൂർത്തിയാക്കണം. പോളിത്തീൻ പാവാട, ടാപ്പിങ് ഷേഡ്, ഗാർഡിയൻ റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ് എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് റെയിൻഗാർഡിങ് നടത്താം. കൂടാതെ പശ, സ്റ്റേപ്ലർ, സ്റ്റേപ്ലർ പിൻ, പ്ലാസ്റ്റിക് നാട എന്നിവയും ആവശ്യമാണ്. മഴക്കാലം തുടങ്ങുന്നതിനു മുമ്പുതന്നെ മരങ്ങൾ റെയിൻഗാർഡ് ചെയ്യേണ്ടതുണ്ട്. നനവുള്ള മരങ്ങളിൽ പശ നന്നായി പിടിക്കാത്തതിനാൽ വേണ്ടത്ര ഫലം ലഭിക്കില്ല. റെയിൻഗാർഡിങ്ങിന് ഉപയോഗിക്കുന്ന പശയുടെ ഗുണമേന്മ ഉറപ്പുവരുത്താൻ ഏകദേശം 10 മരങ്ങളിൽ വെട്ടുചാലിന് 10 സെന്റീമീറ്റർ മുകളിലായി 5 സെന്റീമീറ്റർ വീതിയിലും 2 മില്ലീമീറ്റർ കനത്തിലും ഒരു ബാൻഡ്പോലെ പശ തേച്ചുപിടിപ്പിക്കുക. ഒരാഴ്ചയ്ക്കകം പട്ടയിൽനിന്ന് പാൽ പുറത്തേയ്ക്ക് പൊട്ടിയൊലിക്കാതിരിക്കുകയും തൊലിപ്പുറത്തും പട്ടയിലും മറ്റ് കേടുപാടുകൾ കാണാതിരിക്കുകയും ചെയ്താൽ പശ സുരക്ഷിതമായി ഉപയോഗിക്കാവുന്നതാണ്. പശ തീയിൽ വെച്ച് ചൂടാക്കാൻ പാടില്ല. ചൂടാക്കിയാൽ പശയുടെ ഗുണമേന്മ കുറയും. മാത്രമല്ല, പശയിലുള്ള ചില രാസവസ്തുക്കൾ നഷ്ടപ്പെട്ട് കൂടുതൽ ദൃഢമായിത്തീർന്ന് വിള്ളലുകൾ ഉണ്ടാകുകയും റെയിൻഗാർഡ് ചെയ്ത് കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ ചോർച്ചയുണ്ടാകുകയും ചെയ്യും. അതിനാൽ, ആവശ്യമെങ്കിൽ മാത്രം പശയടങ്ങിയ ടിൻ വെയിലത്ത് വെച്ച് അൽപം അയവുള്ളതാക്കാം. മണ്ണെണ്ണ ചേർത്ത് പശ നേർപ്പിക്കുന്നതും മരത്തിന് ദോഷം ചെയ്യും.

കാറ്റ് കൂടുതലുള്ള പ്രദേശങ്ങൾ, ശക്തമായ മഴയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലെ തോട്ടങ്ങളിലും മിനുസമല്ലാത്ത പട്ടയുള്ള മരങ്ങളിലും പോളിത്തീൻ ഷീറ്റുപയോഗിച്ചുള്ള റെയിൻഗാർഡാണ് നല്ലത്. എൽ.ഡി.പി.ഇ. പോളിത്തീൻ ഷീറ്റുകൊണ്ടുള്ള പാവാട റെയിൻഗാർഡാണ് സാധാരണമായി ഉപയോഗിക്കുന്നത്. ഇതിന് താരതമ്യേന ചെലവ് കുറവാണെങ്കിലും ഒരു വർഷത്തിലധികം നിലനിൽക്കാറില്ല. ടാപ്പിങ്തൊഴിലാളികൾക്ക് ടാപ്പുചെയ്യാൻ സൗകര്യം, വേഗത്തിൽ പട്ടയുണങ്ങൽ, പട്ടചീയലിനുള്ള സാധ്യതക്കുറവ് എന്നിവയാണ് ടാപ്പിങ് ഷേഡുപയോഗിച്ച് റെയിൻഗാർഡ് ചെയ്യുന്നതിന്റെ ഗുണങ്ങൾ. ചെലവേറുമെങ്കിലും കേടുകൂടാതെ സൂക്ഷിച്ചാൽ ടാപ്പിങ് ഷേഡ് രണ്ടുമൂന്ന് വർഷം കൂടി തുടർന്നുപയോഗിക്കാം.

പോളിത്തീൻ റെയിൻഗാർഡ് ചെയ്യുന്നതിന് മരം ഒന്നിന് ഏകദേശം 30–35 രൂപ ചെലവാകുമ്പോൾ ഷേഡ് ഉപയോഗിച്ചാൽ ചെലവ് മരം ഒന്നിന് 45–50 രൂപയായിരിക്കും. എൽ.ഡി.പി.ഐ. പോളിത്തീൻ ഉപയോഗിച്ച് 100 മരങ്ങൾ റെയിൻഗാർഡ് ചെയ്യാൻ ആവശ്യമായ വസ്തുക്കൾ താഴെ കൊടുക്കുന്നു.

- പശ – 10–12 കിലോഗ്രാം
- 300 ഗേജ് പോളിത്തീൻ
  (45 സെ.മീ. വീതിയുള്ളത്)
  – ഏകദേശം 4.25 കിലോഗ്രാം
- 400 ഗേജ് പ്ലാസ്റ്റിക് റിബ്ബൺ (നാട)–
  200 – 300 ഗ്രാം
- സ്റ്റേപ്ലർ – 1 എണ്ണം
- സ്റ്റേപ്ലർ പിൻ – 700–800 എണ്ണം

(ചെറിയ മരങ്ങൾക്ക് പത്താം നമ്പർ പിന്നും പ്രായം കൂടിയ മരങ്ങൾക്ക് 24/6 നമ്പർ പിന്നുമാണ് ഉപയോഗിക്കേണ്ടത്.)

### പാവാട റെയിൻഗാർഡ്

300 ഗേജ് കനവും 45 സെന്റീമീറ്റർ വീതിയുമുള്ള പോളിത്തീൻ ഷീറ്റ് ഒരു തയ്യൽമെഷീന്റെ സഹായത്തോടെ തുല്യ അകലത്തിലുള്ള ചെറിയ ഞൊറികളിട്ട് തയ്ക്കുക. പ്ലാസ്റ്റിക്കിന്റെ അരികിൽ നിന്ന് ഒരു സെ.മീ. മാത്രം ഉള്ളിലേക്ക് മാറ്റി തൈയ്ക്കാൻ ശ്രദ്ധിക്കുക. ഒരു മീറ്റർ പോളിത്തീൻ ഞൊറിയിട്ടുകഴിയുമ്പോൾ 60 സെ.മീ. ആയി ചുരുങ്ങണം. പോളിത്തീൻ ഷീറ്റ് ഞൊറിയിട്ട് തയ്ച്ച് റോളുകളായി ചുരുട്ടിവെച്ചശേഷം ഓരോ മരത്തിനും ആവശ്യമായ നീളത്തിൽ മുറിച്ചെടുത്താൽ മതി. മുൻകൂട്ടി ഞൊറിയിട്ട് തയ്ച്ചുവെച്ചാൽ വേഗം റെയിൻഗാർഡിങ് ജോലി പൂർത്തിയാക്കാം. വെട്ടുചാലിൽ നിന്ന് പത്ത് സെ.മീ. മുകളിലായി അതിന് സമാന്തരമായി ഏകദേശം അഞ്ച് സെ.മീ. വീതിയിൽ പാൽ പൊടിയാത്ത വിധം മൊരിചുരണ്ടി മിനുസമാക്കുക. അതിനുശേഷം ഈ ഭാഗത്തെ പൊടി തുടച്ചുനീക്കിയാൽ പശ ഒട്ടിപ്പിടിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാനാകും. മുൻകാനയ്ക്കും പിൻകാനയ്ക്കും ഇരുവശങ്ങളിലേക്ക് 15 സെ.മീ. വീതം കടത്തിവേണം മൊരി ചുരണ്ടാൻ. മൊരി ചുരണ്ടിയ ഭാഗത്ത് 4–5 സെ.മീ. വീതിയിൽ കനം കുറച്ച് പശ തേച്ചുപിടിപ്പിക്കണം. പശപുരട്ടിയ ഭാഗത്ത് താഴത്തെ പകുതിയിൽ ഞൊറിയിട്ട് തയ്യാറാക്കിയ പോളിത്തീൻ ഷീറ്റ് വെച്ച് സ്റ്റേപ്ലർപിൻ അടിച്ചുറപ്പിക്കുക. ഇതിനു മുകളി



ലായി പ്ലാസ്റ്റിക് നാടയുടെ പകുതിഭാഗം ഞൊറിയിട്ട പോളിത്തീൻഷീറ്റിന്റെ ഉപരിതലത്തിലും ബാക്കി പകുതി പശപുരട്ടിയ മുകൾഭാഗത്തും വരത്തക്കവിധം വച്ച ശേഷം പിൻകാന ഭാഗത്ത് സ്റ്റേപ്ലർ പിന്നടിച്ച് മുൻകാന ഭാഗത്തേക്ക് നാട വലിച്ചുമുറുക്കി മുൻകാന ഭാഗത്തും ഇടഭാഗങ്ങളിലും സ്റ്റേപ്ലർ പിന്നുപയോഗിച്ച് ഉറപ്പിക്കുക. ഒരു മരത്തിന് ഏകദേശം 6-8 പിന്നുകൾ ആവശ്യമാണ്. അതിനുശേഷം റെയിൻഗാർഡ് ഒട്ടിച്ച ഭാഗത്തും അതിന് മുകൾ ഭാഗങ്ങളിലും വീണ്ടും നല്ലപോലെ പശ തേച്ചു പിടിപ്പിച്ച് റെയിൻഗാർഡിങ് പൂർത്തിയാക്കുക. ആദ്യത്തെ മഴ കഴിയുമ്പോൾ റെയിൻഗാർഡിന് ചോർച്ചയുണ്ടെങ്കിൽ ആ ഭാഗത്ത് വീണ്ടും പശ തേച്ച് ചോർച്ച തടയണം. ടാപ്പു ചെയ്യുമ്പോൾ പോളിത്തീൻ ഷീറ്റ് പൊക്കി ടാപ്പുചെയ്ത ശേഷം വീണ്ടും പോളിത്തീൻ ഷീറ്റ് താഴ്ത്തി ടാപ്പിങ് പാനൽ മൂടുക. ഗാർഡിയൻ റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ് എന്നിവ പോളിത്തീൻ ഷീറ്റ് ഒട്ടിക്കുന്ന രീതിയിൽ തന്നെ മരത്തിൽ പിടിപ്പിക്കാവുന്നതാണ്. വീതികൂടിയ ഭാഗം ചിരട്ടയുടെ മുകളിൽ വരത്തക്കരീതിയിൽ വേണം ഒട്ടിക്കാൻ.

### ടാപ്പിങ് ഷേഡ്

പിൻകാനയിൽ നിന്ന് 15 സെ.മീ. ഉയരത്തിൽ ഷേഡിന്റെ ഹുഡ് ചിരട്ടയുടെ മുകളിൽ വരത്തക്കവിധമാണ് ടാപ്പിങ് ഷേഡ് മരത്തിൽ പിടിപ്പിക്കേണ്ടത്. ടാപ്പിങ് ഷേഡ് പശ ഉപയോഗിച്ച് ഒട്ടിക്കാതെ മൂന്നോ നാലോ സ്റ്റേപ്ലർപിൻ മാത്രം അടിച്ച് മരത്തിൽ ഉറപ്പിച്ചാൽ മഴക്കാലം കഴിയുമ്പോൾ അവ കേടുകൂടാതെ ഇളക്കിയെടുത്ത് സൂക്ഷിക്കാൻ എളുപ്പമായിരിക്കും. ഷേഡ് ഉറപ്പിച്ചതിനുമുകളിലായി 12 സെ.മീ വീതിയിൽ മുറിച്ചെടുത്ത പോളിത്തീൻ ഷീറ്റ് ഒരു തൊപ്പി പോലെ ഒട്ടിച്ചു പിടിപ്പിക്കേണ്ടിവരും. വീതികുറഞ്ഞ ഈ പോളിത്തീൻ ഷീറ്റ് പാവാട റെയിൻഗാർഡ് പിടിപ്പിക്കുന്നതുപോലെതന്നെ മരത്തിൽ ഒട്ടിക്കാം. ടാപ്പിങ്ഷേഡ് ഉപയോഗിക്കുമ്പോൾ വെട്ടുപട്ടയിൽ കാറ്റും വെളിച്ചവും ഏൽക്കുമെന്നതിനാൽ പട്ടചീയൽ ഉണ്ടാകാനുള്ള സാധ്യത കുറവായിരിക്കും.

### കിസാൻ റെയിൻഗാർഡ്

ഈ റെയിൻഗാർഡിന്റെ വെട്ടുപട്ടയുടെ ഭാഗത്ത് ശരാശരി 20 സെ.മീ. വീതിയും ചിരട്ട വെയ്ക്കുന്ന ഭാഗത്ത് 40 സെ.മീ. വീതിയുമുള്ളതിനാൽ കാറ്റോടുകൂടി മഴപെയ്താലും വെട്ടുപട്ട നനയാറില്ല. നല്ല വായുസഞ്ചാരവും പട്ടയിൽ ലഭിക്കുന്നു. നിർമാണസമയത്തുതന്നെ ഞൊറിയിടുന്നതിനാൽ ഇവ മരത്തിലേക്ക് നേരിട്ട് പിടിപ്പിക്കാം. 80, 90, 105 സെ.മീ. അളവുകളിലാണ് സാധാരണമായി ഇവ കമ്പോളത്തിൽ ലഭിക്കുന്നത്. 250 ഗേജുള്ള എച്ച്.എം.എച്ച്.ഡി.പി.ഇ. അസ്സൽ പോളിത്തീൻ ഉപയോഗിച്ച് നിർമിക്കുന്ന ഇവ പോളിത്തീൻ പാവാട പിടിപ്പിക്കുന്നതുപോലെ തന്നെ മരത്തിൽ പിടിപ്പിക്കാവുന്നതാണ്.

ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങൾ ആകുമ്പോഴേക്കും റെയിൻഗാർഡിന് ചോർച്ച കണ്ടാൽ അത് ഒഴിവാക്കുന്നതിനായി ഒരു ചെറിയ റെയിൻഗാർഡ് (മിനി റെയിൻഗാർഡ്) തൻവർഷത്തെ റെയിൻഗാർഡിന് മുകളിലായി പിടിപ്പിച്ചാൽ മതി. ഇതിനായി 7.5 സെ.മീ. വീതിയുള്ള പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് സാധാരണ റെയിൻഗാർഡ് ചെയ്യുന്നതുപോലെ പിടിപ്പിച്ചാൽ മതിയാകും.

മഴക്കാലത്തിനുശേഷം റെയിൻഗാർഡ് മാറ്റുമ്പോൾ അവ ഉറപ്പിക്കാനുപയോഗിച്ച പശ, പിൻ എന്നിവ ഇളക്കി മാറ്റേണ്ടതില്ല. അവ പിന്നീട് തനിയെ ദ്രവിച്ചുപോകുന്നതാണ്. മഴക്കാലത്തിനുശേഷം റെയിൻഗാർഡ് പൊളിച്ചുമാറ്റി പശ ചുരണ്ടി ചിലർ ആ ഭാഗത്ത് ബോർഡോ ക്കുഴമ്പ് പുരട്ടാറുണ്ട്. അങ്ങനെ ചെയ്യേണ്ട കാര്യമില്ല. പാവാട റെയിൻഗാർഡ് ആണെങ്കിൽ മഴക്കാലം കഴിയുമ്പോൾ മരത്തോട് ചേർന്ന് അഞ്ചു സെ.മീ. വീതിയിൽ പോളിത്തീൻ നിലനിർത്തി ബാക്കി മുറിച്ചെടുത്താൽ മതി. ഇതിനു താഴെയായി അടുത്തവർഷം പിടിപ്പിക്കുന്ന റെയിൻഗാർഡിന്റെ ചോർച്ച നന്നേ കുറയ്ക്കാൻ ഇത് സഹായിക്കും. എന്നാൽ, ഒന്നിൽ കൂടുതൽ വർഷങ്ങളിലെ റെയിൻഗാർഡിന്റെ ഭാഗങ്ങൾ നിലനിർത്തുന്നത് ആശാസ്യമല്ല. റെയിൻഗാർഡ് ഉയർത്തിവച്ച് ടാപ്പു ചെയ്യുന്നതിനും മറ്റും അത് അസൗകര്യം ഉണ്ടാക്കും.

മഴക്കാലത്ത് വെട്ടുപട്ടയിൽ റബ്ബർപാൽ ഉറഞ്ഞുപോകാൻ സാധ്യതയുണ്ട്. ചോർച്ചമൂലം പട്ടയിലുണ്ടാകുന്ന നനവ്, പല കാരണങ്ങളാൽ ടാപ്പിങ് മുടങ്ങുന്നതുമൂലം ഉണക്കറബ്ബറിന്റെ അളവ് കൂടുന്നത്, ടാപ്പിങ്ങിന്റെ ആഴക്കുറവ്, വെട്ടുചാലിലും പട്ടയിലുമുള്ള കുമിൾബാധ എന്നിങ്ങനെ പല കാരണങ്ങളാൽ വെട്ടുപട്ടയിലെ പാൽ ഉറഞ്ഞുപോകാം. ഇതിനെല്ലാം ശരിയായ പ്രതിവിധി ചെയ്യേണ്ടതുണ്ട്. മരത്തിൽ ഏതിനം റെയിൻഗാർഡ് പിടിപ്പിച്ചാലും മഴക്കാലത്ത് ടാപ്പുചെയ്യുമ്പോൾ കുമിൾ രോഗമായ പട്ടചീയൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതിനായി മാങ്കോസെബ് 0.375 ശതമാനം (ഇൻഡോഫിൽ എം. 45 അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയത്) ഉപയോഗിച്ച് പത്ത് ദിവസത്തിലൊരിക്കൽ വെട്ടുപട്ട ഉരച്ച് കഴുകണം. ചകിരി ചതച്ചുണ്ടാക്കിയ ഒരു ബ്രഷ് ഉപയോഗിച്ച് ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ വേണം മരുന്ന് പുരട്ടാൻ. രോഗം ബാധിച്ച മരങ്ങളിൽ മാത്രം വള്ളിപ്പാൽ നീക്കിയതിനുശേഷം മരുന്ന് പുരട്ടേണ്ടതാണ്. മഴക്കാലം കഴിയുന്നതുവരെ മരുന്ന് പുരട്ടുന്നത് ആവർത്തിക്കണം. ഒരു ലിറ്റർ ലായനി കൊണ്ട് ഏകദേശം 100 മരത്തിന്റെ പട്ട കഴുകാം. റെയിൻഗാർഡ് ചെയ്താൽ റബ്ബർമരങ്ങളുടെ പട്ട മരച്ചുപോകുമെന്നത് തെറ്റായ ധാരണയാണ്. മഴക്കാലത്ത് പട്ടചീയൽ മൂലം വെട്ടുപട്ട നശിക്കുന്നത് പട്ടമരപ്പായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്.

## ഡോ. സിജു റ്റി. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി ചുമതലയേറ്റു



റബ്ബർബോർഡിൽ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി ഡോ. സിജു റ്റി. ചാർജെടുത്തു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഇക്കണോമിക്സ് റിസേർച്ച് വിഭാഗത്തിൽ ശാസ്ത്രജ്ഞനായി 2010 മുതൽ പ്രവർത്തിച്ചു വരികയായിരുന്നു. ഡോ. സിജു തമിഴ്നാട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് കൃഷിശാസ്ത്രത്തിൽ ബിരുദാനന്തരബിരുദമെടുത്ത ശേഷം ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്കൂൾ ഓഫ് അഗ്രിക്കൾച്ചർ ആന്റ് ആനിമൽ സയൻസിൽ നിന്ന് ഡോക്ടറേറ്റ് നേടി. കേരളത്തിൽ റബ്ബർടാപ്പർമാർക്കുള്ള ക്ഷാമം എന്നതായിരുന്നു ഗവേഷണവിഷയം. ഇന്ത്യയിലെ റബ്ബർകൃഷി വ്യാപിപ്പിക്കാനും ഉത്പാദനം മെച്ചപ്പെടുത്താനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ തലവനായിട്ടായിരിക്കും ഡോ. സിജു പ്രവർത്തിക്കുക.

ഡോ. സിജു, കൊല്ലം, മീനാട് മുലയിൽകുന്നത്ത് കുടുംബാംഗമാണ്. ഭാര്യ ഡോ. ശ്രീപാർവതി വി. ഹോമിയോപ്പതിക് ഫിസിഷ്യനാണ്. •

റെയിൻഗാർഡിങ് സംബന്ധിച്ച ചില തെറ്റിദ്ധാരണകളും അവയുടെ ശാസ്ത്രീയവശങ്ങളും ചുവടെ ചേർക്കുന്നു.

| തെറ്റിദ്ധാരണകൾ | ശാസ്ത്രീയവശങ്ങൾ |
|---|---|
| ടാപ്പിങ് ആരംഭിക്കുന്ന വർഷത്തിൽ റെയിൻഗാർഡിങ് ദോഷകരമാണ് | റബ്ബറിന്റെ പ്രായം, ടാപ്പുചെയ്യുന്ന വർഷം തുടങ്ങിയവയുമായി റെയിൻഗാർഡിങ്ങിന് ബന്ധമില്ല. |
| റെയിൻഗാർഡിങ് വളരെ നഷ്ടമാണ് | ഉത്പാദനം കൂടുതലുള്ള ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ടാപ്പിങ് സാധ്യമാകുകയും പ്രതിവർഷം കൂടുതൽ ടാപ്പിങ്ദിനങ്ങൾ ലഭ്യമാകുകയും അതുവഴി ഉത്പാദനവും ഉത്പാദനക്ഷമതയും വർധിക്കുകയും ചെയ്യുന്നു. |
| റെയിൻഗാർഡിങ് പട്ടമരപ്പുണ്ടാക്കുന്നു | മഴക്കാലത്ത് പട്ടചീയൽമൂലം വെട്ടുപട്ട നശിക്കുന്നത് പട്ടമരപ്പായി തെറ്റിദ്ധരിക്കപ്പെടുന്നു. |
| മഴക്കാലത്തും അതിരാവിലെ ടാപ്പുചെയ്യണം | നല്ല തണുപ്പുള്ള അന്തരീക്ഷമായതിനാൽ കുറച്ച് താമസിച്ച് ടാപ്പിങ് ആരംഭിച്ചാലും കാര്യമായ ഉത്പാദനക്കുറവ് ഉണ്ടാകുന്നില്ല. |
| റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്താൽ വേനൽ കാലത്ത് തീരെ ഉത്പാദനം ലഭിക്കില്ല | കാര്യമായ ഉത്പാദനക്കുറവ് ഉണ്ടാകുന്നില്ല. |
| മഴക്കാലത്തിനുശേഷം റെയിൻഗാർഡ് പൊളിച്ചുമാറ്റി പശയും പിന്നും ഇളക്കിമാറ്റി ബോർഡോക്കുഴമ്പ് പുരട്ടണം | അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. അത് അനാവശ്യ ച്ചെലവാണ്. പോളിത്തീൻ പറിച്ചെടുക്കുന്നതിന് പകരം 5-7 സെന്റിമീറ്റർ വീതിയിൽ നിലനിർത്തി ബാക്കി മുറിച്ചു മാറ്റാവുന്നതാണ്. |

റെയിൻഗാർഡ് ചെയ്ത മരങ്ങളിൽ റബ്ബർബോർഡിന്റെ ശുപാർശപ്രകാരമുള്ള അളവിൽ ഉത്തേജകഔഷധം (എത്തഫോൺ) പുരട്ടാം. വെട്ടുപട്ടയിൽ നനവില്ലാത്തപ്പോൾ വേണം ഉത്തേജകഔഷധം പ്രയോഗിക്കാൻ. റബ്ബറിന് വിലയുള്ളപ്പോൾ റെയിൻഗാർഡ് ചെയ്യുകയും വില കുറയുമ്പോൾ റെയിൻഗാർഡ് ചെയ്യാതിരിക്കുകയുമാണ് പല കർഷകരുടെയും രീതി. എന്നാൽ, റെയിൻഗാർഡ് ചെയ്ത് ശരിയായ ഇടവേള നൽകി ടാപ്പുചെയ്യുക എന്നതാണ് തോട്ടത്തിന്റെ ആയുസ്സും ഉത്പാദനക്ഷമതയും കൂട്ടാനുള്ള പല മാർഗങ്ങളിൽ ഒന്ന്.

പല സ്ഥലങ്ങളിലും റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും കൂട്ടുടമസ്ഥതയിലുള്ള കമ്പനികൾ, റബ്ബറുത്പാദകസംഘങ്ങളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങൾ, ലേബർബാങ്കുകൾ തുടങ്ങിയവ കർഷകരുടെ തോട്ടങ്ങളിൽ ഉത്തരവാദിത്വത്തോടെ റെയിൻഗാർഡ് ചെയ്തു കൊടുക്കുന്നുണ്ട്. സംഘങ്ങളുടെ നേതൃത്വത്തിൽ ഇതിനുള്ള സൗകര്യങ്ങളില്ലെങ്കിൽ കർഷകരുടെ ചെറിയ കൂട്ടായ്മകളുണ്ടാക്കാനും അതിലെ അംഗങ്ങൾക്ക് ഇത്തരം ജോലികളിൽ പരിശീലനം നൽകാനും ശ്രമിക്കേണ്ടതാണ്. അങ്ങനെ ചെയ്താൽ റെയിൻഗാർഡിങ് പോലുള്ള ജോലികൾ കുറഞ്ഞ ചെലവിൽ കൃത്യസമയത്ത് നടപ്പാക്കാൻ സാധിക്കും. റെയിൻഗാർഡിങ്ങിലേർപ്പെടുന്നവർക്ക് ആവശ്യമായ പ്രായോഗിക പരിശീലനം റബ്ബർബോർഡ് നൽകിവരുന്നുണ്ട്.

കർഷകന് കൂടുതൽ ഉത്പാദനം ലഭിക്കുന്നതിനൊപ്പം ടാപ്പിങ്തൊഴിലാളികൾക്ക് വർഷം മുഴുവനും തൊഴിൽ ലഭ്യമാക്കുന്നതിനും അവരെ ആ മേഖലയിൽ നിലനിർത്തുന്നതിനും റെയിൻഗാർഡിങ് സഹായിക്കുന്നു. •





സ്വാതി എസ്.ജെ.
ജൂനിയർ റിസേർച്ച് ഫെല്ലോ
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



ഡോ. ബിന്ദു റോയ് സി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## ഇൻഡോ-ഫ്രഞ്ച് പ്രോജക്ട്:

# ബയോഇൻഫോർമാറ്റിക്സിൽ പരിശീലനം

ഇൻഡോ-ഫ്രഞ്ച് സെന്റർ ഫോർ ദി പ്രമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ചിന്റെ ധനസഹായത്തോടെ 'ഒമിക്സ് അപ്രോച്ചസ് റ്റു ഡെസിഫർ പ്ലാന്റ് മെറ്റബോളിസം ആന്റ് എവല്യൂഷനറി ഹിസ്റ്ററി' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വച്ച് നടന്ന ത്രിദിന പരിശീലനപരിപാടി റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ (റിസേർച്ച്) ഇൻ ചാർജ് ഡോ. ജെസ്സി എം.ഡി. സ്വാഗതവും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഷാജി ഫിലിപ്പ് നന്ദിയും പറഞ്ഞു. ഡോ. ബിന്ദു റോയ് സി. (പ്രിൻസിപ്പൽ സയന്റിസ്റ്റ്) പ്രോജക്ടിനെക്കുറിച്ച് വിശദീകരിച്ചു. പ്രോജക്ടിന്റെ ഭാഗമായി ഇൻഡോ-ഫ്രഞ്ച് സെന്ററിനെ പ്രതിനിധാനം ചെയ്ത് എത്തിയ ഡോ. വലേരി ഹുജാഡെ റെനൗഡ്, ഡോ. ബെനഡിക്റ്റ് ഫാവ്റോ, ഡോ. ജീൻ ഫ്രാങ്കോയിസ് എന്നിവരാണ് പരിശീലനപരിപാടിക്ക് നേതൃത്വം വഹിച്ചത്.

കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ബിരുദാനന്തരബിരുദ വിദ്യാർത്ഥികളും പി.എച്ച്.ഡി. വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയവരും അടങ്ങുന്ന 20 പേർക്കാണ് പരിശീലനം നൽകിയത്. ഒമിക്സ് അനാലിസിസിനായി ഉപയോഗിക്കുന്ന വ്യത്യസ്ത പ്രോഗ്രാമുകളെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുകയും അതുപയോഗിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. ഉദാഹരണസഹിതം വിശദമാക്കപ്പെട്ട ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്രദമായി. സംശയനിവാരണവേളകൾ മികച്ചരീതിയിൽ വിനിയോഗിക്കാൻ സാധിച്ചതായി വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

റബ്ബറിൽ കണ്ടുവരുന്ന പ്രധാന കുമിൾരോഗങ്ങളിൽ ഒന്നായ *കൊറിനിസ്പോറ* ഇലകൊഴിച്ചിൽ രോഗത്തെക്കുറിച്ച് പഠിക്കുന്നതിനായി ഇൻഡോ-ഫ്രഞ്ച് സെന്റർ ഫോർ പ്രൊമോഷൻ ഓഫ് അഡ്വാൻസ്ഡ് റിസേർച്ചിന്റെ (ഐ.എഫ്.സി.പി.എ.ആർ.) കീഴിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും ഫ്രഞ്ച് അഗ്രിക്കൾച്ചറൽ റിസേർച്ച് സെന്റർ ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റും ചേർന്ന് നടത്തുന്നതാണ് ഈ പ്രോജക്ട്. മൂന്നുവർഷം നീണ്ടു നിൽക്കുന്ന ഈ പ്രോജക്ടിന് ഐ.എഫ്.സി.പി.



വിവരങ്ങൾ എഴുതപ്പെട്ടിരിക്കുന്ന ഒരു ന്യൂക്ലിക് അമ്ലമാണ് ഡി.എൻ.എ. ഓരോ സ്വഭാവങ്ങളെയും നിർണയിക്കുന്ന ഡി.എൻ.എ.-യുടെ പ്രധാന ശ്രേണികളെ ജീൻ എന്നു വിളിക്കുന്നു. ജീനിൽ നിന്നും 'ട്രാൻസ്ക്രിപ്ഷൻ' എന്ന പ്രക്രിയ വഴി ആർ.എൻ.എ. അഥവാ റൈബോ ന്യൂക്ലിക് അമ്ലങ്ങൾ ഉണ്ടാകുന്നു. പിന്നീട് ആർ.എൻ.എ.-യിൽ നിന്നും മാംസ്യങ്ങൾ അഥവാ പ്രോട്ടീനുകൾ ഉണ്ടാകുന്നു. കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, സൾഫർ, നൈട്രജൻ മുതലായ മൂലകങ്ങൾ കൊണ്ട് നിർമിതമായ പ്രോട്ടീനുകൾ എല്ലാ ജീവപ്രക്രിയകൾക്കും ആവശ്യമാണ്. പല മാംസ്യങ്ങളും എൻസൈമുകളാണ്. മാംസ്യങ്ങളുടെ സഹായത്താൽ നടക്കുന്ന രാസപ്രക്രിയയുടെ ഫലമായി 'മെറ്റാബൊ ലൈറ്റ്' ഉണ്ടാകുന്നു. ഇവയുടെയെല്ലാം ഒരുമിച്ചുള്ള പ്രവർത്തനം മൂലമാണ് ജീവപ്രക്രിയകൾ നടക്കുന്നത്.

എ.ആർ. -ൽ നിന്നും 1.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായാണ് ഇന്ത്യൻ വിദ്യാർത്ഥികൾക്കായി ഇങ്ങനെയൊരു പരിശീലനപരിപാടി സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി വരുംവർഷങ്ങളിലും ഇത്തരം പരിശീലനക്ലാസ്സുകൾ നടത്താനുദ്ദേശിക്കുന്നുണ്ട്.

ഏഷ്യൻ രാജ്യങ്ങളിലെ പ്രകൃതിദത്തറബ്ബറുത്പാദനത്തിന് ഭീഷണി ഉയർത്തുന്ന ഒന്നാണ് *കൊറിനിസ്പോറ കാസ്സിക്കോള (Corynespora cassiicola)* എന്ന കുമിൾ മൂലമുണ്ടാകുന്ന ഈ രോഗം. ഇവ ഉയർന്ന ഉത്പാദനം നൽകുന്ന ഇനങ്ങളിൽ വലിയതോതിൽ വിളനഷ്ടം ഉണ്ടാക്കുന്നുണ്ട്. ഇവയുടെ ജനിതകഘടന പൂർണ്ണമായി വിശകലനം ചെയ്ത് രോഗബാധയെ എങ്ങനെ പ്രതിരോധിക്കാൻ കഴിയുമെന്ന് കണ്ടെത്തുന്നതിനുള്ള പഠനങ്ങളായിരിക്കും ഇൻഡോ-ഫ്രഞ്ച് ഗവേഷണപദ്ധതിയുടെ ഭാഗമായി നടത്തുക.

എല്ലാ ജീവജാലങ്ങളുടെയും വളർച്ചയെയും ഘടനയെയും പ്രവർത്തനങ്ങളെയും നിർണയിക്കുന്ന ജനിതക

കുമിളുകൾ റബ്ബറിനെ ബാധിക്കുമ്പോൾ റബ്ബർമരങ്ങൾ നിർമിക്കുന്ന ആർ.എൻ.എ.-യും മാംസ്യങ്ങളും മെറ്റാബോലൈറ്റുകളും അവയെ ചെറുത്തുനിൽക്കുന്നു. റബ്ബറിന്റെ ചില ക്ലോണുകൾ *കൊറിനിസ്പോറ* രോഗത്തെ നന്നായി ചെറുത്തുനിൽകുമ്പോൾ മറ്റു ചില ക്ലോണുകൾ ഈ രോഗത്തിന് വേഗം കീഴടങ്ങുന്നു. ഇത്തരത്തിൽ ചെറുത്തുനിൽപ് നടക്കുമ്പോഴും രോഗത്തിന് അടിപ്പെടുമ്പോഴും ഉത്പാദിപ്പിക്കപ്പെടുന്ന ആർ.എൻ.എ.-യും മാംസ്യങ്ങളും മെറ്റാബോലൈറ്റുകളും കണ്ടുപിടിക്കുകയാണ് ഈ പഠനത്തിന്റെ പ്രാഥമിക ഉദ്ദേശം. പിന്നീട് 'മോളിക്യുലർ ബ്രീഡിങ്' വഴി അത്തരം ജീനുകളുടെ പ്രകടനം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്ത്, *കൊറിനിസ്പോറ* ഇലരോഗത്തിന് എതിരെ സമ്പൂർണ്ണ പ്രതിരോധശേഷിയുള്ള റബ്ബറിനങ്ങൾ വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. •

## റബ്ബർമാസികയ്ക്ക് കൂടുതൽ വരിക്കാരെ ചേർത്തതിനുള്ള ആദരം



*റബ്ബർമാസികയ്ക്ക് കൂടുതൽ വരിക്കാരെ ചേർത്തതിനുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ഫീൽഡ് ഓഫീസർ സുധ എം.എസ്.-ന് നൽകുന്നു*



റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# നിയന്ത്രിതകമിഴ്ത്തിവെട്ട് - പ്രായോഗികതയും പ്രയോജനവും

പരമ്പരാഗതമായി റബ്ബർതോട്ടങ്ങളിൽ അനുവർത്തിച്ചുവരുന്ന ടാപ്പിങ്‌സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായ ഒരു ടാപ്പിങ് രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് (Controlled Upward Tapping - CUT). വെട്ടുചാൽ പട്ടയുടെ താഴത്തോട്ട് വെട്ടിയിറങ്ങുന്ന സാധാരണ ടാപ്പിങ്‌രീതിയിൽനിന്നും വിപരീതമായി വെട്ടുചാൽ പട്ടയുടെ മുകൾ ഭാഗത്തേക്ക് നിയന്ത്രിതമായി വെട്ടിക്കയറുന്ന ഒരു രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. സാധാരണ നിലയിൽ ടാപ്പിങ് നടന്നുകൊണ്ടിരിക്കുന്ന തോട്ടങ്ങളിൽ വിവിധ കാരണങ്ങളാൽ വെട്ടുപട്ടയിൽ ഉത്പാദനം കുറയുകയോ വെട്ടുപട്ട ടാപ്പുചെയ്യാൻ പറ്റാത്തതോ ആകുന്ന സാഹചര്യങ്ങളിൽ അനുവർത്തിക്കാവുന്ന ഒരു ടാപ്പിങ്‌രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്.

നിയന്ത്രിതകമിഴ്ത്തിവെട്ട് അനിവാര്യമായി വരുന്ന പ്രധാന കാരണങ്ങളിൽ ഒന്ന് പുതുപ്പട്ടയിൽ ഉണ്ടാകുന്ന മുഴകൾ മൂലം വെട്ടുചാൽ പട്ടയുടെ താഴത്തോട്ട് വെട്ടിയിറക്കാൻ കഴിയാത്തതാണ്. ഒന്നാമത്തെ പാനലിലെ അസ്സൽ പട്ടയും ('എ' പാനൽ) രണ്ടാമത്തെ പാനലിലെ അസ്സൽപട്ടയും ('ബി' പാനൽ) ടാപ്പുചെയ്ത ശേഷം ഒന്നാമത്തെ പുതുപ്പട്ട ('സി' പാനൽ) ടാപ്പുചെയ്യുന്ന സമയത്താണ് ഈ സാഹചര്യം ഉണ്ടാകുന്നത്. ടാപ്പിങ്ങിലെ അപാകംമൂലം ഭവകലയിൽ (Cambium) ഉണ്ടാകുന്ന മുറിവുകളാണ് മുഴകൾക്ക് കാരണം. മരങ്ങളുടെ പ്രായം ഉൾപ്പെടെ ഏതു കാരണം കൊണ്ടും കീഴ്പ്പട്ട ഉപയോഗരഹിതമായി ഉത്പാദനം കുറയുന്ന സാഹചര്യങ്ങളിലും നിയന്ത്രിതകമിഴ്ത്തിവെട്ട് പ്രയോജനകരമാണ്. റബ്ബർതോട്ടങ്ങളിൽ ഉത്പാദനം കുറയുന്നതിന് മറ്റൊരുകാരണം സാധാരണമായി കീഴ്പ്പട്ടയിൽ ഉണ്ടാകുന്ന പട്ടമരപ്പാണ്. ഇങ്ങനെ പട്ടമരപ്പ് മൂലം ഉത്പാദനം നഷ്ടപ്പെട്ട മരങ്ങളുടെ മേൽപട്ടയിൽ സാധാരണമായി പട്ടമരപ്പ് കുറവായിരിക്കും. ആയതിനാൽ ആ ഭാഗത്തെ പട്ടയിൽ നിയന്ത്രിത കമിഴ്ത്തിവെട്ട് നടത്തി ആദായമെടുക്കാൻ കഴിയും.

നമ്മുടെ കാലാവസ്ഥയനുസരിച്ച് നിയന്ത്രിതകമിഴ്ത്തിവെട്ടും കീഴ്പ്പട്ടയിലെ ('സി' പാനൽ) ടാപ്പിങ്ങും ആറുമാസക്കാലം ഇടവിട്ട് മാറി മാറി ചെയ്താൽ മരങ്ങളുടെ ഉത്പാദനക്ഷമതയും ആരോഗ്യവും നിലനിർത്താൻ കഴിയുന്നതാണ്.

കീഴ്പ്പട്ട ഉപയോഗരഹിതമാകുമ്പോൾ സ്വീകരിക്കാവുന്ന ഒരു ടാപ്പിങ് സമ്പ്രദായം എന്നത് മാത്രമല്ല, ഏകദേശം 50 ശതമാനത്തോളം ഉത്പാദനവർധനയും മേൽപട്ടയിലെ നിയന്ത്രിതകമിഴ്ത്തിവെട്ടിലൂടെ സാധ്യമാകുന്നു. ആദ്യ പുതുപട്ടയായ 'സി' പാനലിൽ ടാപ്പിങ് തുടങ്ങുന്ന സമയത്താണ് നിയന്ത്രിതകമിഴ്ത്തിവെട്ട് പരിഗണിക്കപ്പെടേണ്ടത്. ടാപ്പിങ്ങിന്റെ സമയക്രമം അനുസരിച്ച് 'ബി' പാനലിലെ ടാപ്പിങ് പൂർത്തിയാക്കി 'സി' പാനലിൽ (ആദ്യ പുതുപട്ട) ടാപ്പിങ് തുടങ്ങുന്നത് ഏപ്രിൽ- മെയ് മാസങ്ങളിലാണ്. തുടർന്നുവരുന്ന ആദ്യത്തെ ആറ് മാസ



*സി.യു.റ്റി. ചെയ്യാനായി മാർക്കുചെയ്യുന്നു*

ങ്ങളിൽ തോട്ടത്തിൽ അനുവർത്തിച്ചുപോരുന്ന ടാപ്പിങ് സമ്പ്രദായം അനുസരിച്ച് കീഴ്പട്ടയിൽ ടാപ്പിങ് തുടരേണ്ടതാണ്. നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്താനായി മഴക്കാലത്ത് മേൽപട്ടയിൽ റെയിൻഗാർഡ് ഉപയോഗിക്കുന്നതിനുള്ള പ്രായോഗികബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് ആദ്യ ആറുമാസക്കാലം (മഴക്കാലം) 'സി' പാനലിലെ കീഴ്പ്പട്ടയിൽ ടാപ്പിങ് തുടരണം എന്നു പറയുന്നത്.

മഴക്കാലമായ ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ 'സി' പാനലിലെ കീഴ്പ്പട്ടയും തുടർന്ന് വരുന്ന വേനൽകാലമായ ആറുമാസം (ഡിസംബർ മുതൽ മെയ് വരെ) മേൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ടും നടത്താവുന്നതാണ്. എന്നിരുന്നാലും അതതുമേഖലകളിലെ ശരാശരി മഴയും മഴദിവസങ്ങളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തി കീഴ്പ്പട്ടയിലെയും മേൽപട്ടയിലെയും ടാപ്പിങ്ങിന്റെയും കാലയളവ് ക്രമീകരിക്കാവുന്നതാണ്.

അത്യുത്പാദനശേഷിയുള്ള ആർആർഐഐ 105 എന്ന ഇനത്തിൽ ഉൾപ്പെടെയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് സംബന്ധമായ ഗവേഷണങ്ങൾ നടത്തിയിട്ടുള്ളത്. 'എ' പാനലിൽ ടാപ്പിങ് തുടങ്ങിയ സമയത്തെ അപേക്ഷിച്ച് ടാപ്പിങ് 'സി' പാനലിൽ എത്തുമ്പോഴേക്കും മരങ്ങൾക്ക് വണ്ണം കൂടുതലായിരിക്കും. അത്യുത്പാദനശേഷിയുള്ള റബ്ബറിനങ്ങളുടെ കീഴ്പ്പട്ടയിൽ വിവിധ കാരണങ്ങളാൽ ടാപ്പിങ് സാധ്യമല്ലാതെ വരുന്ന സമയത്ത് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പകരം സി.യു.റ്റി. ചെയ്ത് ഉയർന്ന ഉത്പാദനം നേടാവുന്നതാണ്. കീഴ്പ്പട്ടയും മേൽപട്ടയും ആറുമാസം ഇടവിട്ട് ടാപ്പുചെയ്യുമ്പോഴും മേൽപട്ടയിൽ മാത്രം ടാപ്പുചെയ്യുമ്പോഴും ഓരോ പാനലിലും സാധ്യമായ ടാപ്പിങ് കാലയളവും ഉപയോഗിക്കപ്പെടുന്ന പട്ടയുടെ അളവും പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

റബ്ബർവില ഉയർന്നു നിൽക്കുന്ന സമയങ്ങളിൽ മേൽ വിവരിച്ച കാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ട് കിടക്കുന്ന മരങ്ങൾ ടാപ്പുചെയ്യാതിരുന്നാൽ കർഷകർക്ക് വലിയ നഷ്ടമുണ്ടാകുന്നു. ആയതിനാൽ ഈ സാഹചര്യത്തിൽ സി.യു.റ്റി. ചെയ്ത് ഉയർന്ന ഉത്പാദനം നേടുകയും തൻമൂലം വിപണിയിൽ റബ്ബറിന് ലഭിക്കുന്ന ഉയർന്ന വില പൂർണമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സി.യു.റ്റി. തുടങ്ങുന്നതിന് റബ്ബർകർഷകർ അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഇനി വിവരിക്കുന്നു.

നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യാനായി കീഴ്പ്പട്ടയിൽ ടാപ്പിങ് ആരംഭിച്ച 125 സെ.മീറ്റർ ഉയരത്തിൽ മുൻകാനയിൽ നിന്ന് വീണ്ടും മുകൾ ഭാഗത്തേക്ക് 80 സെ.മീറ്റർ നീളത്തിൽ മുൻകാന നീട്ടി വരയ്ക്കുക. പിൻകാനയും ഇതുപോലെ തന്നെ മുകൾ ഭാഗത്തേക്ക് നീട്ടി വരച്ചതിനുശേഷം മുൻകാനയുടെയും പിൻകാനയുടെയും ഇടയിൽ വരുന്ന ഇരുഭാഗങ്ങളും രണ്ട് തുല്യഭാഗങ്ങൾ (ലംബമായി) ആക്കി തിരിക്കുക. ഇങ്ങനെ ചെയ്തു കഴിയുമ്പോൾ മേൽപട്ടയിൽ നാല് തുല്യഭാഗങ്ങൾ ലഭിക്കുന്നു. ഇതിന് നാലിലൊന്ന് (1/4) മേൽപട്ട എന്ന് പറയുന്നു. നിയന്ത്രിതകമിഴ്ത്തിവെട്ടിൽ വെട്ടുചാലിന്റെ ചെരിവ് 45 ഡിഗ്രി ആയിരിക്കണം. 45 ഡിഗ്രി ചെരിവ് അടയാളപ്പെടുത്തുന്നതിനായി പ്രത്യേകം രൂപകൽപന ചെയ്തിരിക്കുന്ന ടെംപ്ലേറ്റ് മാർക്കറ്റിൽ ലഭ്യമാണ്. മേൽപട്ടയിൽ നിന്ന് ഒഴുകി വരുന്ന റബ്ബർപാൽ വെട്ടുചാലിലൂടെ തന്നെ ഒഴുകുന്നതിന് വേണ്ടിയാണ് 45 ഡിഗ്രി ചെരിവ് നിശ്ചയിച്ചിട്ടുള്ളത്. ബഡ്ഡുയൂണിയനിൽ നിന്നും 130 സെ.മീറ്റർ ഉയരത്തിലാണ് (അതായത് നേരത്തെ കീഴ്പ്പട്ടയിൽ ടാപ്പിങ് തുടങ്ങിയ സ്ഥലത്തുനിന്ന് 5 സെ.മീറ്റർ ഉയരത്തിൽ) ടെംപ്ലേറ്റ് ഉപയോഗിച്ച് 45 ഡിഗ്രി ചെരിവിൽ മാർക്കുചെയ്യേണ്ടത്.

നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുമ്പോൾ താങ്ങുപട്ട ലഭിക്കുന്നതിനുവേണ്ടിയാണ് മുൻപ് കീഴ്പ്പട്ടയിൽ ടാപ്പുചെയ്തു തുടങ്ങിയ സ്ഥലത്തുനിന്ന് 5 സെ.മീ. ഉയർത്തി മാർക്ക് ചെയ്യുന്നത്. താഴത്തെ പട്ട മാർക്കുചെയ്യുമ്പോൾ ടെംപ്ലേറ്റിന്റെ മുകൾ ഭാഗത്താണ് വെട്ടുചാൽ തുറക്കുന്നത്. എന്നാൽ സി.യു.റ്റി. ചെയ്യുമ്പോൾ ടെംപ്ലേറ്റിന്റെ താഴത്തെ ഭാഗത്താണ് വെട്ടുചാൽ തുറക്കേണ്ടത്. നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നത് മൂന്ന് ദിവസത്തിൽ ഒരിക്കൽ അല്ലെങ്കിൽ നാല് ദിവസത്തിൽ ഒരിക്കലാണെങ്കിലും നാലിലൊന്ന് പട്ടയിലാണ് ടാപ്പുചെയ്യേണ്ടത്. എന്നാൽ, ആഴ്ചയിൽ ഒരുദിവസം മാത്രമാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യാൻ താൽപര്യപ്പെടുന്നതെങ്കിൽ മേൽപട്ട നാലിലൊന്നിനു പകരം മൂന്നിലൊ

പട്ടിക - 1

| ഇടവേള | ഓരോ ടാപ്പിങ്ങിലും അരിയേണ്ട പട്ടയുടെ കനം(മി.മീ.) | ഓരോ പാനലിലും ടാപ്പുചെയ്യാവുന്ന വർഷങ്ങൾ | | മേൽപട്ടയിൽ തുടർച്ചയായി CUT ചെയ്യാൻ കഴിയുന്ന കാലയളവ് |
|---|---|---|---|---|
| | | മേൽപട്ടയും കീഴ്പ്പട്ടയും ആറ് മാസം വീതം ഇടവിട്ട് ടാപ്പുചെയ്യുമ്പോൾ | സി.യു.റ്റി. മാത്രം ചെയ്യുമ്പോൾ (മേൽപട്ട) | |
| 3 ദിവസത്തിൽ ഒരിക്കൽ (d3) | 1.75 | 4 | 2 | 8 വർഷം |
| 4 ദിവസത്തിൽ ഒരിക്കൽ (d4) | 2.00 | 5 | 2.5 | 10 വർഷം |
| ആഴ്ചയിൽ ഒരിക്കൽ (d7) | 2.50 | 7 | 3.5 | 10 വർഷവും 6 മാസവും |



ഗുജ്കത്തി ഉപയോഗിച്ച് ടാപ്പുചെയ്യുന്നു



നിയന്ത്രിതകമിഴ്ത്തിവെട്ട് രീതിയിൽ ടാപ്പുചെയ്യുന്ന മരങ്ങൾ

ന്നായി തിരിക്കേണ്ടതാണ് (1/3). ഇതിനുവേണ്ടി മരത്തിന്റെ ചുറ്റുവണ്ണം അളന്നശേഷം മേൽപോട്ട് നീട്ടിവരച്ച മുൻകാനയെ അടിസ്ഥാനമാക്കി മൂന്ന് തുല്യഭാഗങ്ങളായി തിരിച്ചാൽ മതി. മൂന്നിലൊന്ന് പട്ടയാണ് എടുക്കുന്നതെങ്കിലും ചരിവ് 45 ഡിഗ്രി തന്നെ ആയിരിക്കണം. നിയന്ത്രിതകമിഴ്ത്തിവെട്ടിനുവേണ്ടി പട്ടതെളിച്ച് തയ്യാറാക്കുന്നതിന്റെ ഭാഗമായി ആദ്യത്തെ രണ്ടോ മൂന്നോ ടാപ്പിങ് ജബോങ് /മിച്ചി ഗോലഡ്ജ് കത്തി ഉപയോഗിച്ച് നടത്തി താങ്ങുപട്ട ഒരുക്കി എടുക്കേണ്ടതാണ്. തുടർന്ന് പരിഷ്കരിച്ച ഗുജ് കത്തി ഉപയോഗിച്ച് മേൽപട്ടയിൽ ടാപ്പിങ് തുടരാവുന്നതാണ്. വെട്ടുചാൽ ബഡ്ഡുയൂണിയനിൽ നിന്നും 130 സെ.മീറ്റർ ഉയരത്തിൽ ആയതിനാൽ തറയിൽ നിന്നുകൊണ്ടുതന്നെ ശരിയായ രീതിയിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യാൻ പരിഷ്കരിച്ച ഗുജ്കത്തി തന്നെ ഉപയോഗിക്കേണ്ടതാണ്. 160 സെ.മീറ്റർ വരെ ഉയരത്തിൽ ടാപ്പുചെയ്യാൻ 120 സെ.മീ. (നാലടി) നീളമുള്ള പിടിയും അതിൽ കൂടുതൽ ഉയരത്തിൽ ടാപ്പുചെയ്യാൻ 180 സെ.മീ. (6 അടി) നീളം വരുന്ന പിടിയും ഉള്ള പരിഷ്കരിച്ച ഗുജ്കത്തികളാണ് ഉപയോഗിക്കേണ്ടത്. പരിഷ്കരിച്ച ഗുജ്കത്തിയുടെ പിടി നീളമുള്ളതായതുകൊണ്ട് ചില്ല്, കപ്പ് എന്നിവയിൽ തട്ടാത്തവണ്ണം ചില്ല് മുൻകാനയിൽനിന്നും 15–20 സെ.മീ. താഴെയായി ഉറപ്പിക്കേണ്ടതാണ്. പരിഷ്കരിച്ച ഗുജ്കത്തി 30 ഡിഗ്രി ചെരിവിലാണ് പിടിയിൽ ബന്ധിപ്പിച്ചിരിക്കുന്നത്. 'V' (വി) ആകൃതിയിലുള്ള ഈ കത്തിക്ക് 11 സെ.മീ. നീളവും ഉൾഭാഗത്തെ ചെരിവ് 60 ഡിഗ്രിയും അതിന്റെ ഓരോ വശത്തെയും അളവ് 1.8 സെ.മീറ്ററും ആണ്.

പരിഷ്കരിച്ച ഗുജ്കത്തികൊണ്ട് ടാപ്പുചെയ്യുമ്പോൾ വലതുകൈകൊണ്ട് കത്തിയുടെ പിടിയിൽ പിടിക്കുകയും ഇടതുകൈകൊണ്ട് കത്തി ലക്ഷ്യം തെറ്റിപ്പോകാതിരിക്കാൻ നിയന്ത്രിക്കുകയും ചെയ്യണം. ഇടതുകൈപ്പത്തി തോളിന്റെ ഉയരത്തിന് മുകളിൽ പോകാത്ത വിധത്തിലും വലതുകൈപ്പത്തി നെഞ്ചിന് മുകളിൽ ഉയർത്താതെയും കത്തി പിടിക്കുമ്പോൾ ടാപ്പിങ് ആയാസരഹിതമായിരിക്കും.

നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുമ്പോൾ ടാപ്പിങ് ഇടവേളയുടെ അടിസ്ഥാനത്തിൽ ഉത്തേജകഔഷധ പ്രയോഗം ആവശ്യമാണ്. വെട്ടുചാലിന്റെ നീളം കുറയുന്നതിനാൽ ഉത്പാദനത്തിൽ കുറവ് വരാതിരിക്കാനാണ് ഉത്തേജകഔഷധം (എത്തഫോൺ) പ്രയോഗിക്കുന്നത്. മാർക്കറ്റിൽ നിന്ന് ലഭിക്കുന്ന 10 ശതമാനം വീര്യമുള്ള എത്തഫോണിൽ 1:1 എന്ന അനുപാതത്തിൽ പാമോയിലോ വെളിച്ചെണ്ണയോ ചേർത്ത് 5 ശതമാനം വീര്യമുള്ളതാക്കി നേർപ്പിച്ച് വള്ളിപ്പാലിന്റെ മുകളിൽ പുരട്ടിക്കൊടുക്കേണ്ടതാണ്. എത്തഫോൺ മിശ്രിതം മരത്തിൽ പുരട്ടുമ്പോൾ ഓരോ തവണയും നല്ലതുപോലെ ഇളക്കിയതിനുശേഷം ഉപയോഗിക്കണം. മൂന്നുദിവസത്തിലൊരിക്കൽ ആണ് ടാപ്പിങ് ക്രമീകരിച്ചിരിക്കുന്നതെങ്കിൽ പട്ടതെളിക്കലിനുശേഷം നിയന്ത്രിതകമഴ്ത്തിവെട്ട് തുടങ്ങുന്നതിന് രണ്ടുദിവസം മുൻപ് എത്തഫോൺ പുരട്ടേണ്ടതാണ്. ഇതിനുശേഷം മാസത്തിൽ ഒരിക്കൽ ടാപ്പിങ്ങിന്റെ പിറ്റേദിവസം എത്തഫോൺ പുരട്ടണം. ആഴ്ചയിൽ ഒരിക്കൽ ആണ് നിയന്ത്രിതകമഴ്ത്തിവെട്ട് നടത്തുന്നതെങ്കിൽ ഓരോ രണ്ട് ടാപ്പിങ്ങിന് ശേഷം മൂന്നാമത്തെ ടാപ്പിങ്ങിന് മൂന്ന് ദിവസം മുമ്പായി എത്തഫോൺ വള്ളിപ്പാലിനു പുറത്ത് പുരട്ടേണ്ടതാണ്. കീഴ്പ്പട്ടയിൽ പകുതി ചുറ്റളവിൽ ടാപ്പുചെയ്യുന്ന അത്രയുംതന്നെ മരങ്ങൾ മേൽപട്ടയിലും ടാപ്പുചെയ്യാൻ ഒരു ടാപ്പർക്ക് കഴിയും. പരിഷ്കരിച്ച ഗുജ്കത്തി ഉപയോഗിച്ച് ടാപ്പുചെയ്യുന്നതിനാൽ ടാപ്പിങ് പൊതുവെ ആയാസരഹിതമായിരിക്കും. വെട്ടുചാലിന്റെ നീളം കുറവായതിനാൽ ടാപ്പർക്ക് മരത്തിന്റെ അടുത്ത് തന്നെ നിന്നുകൊണ്ട് ടാപ്പിങ് പൂർത്തീകരിക്കാൻ സാധിക്കും.

നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നത് കടുംവെട്ട് അല്ല. സി.യു.റ്റി. ചെയ്യുന്ന പാനലുകളിലെ ടാപ്പിങ് പൂർത്തിയായതിനുശേഷം ഈ പാനലുകൾക്ക് മുകൾ ഭാഗത്തെ പട്ടയിൽ രണ്ടോ മൂന്നോ വർഷം കടുംവെട്ട് നടത്തിയും ഉത്പാദനം എടുക്കാവുന്നതാണ്. സാധാരണമായി കീഴ്പ്പട്ട ടാപ്പുചെയ്യുമ്പോൾ അരിയുന്ന പട്ടകനം തന്നെയാണ് സി.യു.റ്റി. ചെയ്യുമ്പോഴും എടുക്കേണ്ടത്. നിയന്ത്രിതകമിഴ്ത്തിവെട്ട് തികച്ചും പ്രായോഗികവും ഉത്പാദനം കൂടുതൽ ലഭിക്കുന്നതുമായ ഒരു ടാപ്പിങ്രീതി ആയതിനാൽ കർഷകർ ഈ ടാപ്പിങ്രീതി പ്രയോജനപ്പെടുത്തിയാൽ റബ്ബറുത്പാദനം വർധിപ്പിക്കാൻ സഹായകമാകും. •

# ഷീറ്റുറബ്ബറിന്റെ കയറ്റുമതിക്ക് കിലോഗ്രാമിന് അഞ്ച് രൂപ റബ്ബർബോർഡ് പ്രോത്സാഹനമായി നൽകും



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. റബ്ബർ കയറ്റുമതിക്കാരുടെ യോഗത്തിൽ സംസാരിക്കുന്നു.

ഷീറ്റുറബ്ബർ കയറ്റുമതി ചെയ്യുന്നതിന് കിലോഗ്രാമിന് അഞ്ച് രൂപ പ്രോത്സാഹനമായി നൽകാൻ റബ്ബർബോർഡ് തീരുമാനിച്ചു. 2024 മാർച്ച് 15 മുതൽ ജൂൺ 30 വരെ ഈ പദ്ധതി നിലവിലുണ്ടായിരിക്കും. കയറ്റുമതിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി ബോർഡ് ഒരു എക്സ്പോർട്ട് പ്രൊമോഷൻ സെൽ രൂപവത്ക്കരിച്ചിട്ടുണ്ട്. നൽകുന്ന രജിസ്ട്രേഷൻ-കം-മെമ്പർഷിപ്പ് സർട്ടിഫിക്കറ്റും ഇന്ത്യൻ നാച്ചുറൽ റബ്ബർ ലോഗോ ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷനും ഉള്ളവർക്ക് പ്രകൃതിദത്തറബ്ബറിന്റെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ഈ പ്രോത്സാഹനപദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതിപ്രകാരം നിർദേശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയാൽ കയറ്റുമതിക്കാർക്ക് തിരിച്ചടവായി പ്രോത്സാഹനത്തുക റബ്ബർബോർഡ് നൽകും. ബ്രാൻഡിങ്ങിന് വേണ്ടിവരുന്ന അധികച്ചെലവ് നികത്താൻ ഈ പ്രോത്സാഹനം സഹായിക്കും.

ഷീറ്റുറബ്ബറിന്റെ അന്താരാഷ്ട്രവില 2024 ജനുവരിയിൽ ആഭ്യന്തരവിലയെ മറികടന്നിരുന്നു. വിലയിൽ വ്യത്യാസമുണ്ടെങ്കിലും വിയറ്റ്നാം പോലുള്ള ഉത്പാദകരാജ്യങ്ങളിൽ നിന്നുള്ള റബ്ബറിന്റെ വിലക്കുറവ് കാരണം ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യാൻ കഴിയുന്നില്ല. ആഗോളതലത്തിൽ ഷീറ്റുറബ്ബറിന്റെ ഉപഭോഗം പത്ത് ശതമാനം മാത്രമാണ്. ചൈന, മലേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളാണ് ആർഎസ്എസ് ഗ്രേഡുകളുടെ പ്രധാന ഉപഭോക്താക്കൾ. ഷീറ്റുറബ്ബർസംഭരണത്തിനായി ഈ ഉപഭോഗരാജ്യങ്ങളെല്ലാം ദീർഘകാലകരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അതും തടസ്സമാകുന്നുണ്ട്.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ ശൈത്യകാലം, തായ്‌ലാൻഡിലെ നവംബർ-ഡിസംബർ കാലയളവിലെ പ്രതികൂലമായ കാലാവസ്ഥ, കുമിൾരോഗങ്ങൾ, ഉത്പാദനത്തിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള കുറവ്, ഇലകൊഴിച്ചിൽ തുടങ്ങിയവ അന്താരാഷ്ട്രവിപണിയിൽ (ബാങ്കോക്ക്) റബ്ബർവില ഉയരാൻ കാരണമായിട്ടുണ്ട്. അടുത്തിടെ മുതൽ കയറ്റുമതി ഓർഡറുകൾക്ക് അന്താരാഷ്ട്രവിപണിയിൽ കാണുന്ന താത്പര്യം ആഭ്യന്തരവില ഉയരുന്നതിനുള്ള കാരണങ്ങളിലൊന്നാണ്.

ഡോ. സാവർ ധനാനിയ (ചെയർമാൻ, റബ്ബർബോർഡ്), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), എൻ. ഹരി (റബ്ബർബോർഡ് അംഗം), ജോർജ് വാലി (പ്രസിഡന്റ്, ഇന്ത്യൻ റബ്ബർ ഡീലേഴ്സ് ഫെഡറേഷൻ) തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. നിലവിലെ കയറ്റുമതി സാധ്യതകൾ വരുംദിവസങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കയറ്റുമതിക്കാരോടും റബ്ബർബോർഡുകമ്പനികളോടും എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടു. ആഭ്യന്തരവിപണിയിൽ റബ്ബറിന്റെ വില സ്ഥിരപ്പെടുത്താനും ഇത് സഹായിക്കും. റബ്ബർബോർഡുകമ്പനികൾ ഉൾപ്പെടെ അറുപതോളം കയറ്റുമതിക്കാർ യോഗത്തിൽ പങ്കെടുത്തു. •





പ്രദീപ്കുമാർ പി. ജോയി
ടെക്നിക്കൽ അസിസ്റ്റന്റ് (ട്രെയിനിങ്)

ഡോ. സിബി വർഗീസ്
ഡയറക്ടർ (ട്രെയിനിങ്) ഇൻ-ചാർജ്

# ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം

യൂണിയൻ ഓഫ് മ്യാൻമർ തെക്കുകിഴക്കേ ഏഷ്യയിൽ സ്ഥിതി ചെയ്യുന്ന ഒരു രാജ്യമാണ്. ബർമ്മ എന്ന പേരിലാണ് ഈ രാജ്യം മുൻപ് അറിയപ്പെട്ടിരുന്നത്. 54 ദശലക്ഷത്തിലധികം ജനങ്ങളുള്ള ഈ രാജ്യത്തിന്റെ ഔദ്യോഗിക ഭാഷ ബർമീസും കറൻസി മ്യാൻമർ ച്യാറ്റുമാണ് (Kyat). സമ്പന്നമായ ചരിത്രവും സംസ്കാരവും ഉള്ള മ്യാൻമറിന്റെ തലസ്ഥാന നഗരി നേപ്യിഡോയും (Napyidaw) ഏറ്റവും വലിയ നഗരം യാങ്കോണുമാണ്(Yangon). ആൻഡമാൻകടലും ബംഗാൾ ഉൾക്കടലും തെക്കുഭാഗത്ത് അതിരിടുന്ന ഈ രാജ്യത്തിന്റെ കിഴക്കൻ അതിർത്തിയിൽ ലാവോസും തായ്ലാൻഡും വടക്ക് ചൈനയുമാണ്. ഈ രാജ്യത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് ഇന്ത്യയും ബംഗ്ലാദേശും സ്ഥിതിചെയ്യുന്നത്. 2021-ൽ നിലവിൽവന്ന സൈനികഭരണകൂടത്തിന് മ്യാൻമറിലെ പല ഭാഗങ്ങളും പൂർണമായ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ അസ്ഥിരതയും സംഘർഷങ്ങളും സാധാരണമായ ഈ രാജ്യത്തെ ജനങ്ങളുടെ പ്രധാന വരുമാനമാർഗം കൃഷിയാണ്.

മ്യാൻമറിലെ റബ്ബർവ്യവസായം പ്രധാനമായും മോൺ, കെയ്ൻ സംസ്ഥാനങ്ങളിലും തനിന്തായി, ബഗോ, യാങ്കോൺ എന്നീ മേഖലകളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 3,00,000 ടൺ വാർഷികോത്പാദനമുള്ള മ്യാൻമർ ആഗോളതലത്തിൽ റബ്ബർ ഉത്പാദിപ്പിക്കുന്ന 10 മുൻനിര രാജ്യങ്ങളിലൊന്നാണ്. ചൈനയുമായുള്ള രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ സാമീപ്യവും ശക്തമായ വ്യാപാരബന്ധവും മൂലം റബ്ബർ കയറ്റുമതിയുടെ 70 ശതമാനവും ചൈനയിലേക്കാണ്. സിംഗപ്പൂർ, ഇന്തോനേഷ്യ, മലേഷ്യ, വിയറ്റ്നാം, ദക്ഷിണ കൊറിയ, ഇന്ത്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേക്കും റബ്ബർ കയറ്റുമതി ചെയ്യുന്നുണ്ട്. മ്യാൻമറിന്റെ റബ്ബറുത്പാദനത്തിന്റെ ഭൂരിഭാഗവും റിബ്ഡ് സ്മോക്ക്ഡ് ഷീറ്റിന്റെ (ആർ.എസ്.എസ്.) രൂപത്തിലാണ്.

ഇന്ത്യ, ജർമനി, ചൈന, കൊറിയ തുടങ്ങിയ രാജ്യങ്ങളിപ്പോൾ മ്യാൻമർ ജനതയ്ക്കാവശ്യമായ സാമ്പത്തിക സാങ്കേതികസഹായങ്ങൾ നൽകുന്നുണ്ട്. ഈ രാജ്യങ്ങൾ വിവിധ വ്യവസായിക പരിശീലനപദ്ധതികൾ മ്യാൻമർ ഗവൺമെന്റുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. അടിസ്ഥാനസൗകര്യവികസനം, വിദ്യാഭ്യാസശേഷി വികസനം, ആരോഗ്യപരിരക്ഷ, കൃഷി, ബാങ്കിങ്, വൈദ്യുതി, പുനരുത്പാദന ഊർജം, പാരമ്പര്യവൈദ്യം തുട



താട്ടണിലെ ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം



താട്ടണിലെ റബ്ബർതോട്ടം



മ്യാൻമറിലെ വിദ്യാർത്ഥികൾ പരിശീലകൻ പ്രദീപ്കുമാറിനൊപ്പം

ങ്ങിയ മേഖലകളിലുള്ള പദ്ധതികളിലൂടെയാണ് ഇന്ത്യാഗവൺമെന്റ് മ്യാൻമറിനെ പിന്തുണയ്ക്കുന്നത്. കാർഷികഗവേഷണത്തിനും ഉന്നതവിദ്യാഭ്യാസത്തിനും വ്യവസായികപരിശീലനത്തിനുമുള്ള പദ്ധതികളും ഭാരതസർക്കാർ മ്യാൻമർ ജനതയ്ക്കുവേണ്ടി വിഭാവനം ചെയ്തിരിക്കുന്നു.

## ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം (ഐ.എം.ഐ.റ്റി.സി.)

താട്ടണിലെ ഇൻഡോ-മ്യാൻമർ വ്യാവസായിക പരിശീലനകേന്ദ്രം (Indo-Myanmar Industrial Training Cectre - IMITC) ഭാരതസർക്കാരും മ്യാൻമർ സർക്കാരും സംയുക്തമായി ആരംഭിച്ച ഒരു സഹകരണപദ്ധതിയാണ്. ഭാരതസർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ചുമതല എച്ച്.എം.റ്റി. (ഇന്റർനാഷണൽ) ലിമിറ്റഡിനാണ്. റബ്ബർ ടെക്നോളജി വിഭാഗത്തിന്റെ ചുമതല ഇന്ത്യൻ റബ്ബർബോർഡിന്റെ പരിശീലന വിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (NIRT) ആണ് ഏറ്റെടുത്തത്. മ്യാൻമറിൽ ഇത്തരത്തിലുള്ള എട്ടാമത് ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്റർ (ഐ.റ്റി.സി.) ആണ് താട്ടണിലേത്. പകോക്കു (Pakokku), മിംജ്യാൻ (Myingyan), മോയ്‌വാ (Monywa) എന്നീ സ്ഥലങ്ങളിലുള്ള വ്യാവസായിക പരിശീലനകേന്ദ്രങ്ങൾക്ക് ഇന്ത്യ സാമ്പത്തികപിന്തുണ നൽകുന്നുണ്ട്.

റബ്ബർടെക്നോളജിക്ക് പുറമെ ഇൻഫർമേഷൻ ടെക്നോളജി, മെഷീൻടൂൾ ഓപ്പറേറ്റർ, ഇലക്ട്രീഷ്യൻ, വെൽഡർ, കമ്പ്യൂട്ടറൈസ്ഡ് ന്യൂമെറിക്കൽ കൺട്രോൾ (സി.എൻ.സി.) ഓപ്പറേറ്റർ തുടങ്ങിയ സാങ്കേതികട്രേഡുകൾ ഐ.റ്റി.സി. താട്ടണിലുണ്ട്. ഈ പരിശീലനവിഭാഗങ്ങളുടെ ചുമതല ഭുവനേശ്വറിലെ സെൻട്രൽ ടൂൾ റൂം ആൻഡ് ട്രെയിനിങ് സെന്ററിനാണ് (CTTC) നൽകിയിട്ടുള്ളത്.

ഇൻഡോ-മ്യാൻമർ ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്റർ സ്ഥാപിക്കാനുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടം ആരംഭിച്ചത് 2019-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ചു നടത്തിയ 'പരിശീലകർക്കുള്ള പരിശീലനം' (Training of Trainers - ToT) പരിപാടിയോടുകൂടി ആയിരുന്നു. നാലു മാസങ്ങൾ നീണ്ടുനിന്ന ഈ പരിശീലനപരിപാടിയിൽ മ്യാൻമറിൽ നിന്നുള്ള അഞ്ചംഗസംഘം വളരെ സജീവമായി പങ്കെടുത്തു. റബ്ബർസംസ്കരണം, റബ്ബറുത്പന്നങ്ങളുടെ നിർമാണസാങ്കേതികവിദ്യകൾ, ഗുണമേന്മാനിയന്ത്രണം, യന്ത്രങ്ങളുടെ പരിപാലനം എന്നീ വിഷയങ്ങളാണ് ഒന്നാംഘട്ട പരിശീലനത്തിൽ ഉൾപ്പെട്ടിരുന്നത്. അതിനുശേഷം താട്ടണിലെ പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാനവിവരങ്ങളും ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും സാങ്കേതികവിവരങ്ങളും എൻ.ഐ.ആർ.റ്റി. -യിൽ നിന്ന് എച്ച്.എം.റ്റി.-യ്ക്ക് കൈമാറി. റബ്ബർബോർഡിന്റെ സഹകരണത്തോടെ താട്ടണിലെ ഐ.എം.ഐ.റ്റി.സി.-ക്ക് വേണ്ട യന്ത്രസാമഗ്രികളുടെ വാങ്ങൽ നടപടികൾ എച്ച്.എം.റ്റി. പൂർത്തീകരിക്കുകയുണ്ടായി.

മ്യാൻമറിലെ മോൺ സ്റ്റേറ്റിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന താട്ടണെന്ന സ്ഥലം അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട റബ്ബറുത്പാദകകേന്ദ്രങ്ങളിലൊന്നാണ്. 16,000 ഹെക്ടറോളം വ്യാപിച്ചുകിടക്കുന്ന റബ്ബർതോട്ടങ്ങളുള്ള താട്ടൺ ലോക റബ്ബർവിപണിയുടെ മുൻപന്തിയിലേക്ക് മ്യാൻമറിനെ നയിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ, അവിടുത്തെ റബ്ബർ മേഖല ഇന്നും ചില പ്രധാന പ്രശ്നങ്ങളെ നേരിടുന്നു. അവിടെ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ ഗുണമേന്മ വർധിപ്പിക്കുകയും കർഷകരെയും സംരംഭകരെയും ശാക്തീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. റബ്ബർതോട്ടം മേഖലയിലും വ്യവസായത്തിലും വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാനായി സാങ്കേതികവിദ്യയിലും നൈപുണ്യവികസനത്തിലും മികച്ച പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഐ.എം.ഐ.റ്റി.സി. സ്ഥാപിക്കുന്നതിനായി താട്ടൺ തിരഞ്ഞെടുക്കപ്പെട്ടത്.

പദ്ധതിയുടെ രണ്ടാംഘട്ടം തൊഴിൽ പരിശീലനമായിരുന്നു. ഇതിനായി എൻ.ഐ.ആർ.റ്റി.-യിൽ നിന്ന് രണ്ട് പേരും സെൻട്രൽ റ്റൂൾ റൂം ആന്റ് ട്രെയിനിങ് സെന്ററിൽ (സി.റ്റി.റ്റി.സി.) നിന്ന് ഏഴ് പേരും അടങ്ങുന്ന ഒൻപതംഗ വിദഗ്ദ്ധസംഘത്തെ താട്ടനിലെ വ്യാവസായിക പരിശീലനകേന്ദ്രത്തിലേക്ക് നിയോഗിച്ചു. ആറുമാസം ദൈർഘ്യമുള്ള ഈ പാഠ്യപദ്ധതിയിൽ 70 ശതമാനത്തോളം പ്രായോഗികപഠനത്തിനാണ് ഊന്നൽ നൽകിയിരുന്നത്.

## മ്യാൻമറിൽ ഇന്ത്യൻ സംഘം നേരിട്ട വെല്ലുവിളികൾ

എൻ.ഐ.ആർ.റ്റി.-യിൽനിന്നുള്ള പരിശീലകരെ മ്യാൻമറിൽ കാത്തിരുന്നത് നിരവധി വെല്ലുവിളികൾ ആയിരുന്നു. പരിശീലനം കൊടുക്കേണ്ടിയിരുന്ന സംഘത്തിന് പരിമിതമായ ഇംഗ്ലീഷ് പരിജ്ഞാനം മാത്രമാണ് ഉണ്ടായിരുന്നത്. റബ്ബർമേഖലയെക്കുറിച്ച് വളരെ പരിമിതമായ അറിവുമാത്രമുള്ള അവർക്ക് തുടക്കം മുതലുള്ള കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടിയിരുന്നത് പരിശീലനം ദുഷ്കരമാക്കി മാറ്റി. മ്യാൻമറിലെ പ്രാദേശിക ഭക്ഷണരീതിയുമായി പൊരുത്തപ്പെടാനും പരിശീലകർക്ക് ഏറെ ബുദ്ധിമുട്ട് നേരിടേണ്ടി വന്നു.

പട്ടാളഭരണത്തിന്റെ കീഴിലുള്ള മ്യാൻമറിൽ സുരക്ഷാപ്രശ്നങ്ങളും രാഷ്ട്രീയ അനിശ്ചിതത്വവും നിലനിന്നിരുന്നതിനാൽ പരിശീലനകേന്ദ്രത്തിന്റെ കാമ്പസിനു പുറത്തുപോകാൻ പോലും നമ്മുടെ പരിശീലകർക്ക് അനുവാദമുണ്ടായിരുന്നില്ല. പോലീസും സൈനികോദ്യോഗ





*പരിശീലനത്തിന്റെ വിവിധ ദൃശ്യങ്ങൾ*

സഹരും അടങ്ങുന്ന 20 അംഗ സായുധസംഘം കാമ്പസിൽ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സദാ നിലയുറപ്പിച്ചിരുന്നു.

രാസവസ്തുക്കൾ, മോൾഡുകൾ തുടങ്ങിയ അവശ്യസാധനങ്ങളുടെ ലഭ്യതക്കുറവ് മ്യാൻമറിൽ ഉണ്ടാകുമെന്നുള്ളതിനാൽ ഒട്ടുമിക്ക അസംസ്കൃതവസ്തുക്കളും മുൻകൂട്ടി ഇന്ത്യയിൽ നിന്ന് മ്യാൻമറിലേക്കെത്തിച്ചിരുന്നു. എങ്കിലും ചില രാസവസ്തുക്കളും മോൾഡുകളും പ്രാദേശികമായിത്തന്നെ ക്രമീകരിക്കേണ്ടിയിരുന്നു. ആക്രമണഭീഷണിക്കൊപ്പം സഞ്ചാരസ്വാതന്ത്ര്യവുമില്ലാത്ത അവസ്ഥയിൽ വളരെ ബുദ്ധിമുട്ടിയാണ് പ്രവർത്തനം നിർത്തിപ്പോയ ഒരു ഫാക്ടറിയിൽ നിന്ന് കുറച്ച് മോൾഡുകൾ സംഘടിപ്പിച്ചത്. അവശ്യരാസവസ്തുക്കൾ ഒരു ടയർ നിർമാണയൂണിറ്റിൽ നിന്നും ടെക്നിക്കലി സ്പെസിഫൈഡ് റബ്ബർ ഉണ്ടാക്കുന്ന ഒരു കമ്പനിയിൽ നിന്നുമാണ് സംഘടിപ്പിക്കാൻ കഴിഞ്ഞത്. ഒടുവിൽ കമ്പ്യൂട്ടറൈസ്ഡ് ന്യൂമെറിക്കൽ കൺട്രോൾ (സി.എൻ.സി.) സെക്ഷന്റെയും മെയിന്റനൻസ് വിഭാഗത്തിന്റെയും സഹകരണത്തോടുകൂടി ടീമാറ്റ്, കീ ചെയിൻ, റബ്ബർ ബാൻഡ്, ഫിംഗർ ക്യാപ്പ് എന്നിവയുടെ മോൾഡുകൾ തയ്യാറാക്കി പരിശീലനപരിപാടി ആരംഭിച്ചു.

തൊഴിൽപരിശീലനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി പുറത്തുനിന്നുള്ള പഠിതാക്കളെ ഉൾപ്പെടുത്തി റബ്ബർടെക്നോളജിയിൽ ഒരു മൂന്നുമാസ സർട്ടിഫിക്കറ്റ് കോഴ്സ് നടത്താൻ തീരുമാനിച്ചു. അതിനായി നിലവിലുള്ള ആറുമാസത്തെ അദ്ധ്യാപനപദ്ധതി മൂന്നുമാസത്തേക്കായി പുനഃക്രമീകരിച്ചു, ഒപ്പം പുതിയ കോഴ്സിന്റെ രൂപകൽപനയും ആരംഭിച്ചു. കോഴ്സ് പൂർണമായും മ്യാൻമർ ഭാഷയിൽതന്നെ വേണമെന്നതായിരുന്നു പ്രധാന വെല്ലുവിളി. എങ്കിലും കോഴ്സ് മെറ്റീരിയലുകൾ നിശ്ചിതസമയത്തുതന്നെ തയ്യാറാക്കാനും അതു വിവർത്തനം ചെയ്ത് സമയബന്ധിതമായി കോഴ്സ് നടത്താനും സാധിച്ചു.

താട്ടണിലെ സുസ്ഥിര വ്യവസായ വളർച്ചയ്ക്ക് ഹ്രസ്വകാല സർട്ടിഫിക്കേഷൻ കോഴ്സുകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞപ്പോൾ ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്ററിന്റെ (ഐ.ടി.സി.) പ്രിൻസിപ്പൽ യു൯ സാമിന്റെ നേതൃത്വത്തിൽ മന്ത്രാലയത്തെ വിവരങ്ങൾ ധരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അധികം താമസിയാതെ തന്നെ ഹ്രസ്വകാല സർട്ടിഫിക്കേഷൻ കോഴ്സുകൾ ഐ.ടി.സി.-യുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി ലഭിക്കുകയുണ്ടായി.

റബ്ബർമേഖലയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ആളുകൾക്ക് വേണ്ട സാങ്കേതിക പരിശീലനാവശ്യങ്ങൾ മനസിലാക്കുന്നതിനും പരിശീലനപരിപാടികളിലേക്ക് അവരെ ആകർഷിക്കുന്നതിനുമായി റബ്ബർകർഷകരെയും വ്യവസായ പ്രതിനിധികളെയും മ്യാൻമർ റബ്ബർ പ്ലാന്റേഴ്സ് ആന്റ് പ്രൊഡ്യൂസേഴ്സ് അസോസ്സിയേഷൻ (MRPPA) പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു യോഗം സംഘടിപ്പിച്ചു. അറുപതിലധികം പേർ പങ്കെടുത്ത ഈ യോഗത്തിൽ റബ്ബർകൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ചും ഈ വ്യവസായം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചുമുള്ള ചർച്ചകൾ ഉണ്ടായിരുന്നു. ഷീറ്റുറബ്ബർ നിർമാണത്തിൽ നിലനിൽക്കുന്ന ഗുണമേന്മാപ്രശ്നങ്ങളെക്കുറിച്ച് യോഗത്തിൽ പങ്കെടുത്ത ഭൂരിഭാഗം ആളുകളും ആശങ്ക പ്രകടിപ്പിച്ചു. തുടർന്ന് 'ഷീറ്റുറബ്ബർ സംസ്കരണവും ഗ്രേഡിങ്ങും' എന്ന വിഷയത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനപരിപാടികൾ മ്യാൻമർ ഭാഷയിൽ തയ്യാറാക്കുകയും ഫലപ്രദമായ രീതിയിൽ നടപ്പാക്കുകയും ചെയ്തു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് പുറമെ വ്യവസായ മന്ത്രാലയവും ഈ പരിപാടിയെ അഭിനന്ദിക്കുകയുണ്ടായി.

### പരിശീലനത്തിന്റെ സുപ്രധാന നേട്ടങ്ങൾ

ഐ.എം.ഐ.റ്റി.സി.-യിലെ പരിശീലകർക്ക് വ്യവസായാധിഷ്ഠിത പരിശീലനപരിപാടികൾ രൂപകൽപന ചെയ്യുന്നതിലും നടത്തുന്നതിലും അറിവും വൈദഗ്ധ്യവും നേടാൻ സാധിച്ചു. പ്രാദേശിക പങ്കാളികളുമായി സഹകരിക്കുകയും അവരുടെ ആവശ്യങ്ങളും ആശങ്കകളും പരിഹരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഈ പരിശീലനം മൂലം വ്യക്തമായി. റബ്ബർപാലും ഉണക്കറബ്ബറും ഉപയോഗിച്ചുള്ള ഉത്പന്നനിർമാണ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യം നേടാൻ കഴിഞ്ഞു. റബ്ബർവ്യവസായത്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും യന്ത്രങ്ങളും എങ്ങനെ പ്രവർത്തിപ്പിക്കാമെന്നും റബ്ബർ സംസ്കരണത്തിൽ ഗുണമേന്മ എങ്ങനെ നിലനിർത്താമെന്നും അംഗങ്ങൾ പഠിച്ചു.

### ഐ.എം.ഐ.റ്റി.സി. - റബ്ബർ ടെക്നോളജി വിദ്യാഭ്യാസത്തിൽ ഒരു പുതിയ യുഗം

ആറുമാസത്തെ തൊഴിൽപരിശീലനം പൂർത്തിയാകുമ്പോൾ ഐ.എം.ഐ.റ്റി.സി. റബ്ബർ ടെക്നോളജി വിദ്യാഭ്യാസത്തിനുള്ള ഒരു പ്രധാന കേന്ദ്രമായി മാറിയിരിക്കുന്നു. ഭാഷാതടസ്സവും രാഷ്ട്രീയ അസ്ഥിരതയും പോലുള്ള വെല്ലുവിളികൾക്കിടയിലും ഭാരതീയസംഘം



*പരിശീലനം നേടിയവർ നിർമിച്ച റബ്ബറുത്പന്നങ്ങൾ*

പരിശീലനപരിപാടികൾ വിജയകരമായി പൂർത്തിയാക്കി. ഐ.എം.ഐ.റ്റി.സി. ട്രെയിനർമാരുടെ അറിവും വൈദഗ്ധ്യവും മെച്ചപ്പെടുത്തുക മാത്രമല്ല പ്രാദേശിക റബ്ബറുത്പാദകരെയും വ്യവസായികളെയും സ്വാധീനിക്കാനും അവരുടെ ദീർഘകാല സഹകരണം ഉറപ്പാക്കാനും സാധിച്ചു. ഐ.എം.ഐ.റ്റി.സി. താട്ടൺ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുകയും റബ്ബർവ്യവസായത്തിൽ സുസ്ഥിരമായ വളർച്ചയ്ക്ക് അടിത്തറയിടുകയും ചെയ്തു. വരും വർഷങ്ങളിൽ പരിശീലനങ്ങൾ കൂടുതൽ വിപുലമാക്കാനും വ്യവസായാധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാനും ഇന്ത്യയുമായുള്ള സഹകരണം ശക്തിപ്പെടുത്താനും ഐ.എം.ഐ.റ്റി.സി. ലക്ഷ്യമിടുന്നു.

അന്താരാഷ്ട്രതലത്തിൽ ലോകോത്തരനിലവാരത്തിലുള്ള പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ഭാഗമായതോടെ മറ്റു അവികസിത രാജ്യങ്ങളിലെ വരാനിരിക്കുന്ന പദ്ധതികൾക്കായിഎൻ.ഐ.ആർ.റ്റി.-യുമായി കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാൻ എച്ച്.എം.റ്റി. സന്നദ്ധമായിട്ടുണ്ട്. ഈ പദ്ധതിയുടെ വിജയം ഭാവിയിലും വെല്ലുവിളികൾ നിറഞ്ഞ പദ്ധതികൾ ഏറ്റെടുക്കുന്നതിന് എൻ.ഐ.ആർ.റ്റി.-ക്ക് ആത്മവിശ്വാസം പകരുന്നു. ഈ നേട്ടം ആഗോളതലത്തിൽ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള വിശാലമായ അവസരങ്ങൾക്കുള്ള വാതിലുകൾ തുറക്കുമെന്നു തന്നെ പ്രതീക്ഷിക്കാം. •


# കിസാൻ റെയിൻ ഗാർഡ്



KISAN RAIN GUARD
KOTTAYAM KERALA-686562
Ph: 9447576244
9383417244

- ഉല്പാദനം വർദ്ധിപ്പിക്കുന്നു
- പട്ട രോഗങ്ങൾ കുറയ്ക്കുന്നു
- ചെലവ് കുറവ്
- ഒട്ടിക്കാൻ എളുപ്പം
- ടാപ്പിംഗ് വേഗത്തിലും, സുഗമവും ആക്കുന്നു.
- എല്ലാ മരങ്ങൾക്കും അനുയോജ്യമായതും മറ്റനവധി ഗുണങ്ങൾ ഉള്ളതും, ഏറ്റവും നവീനവുമായ റബ്ബർ റയിൻ ഗാർഡ്.
- Online ആയി ലഭിക്കുന്നതാണ് (പഴ്സലായി ലഭിക്കുന്നു)
- 35", 42", 46", 48" എന്നീ അളവുകളിൽ ലഭ്യം.

റോയൻ ഷെഡ്, റെയിൻ ഗാർഡ് പശ, പ്ലാസ്റ്റിക്, ടാപ്പിങ്ങിന് അവശ്യമായ സാധനങ്ങൾ ഹോൾസെയിൽ വിലയിൽ ലഭ്യമാണ്.

# റബ്ബർതോട്ടം വിൽപനയ്ക്ക്

പത്തനംതിട്ട ജില്ലയിൽ മന്ദമരുതി-വെച്ചൂച്ചിറ റൂട്ടിൽ ടാർറോഡിന് സമീപം

22 ഏക്കർ റബ്ബർതോട്ടം വില്പനയ്ക്ക്.

മുഴുവനായും ടാപ്പുചെയ്യുന്ന റബ്ബർമരങ്ങൾ നിൽക്കുന്ന ഈ തോട്ടത്തിൽ ഒരു ബംഗ്ലാവും പുകപ്പുരയും റബ്ബർഷീറ്റ് അടിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. 105 വർഷം പഴക്കമുള്ള ഈ കുടുംബസ്വത്തിന് വ്യക്തമായ അതിരുകളും ബാധ്യതകൾ ഇല്ലാത്ത പട്ടയവും ആധാരരേഖകളും ഉള്ളതാകുന്നു. ചെറുവള്ളിയിൽ വരാനിരിക്കുന്ന നിർദിഷ്ട വിമാനത്താവളത്തിൽ നിന്നും ഈ സ്ഥലത്തേക്ക് അഞ്ച് കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. കൂടാതെ ഈ സ്ഥലത്ത് വറ്റാത്ത വെള്ളമുള്ള മൂന്ന് കിണറുകളും ഉണ്ട്.

താല്പര്യമുള്ളവർ ബന്ധപ്പെടുക
ചെറിയാൻ – ഫോൺ നമ്പർ 9447703887, E-mail : cheryanpc@yahoo.co.in

# GOLDEN TOUCH®



## GOLDEN TOUCH®
**RUBBER SHEET FUNGICIDE (PNP)**

## GOLDEN TOUCH®
**FORMIC ACID**

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® - ALUMINIUM DISH**

**GOLDEN TOUCH® - FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC
Estd. 1991

## *Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



റാണി ജോസ്
ഫാം അസിസ്റ്റന്റ്

# റബ്ബറിന്റെ നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുമ്പോൾ

'വിത്തുഗുണം പത്തുഗുണം' എന്ന് പഴമക്കാർ പറയാറുണ്ട്. റബ്ബർകൃഷിയുടെ കാര്യത്തിലും ഈ ചൊല്ലിന് ഏറെ പ്രസക്തിയുണ്ട്. ഒരു ദീർഘകാലവിളയായ റബ്ബറിന്റെ നടീൽസമയത്ത് സംഭവിക്കുന്ന പിഴവിന്റെ ദോഷഫലം വർഷങ്ങളോളം അനുഭവിക്കേണ്ടി വരും. മെച്ചപ്പെട്ട നടീലിനങ്ങളും നടീൽവസ്തുക്കളും തെരഞ്ഞെടുത്ത് അവയെ ശാസ്ത്രീയമായി പരിപാലിക്കണം. വിളവെടുപ്പുസമയത്ത് ഇടവേളകൂടിയ ടാപ്പിങ്‌രീതികൾ അവലംബിക്കുകകൂടി ചെയ്താൽ റബ്ബറിൽനിന്നും ദീർഘനാൾ മെച്ചപ്പെട്ട വരുമാനം നേടാൻ സാധിക്കും. അതിനാൽ ദീർഘകാലവിളയായ റബ്ബറിന്റെ നടീൽവസ്തുക്കൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേക കരുതലും ശ്രദ്ധയും ഉണ്ടാകണം.

### റബ്ബറിനങ്ങൾ

റബ്ബറിന്റെ വളർച്ച, രോഗപ്രതിരോധശേഷി, ഉത്പാദനം എന്നിവയെല്ലാം നടീലിനങ്ങളുടെ ജനിതകഗുണവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃത്യമായ പരീക്ഷണ-നിരീക്ഷണങ്ങൾക്ക് ശേഷം മാത്രമേ റബ്ബറിനങ്ങളുടെ ഗുണമേന്മ വിലയിരുത്താൻ കഴിയൂ. ശാസ്ത്രീയമായി വിലയിരുത്തപ്പെടാത്ത ഇനങ്ങൾ കൃഷിചെയ്യാൻ റബ്ബർബോർഡ് ശുപാർശ ചെയ്യുന്നില്ല. നിരന്തരമായ പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും ശേഷമാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഒരു റബ്ബറിനം വികസിപ്പിച്ചെടുത്ത് നടീലിനായി ശുപാർശ ചെയ്യുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും വൻകിടത്തോട്ടങ്ങളിലും പരീക്ഷണാടിസ്ഥാനത്തിൽ കൃഷിചെയ്ത് ഫലമറിഞ്ഞ ശേഷമേ ഒരു നടീലിനം കർഷകരിലേക്ക് എത്തുകയുള്ളൂ. കൃഷിചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്തുവേണം നടീലിനങ്ങളും നടീൽവസ്തുക്കളും തെരഞ്ഞെടുക്കാൻ. തോട്ടം മുഴുവൻ ഒരിനം മാത്രം കൃഷിചെയ്താലുണ്ടാകാവുന്ന നഷ്ടസാധ്യതകൾ കുറയ്ക്കുന്നതിന് പലയിനങ്ങൾ കൃഷിചെയ്യാനാണ് റബ്ബർബോർഡ് നിർദേശിക്കുന്നത്. ഇപ്രകാരം ഒന്നിലധികം ഇനങ്ങൾ കൃഷിചെയ്യുമ്പോൾ ഇനങ്ങൾ കൂട്ടിക്കലർത്തി നടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വിവിധ പരീക്ഷണഘട്ടങ്ങളിൽ സുസ്ഥിരമായ വളർച്ചയും ഉത്പാദനവും രോഗപ്രതിരോധശേഷിയും പ്രകടിപ്പിക്കുന്ന ഏറ്റവും മെച്ചപ്പെട്ട ഇനങ്ങൾ മാത്രമാണ് നടീൽവസ്തുക്കളുടെ ശുപാർശയിൽ ഒന്നാം വിഭാഗ



ത്തിൽ ഉൾപ്പെടുത്തി കർഷകരിൽ എത്തിക്കുന്നത്. അഞ്ച് ഇനങ്ങളാണ് പരമ്പരാഗതമേഖലയ്ക്ക് വേണ്ടി ഈ വിഭാഗത്തിൽ ശുപാർശയിലുള്ളത്. റബ്ബർബോർഡിന്റെ പരീക്ഷണത്തോട്ടങ്ങളിലും വൻകിടത്തോട്ടങ്ങളിലും നടത്തിയ പരീക്ഷണങ്ങളിൽ തരക്കേടില്ലാത്ത ഉത്പാദനം നൽകിയ 13 റബ്ബറിനങ്ങളെ പരിമിതമായ തോതിൽ കൃഷിചെയ്യാൻ (പരമ്പരാഗതമേഖലയിൽ) ശുപാർശ ചെയ്യുന്ന രണ്ടാംവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

റബ്ബർകൃഷിക്ക് പ്രധാനമായും ഉപയോഗിക്കുന്നത് ബഡ്ഡുതൈകളാണ്. വിത്തുകൾ നഴ്സറിയിൽ പാകി കിളിർപ്പിച്ചശേഷം അവയിൽ ഗുണമേന്മയുള്ള ഇനങ്ങളുടെ ഒട്ടുകണ്ണ് ബഡ്ഡുചെയ്താണ് ബഡ്ഡുതൈകൾ ഉത്പാദിപ്പിക്കുന്നത്. ഒട്ടുതൈക്കുറ്റികൾ, കൂടത്തൈകൾ, കപ്പുതൈകൾ എന്നിവയാണ് റബ്ബറിന്റെ നടീൽവസ്തുക്കളായി ഉപയോഗിക്കുന്നത്. ഗുണമേന്മയുള്ള തൈകൾ വിശ്വാസയോഗ്യമായ നഴ്സറികളിൽനിന്ന് വാങ്ങണം. അടുത്ത നടീൽകാലത്തേക്ക് കൂടത്തൈകൾ ഉണ്ടാക്കുന്നതിനാണ് കർഷകർ പ്രധാനമായും ഒട്ടുതൈക്കുറ്റികളെ ആശ്രയിക്കുന്നത്. കൂടത്തൈകളോ കപ്പുതൈകളോ ഉപയോഗിച്ച് കൃഷിചെയ്യുമ്പോൾ അപക്വകാലം കുറയ്ക്കാനും നേരത്തെ വിളവെടുക്കാനും സാധിക്കുന്നു. കൂടത്തൈകളെ അപേക്ഷിച്ച് കപ്പുതൈകൾ ഉപയോഗിച്ചാൽ, തൈകൾ നഴ്സറികളിൽ നിന്ന് വണ്ടിയിൽ കയറ്റിക്കൊണ്ടുവരുമ്പോഴും തോട്ടത്തിലേക്ക് ചുമന്നുകൊണ്ടുപോകുമ്പോഴും നടുമ്പോഴുമെല്ലാമുള്ള കൈകാര്യച്ചെലവ് ഗണ്യമായി കുറയ്ക്കാം. മാത്രമല്ല, കപ്പുതൈകൾക്ക് നല്ല വേരുപടലം ഉള്ളതിനാൽ മണ്ണിൽ നട്ടുകഴിയുമ്പോൾ വേഗം വേരുപിടിച്ച് വളരുകയും ചെയ്യും. തൈകൾ കപ്പിൽ വളരുമ്പോൾ വേരുകൾക്ക് 'എയർ പ്രൂണിങ്' നടക്കുന്നതിനാൽ കൂടത്തൈകളിലേതുപോലെ തായ്‌വേര് കപ്പിന് വെളിയിൽ വരികയോ ചുരുണ്ടുപോകുകയോ ചെയ്യുന്നില്ല.

നല്ല ആരോഗ്യമുള്ളതും രണ്ടോ മൂന്നോ തട്ട് ഇലകളുള്ളതുമായ തൈകളാണ് നടാൻ ഉത്തമം. കപ്പിൽ തന്നെ വിത്തിട്ടു വളർത്തിയെടുത്ത തൈകൾക്ക് നല്ല വേരുപടലം ഉള്ളതിനാൽ, അവ ബഡ്ഡുചെയ്ത് ഒരു തട്ട് ഇലകൾ മൂപ്പെത്തുമ്പോൾതന്നെ നടീലിന് ഉപയോഗിക്കാം.




ഒരേ പ്രായത്തിലും വലുപ്പത്തിലുമുള്ള തൈകൾ വേണം നടാൻ. ഒരുവർഷത്തിൽ താഴെ പ്രായമുള്ള, ആരോഗ്യമുള്ള തൈകളിൽ ബഡ്ഡുചെയ്ത് വളർത്തിയെടുത്ത തൈകളാണ് നല്ലത്. അതായത്, കഴിഞ്ഞ വർഷം ജൂലൈ-ആഗസ്റ്റിൽ ലഭിച്ച വിത്തുകൾ പാകി മുളപ്പിച്ച് അതിൽ ബഡ്ഡുചെയ്തുണ്ടാക്കിയ തൈകളാണ് ഈ വർഷം നടാൻ ഉത്തമം.

നല്ല ആരോഗ്യമുള്ളതും ഇലരോഗങ്ങളില്ലാത്തതുമായ തൈകൾവേണം നടീലിനായി തെരഞ്ഞെടുക്കാൻ. ഒട്ടുകണ്ണിൽനിന്നുതന്നെയാണ് കിളിർപ്പുണ്ടായിരിക്കുന്നത് എന്നത് ഉറപ്പുവരുത്തണം. തൈകൾ നടുന്ന സമയം മുകൾതട്ടിലെ ഇലകൾ മൂപ്പെത്തിയിരിക്കണം. ഇല്ലെങ്കിൽ, കൂടയിൽനിന്നോ കപ്പിൽനിന്നോ തോട്ടത്തിലേക്ക് മാറ്റിനടുന്ന സമയത്ത് ഉണ്ടാകുന്ന ആഘാതം നിമിത്തം തൈകളുടെ തളിരിലകൾ വാടിപ്പോകാൻ സാധ്യതയുണ്ട്.

ഗ്രീൻബഡ്ഡുചെയ്ത ആരോഗ്യമുള്ള കൂടത്തൈകളിലും കപ്പുതൈകളിലും ആദ്യത്തെ തട്ടിൽ കുറഞ്ഞത് ആറും രണ്ടാമത്തെ തട്ടിൽ ഏഴും ഇലത്തണ്ടുകൾ (ഒരു ഇലത്തണ്ടിൽ മൂന്ന് ഇലകൾ) ഉണ്ടാകും. ബ്രൗൺബഡ്ഡ് ചെയ്ത കൂടത്തൈകളിൽ ആദ്യത്തെ തട്ടിൽ കുറഞ്ഞത് ഏഴും രണ്ടാമത്തെ തട്ടിൽ എട്ടും ഇലത്തണ്ടുകൾ ഉണ്ടാകും.

### റബ്ബർബോർഡിന്റെ നഴ്സറികൾ

റബ്ബർകർഷകർക്ക് ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ലഭിക്കുന്നതിന് റബ്ബർബോർഡിന്റെ തന്നെ മേൽനോട്ടത്തിലുള്ള നഴ്സറികളെ സമീപിക്കാവുന്നതാണ്. കേരളത്തിൽ കറിക്കാട്ടൂരിൽ ഒരു കേന്ദ്രനഴ്സറിയും കടയ്ക്കാമൺ, മഞ്ചേരി, കാഞ്ഞിക്കുളം, ആലക്കോട്, ഉളിക്കൽ എന്നിവിടങ്ങളിൽ പ്രാദേശിക നഴ്സറികളും ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ട്. ഈ നഴ്സറികളിൽനിന്ന് ബഡ്ഡുവുഡ്ഡ്, ഒട്ടുതൈക്കുറ്റികൾ, കൂട

## Form IV

Statement of Ownership and other Particulars
about Newspaper Rubber

| | | |
|---|---|---|
| 1. Place of Publication | : | Kottayam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | P. Prasad |
| 4. Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 5. Publisher's Name | : | P. Prasad |
| Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 6. Editor's Name | : | P. Prasad |
| Whether Citizen of India | : | Yes |
| Address | : | Deputy Director (Publicity and Public Relations) In-charge, Rubber Board, Kottayam 686 002 |
| 7. Name and address of individuals who own the Newspaper and printers or shareholders holding more than one percent of the total capital | : | The Newspaper is owned by the Rubber Board, a statutory body constituted under the Rubber Act 1947 |

I, P. Prasad hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
Date : 11 March 2024

Sd/-
Publisher

തൈകൾ, കപ്പുതൈകൾ എന്നിവ വിതരണം ചെയ്തു വരുന്നു. റബ്ബർഗവേഷണകേന്ദ്രത്തിന്റെ നിർദേശങ്ങൾക്കനുസരിച്ച് വികസനവിഭാഗത്തിന്റെ സൂക്ഷ്മമായ മേൽനോട്ടത്തിലാണ് നടീൽവസ്തുക്കൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ പരിപാലിച്ചെടുക്കുന്ന നടീൽവസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ ഗുണമേന്മ ഉറപ്പാക്കാൻ കഴിയും.

### കരാർകൃഷി

തോട്ടമുടമകൾ തന്നെ റബ്ബർകൃഷി ചെയ്യുന്ന രീതിയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മാറിയ സാഹചര്യങ്ങളാണ് സ്ഥിതി വിഭിന്നമാക്കുന്നത്. മറ്റു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ, വിദേശത്തുള്ളവർ, റബ്ബർകൃഷിയിൽ പരിചയമില്ലാത്തവർ - എന്നിങ്ങനെ വലിയൊരു വിഭാഗം കരാറടിസ്ഥാനത്തിൽ നടീലിനും ഇടവിളക്കൃഷിക്കുമായി സ്ഥലം ഏൽപിക്കുന്ന പ്രവണത ഏറിവരുന്നു. എന്നാൽ, ഇങ്ങനെ ചെയ്യുമ്പോൾ തോട്ടമുടമയ്ക്ക് റബ്ബർകൃഷിയെക്കുറിച്ച് അടിസ്ഥാനപരമായ അറിവുണ്ടെങ്കിൽ കരാറുകാരെക്കൊണ്ട് കൂടുതൽ ശാസ്ത്രീയമായി കൃഷിചെയ്യിക്കാൻ കഴിയും. ഇനങ്ങളുടെ തെരഞ്ഞെടുപ്പ്, തൈകൾ തമ്മിലുള്ള അകലം, ഇടവിളകൾ, പരിപാലനം എന്നിവയിൽ കരാറുകാരെ പൂർണമായി ആശ്രയിക്കുകയും അബദ്ധങ്ങൾ സംഭവിക്കുകയും ചെയ്ത അനുഭവം പല കർഷകർക്കുമുണ്ട്. അതിനാൽ റബ്ബർകൃഷിക്കൊരുങ്ങുമ്പോൾ തോട്ടമുടമ തന്നെ റബ്ബർബോർഡിന്റെ ഓഫീസുകളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചോദിച്ചറിയുകയും സംശയനിവാരണം നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും. സംശയനിവാരണത്തിനായി റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്ററുമായും ബന്ധപ്പെടാം. എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ കോൾസെന്റർ പ്രവർത്തിക്കുന്നതായിരിക്കും.
ഫോൺ നമ്പർ 0481-2576622. •


KONDODYS®
for the best bordeaux spray
COPPER SULPHATE PENTA
തുരിശ്
IS:261
CM/L6297584
പൗഡർ & ക്രിസ്റ്റൽ
1 KG., 25 KG., 50 KG
ഇപ്പോൾ ഏറ്റവും പുതിയ സ്റ്റോക്ക്
കോട്ടയം കളക്ട്രേറ്റിന് എതിർവശമുള്ള ഡിപ്പോയിൽ നിന്ന് കർഷകർക്ക് നേരിട്ട് വാങ്ങാവുന്നതാണ്.
താഴെ കാണുന്ന ഫോൺ നമ്പറുകളിൽ വിളിച്ചാൽ ആവശ്യക്കാർക്ക് എത്തിച്ച് കൊടുക്കുന്നതാണ്.
കൊണ്ടോടീസ് കുടുംബത്തിൽ നിന്നും മറ്റൊരു ഉത്പ്പന്നം
എന്തിനും ഏതിനും
റെഡി ടു യൂസ്
കൊണ്ടോടീസ്™
ബോർഡോ
പെയിന്റ്
Patent No: 364252
നീറ്റേണ്ട.. കുട്ടേണ്ട.. ഇളക്കി നേരിട്ട് പുരട്ടുക
50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ്
റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ
ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം..
കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.
Copper Oxychloride
Phytrox
100gm, 500gm, 25 kg
Also Available
ബോർഡോ രക്ഷ
1 Kg പൗഡർ
ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം
ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.
4 Kg
4 Kg -1 Box 2 Nos.
1 Kg
500gm
250gm
1 Kg -1 Box 10 Nos.
250 gm - 1 Box 40 Nos.
500 gm - 1 Box 20 Nos.
മാനുഫാക്ചറേഴ്സ് SANSON CHEMICAL INDUSTRIES
ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം - 686 002.
ഫോൺ: 0481 – 2564708
E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) 9847046229 Vivin X Kondody: 9880033644

# മോളിക്യുലാർ ബയോളജിയിലെയും ബയോടെക്നോളജിയിലെയും നൂതനസങ്കേതങ്ങൾ സംബന്ധിച്ച പരിശീലനത്തിന് റബ്ബർഗവേഷണകേന്ദ്രത്തിൽ തുടക്കം



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പരിശീലനം ഉദ്ഘാടനം ചെയ്യുന്നു.

മോളിക്യുലാർ ബയോളജിയിലെയും ബയോടെക്നോളജിയിലെയും നൂതനസങ്കേതങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതികൾ പങ്കുവെയ്ക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജിയുടെയും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റിന്റെയും സഹകരണത്തോടെ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം (ആർ.ആർ.ഐ.ഐ.) നടത്തുന്ന ഫാക്കൽറ്റി ട്രെയിനിങ് പ്രോഗ്രാം റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. പരിശീലനവുമായി ബന്ധപ്പെട്ട് ആർ.ആർ.ഐ.ഐ. തയ്യാറാക്കിയ മാന്വലിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റിലെ സയന്റിസ്റ്റ് ഡോ. ജയ മേരി ജേക്കബ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ഷാജി ഫിലിപ്പ്, ഡോ. മൊഹമ്മദ് സാദിക് എന്നിവർ സംസാരിച്ചു. റബ്ബർഗവേഷണകേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. സി. ബിന്ദു റോയി സ്വാഗതവും ഡോ. ആർ. ജി. കല കൃതജ്ഞതയും പറഞ്ഞു. ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജിയും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റ് -ഉം സംയോജിതമായി സാമ്പത്തികസഹായം നൽകുന്ന നൈപുണ്യ വിജ്ഞാന പരിപാടിയുടെ നടത്തിപ്പിനായി ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.



പരിശീലനത്തിനുള്ള മാന്വൽ പ്രകാശനം ചെയ്ത വേളയിലെ ദൃശ്യം

മോളിക്യുലാർ ബയോളജി, ബയോടെക്നോളജി രംഗങ്ങളിലെ പ്രാഥമികമായ വിവരങ്ങളും അത്യാധുനിക വിദ്യകളുമെല്ലാം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, സാങ്കേതികവിദഗ്ധർ, സംരംഭകർ എന്നിങ്ങനെ എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടാഴ്ചക്കാലത്തെ പരിശീലനം ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ സംഘടിപ്പിച്ചത്. •



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടിയിൽ 'ഒട്ടുപാൽ സംഭരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്)-ഉം കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറുമായ സി. മാത്യു ജോസഫ് ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

### ഒട്ടുപാൽ സംഭരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ***ഒട്ടുപാലിൽ ഉൾപ്പെടുന്ന റബ്ബറിന്റെ വിവിധ വകഭേദങ്ങൾ എന്തെല്ലാം?***

   വള്ളിപ്പാൽ, ചിരട്ടപ്പാൽ, പിണ്ടിപ്പാൽ എന്നിവയാണ് ഒട്ടുപാലിന്റെ പ്രധാന വകഭേദങ്ങൾ. ഗുണമേന്മയുള്ള ബ്ലോക്കുറബ്ബർ നിർമിക്കാനാണിത് ഉപയോഗിക്കുന്നത്. മൺപാൽ, കറുത്തപോള (black shell) എന്നിവയെല്ലാം മേന്മ കുറഞ്ഞവയും റബ്ബറിന്റെ സ്വാഭാവിക ഗുണങ്ങൾ നഷ്ടപ്പെട്ടവയുമായിരിക്കും. ഗുണമേന്മ കുറഞ്ഞ വസ്തുക്കളുടെ നിർമാണത്തിനാവശ്യമായ ബ്ലോക്കുറബ്ബർ നിർമിക്കാൻ മാത്രമേ ഇത്തരം ഒട്ടുപാൽ ഉപയോഗിക്കാറുള്ളൂ.

2. ***ഒട്ടുപാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

   ഒട്ടുപാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനായി റബ്ബറിതരമാലിന്യങ്ങൾ ഒട്ടുപാലിൽ കലരുന്നില്ലായെന്ന് ഉറപ്പാക്കണം. ലോഹക്കഷണങ്ങൾ, പ്ലാസ്റ്റിക് നിർമിതവസ്തുക്കൾ, തുണി, ഷേഡ് നെറ്റ്, ഉപയോഗശൂന്യമായ റബ്ബറുത്പന്നങ്ങൾ, സ്കിം റബ്ബർ മുതലായവ ഒരു കാരണവശാലും ഒട്ടുപാലിൽ കലരാൻ പാടില്ല. ബോധപൂർവമായ മലിനീകരണം നിർബന്ധമായും ഒഴിവാക്കണം. കല്ല്, മണൽ മുതലായവ പിണ്ടിപ്പാലിൽ ചേർക്കുന്നത് മായംചേർക്കൽ നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കടുത്ത കുറ്റമാണ്.

3. ***ഒട്ടുപാൽ ഉണക്കിയെടുക്കേണ്ടത് എങ്ങിനെയാണ്?***

   ഒട്ടുപാൽ വൃത്തിയുള്ള സ്ഥലങ്ങളിൽ നിരത്തിയിട്ട് ഉണക്കിയെടുക്കണം. കൂടുതൽ ദിവസം വെയിലത്തിട്ട് ഉണക്കാതിരിക്കുക. ചാക്കിൽകെട്ടി സൂക്ഷിക്കുന്നതും ഒഴിവാക്കണം. വൃത്തിയുള്ളതും വെള്ളം വാർന്നുപോകുന്നതുമായ സ്ഥലങ്ങളിൽ നിരത്തിയിട്ട് ഉണക്കിയെടുക്കണം. ഒട്ടുപാൽ കൂടുതൽ ദിവസം വെയിലത്തിട്ട് ഉണക്കുമ്പോൾ ജാരണം നടന്ന് ഒട്ടലിന് കാരണമാകുന്നു. ഉയർന്ന ഊഷ്മാവിൽ ദീർഘനേരം പുകപ്പുരകളിൽ ഉണക്കുമ്പോഴും ഒട്ടുപാലിന് ജാരണം സംഭവിച്ച് ഉരുകി ഗുണമേന്മ കുറയാൻ ഇടയാകുന്നു.

4. ***അമോണിയ ചേർത്ത് വീപ്പയിൽ സംഭരിച്ച പാൽ ഉറഞ്ഞ് രൂപപ്പെട്ട പാൽക്കട്ടി ഒട്ടുപാലിന്റെ കൂടെ വിപണനം നടത്താൻ കഴിയുമോ?***

   അമോണിയ ചേർന്ന പാൽക്കട്ടി ഒട്ടുപാലിൽ കൂട്ടിക്കലർത്തരുത്. ഇത്തരം പാൽക്കട്ടികളിൽ നൈട്രജന്റെ അളവ് വളരെ കൂടുതലായിരിക്കും. ഇവ ഉപയോഗിച്ചാൽ ബ്ലോക്കുറബ്ബറിന്റെ ഗുണമേന്മ കുറയാൻ കാരണമാകും.

5. ***ഒട്ടുപാലിന്റെ പ്രധാന ഉപയോഗം എന്താണ്?***

   ബ്ലോക്കുറബ്ബറിന്റെ (ISNR) നിർമാണത്തിനാണ് ഒട്ടുപാൽ പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ ക്രീപ്പുറബ്ബർ, ചവിട്ടി മുതലായവയുടെ നിർമാണത്തിനും ഇവ ഉപയോഗിക്കുന്നുണ്ട്.

6. ***ഒട്ടുപാൽ കൂടുതൽകാലം സംഭരിച്ചുവെയ്ക്കുമ്പോൾ ഗുണമേന്മ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

   ഈർപ്പം മാറ്റിയശേഷമേ ഒട്ടുപാൽ സംഭരിച്ചു വയ്ക്കാവൂ. ഒട്ടുപാൽ കൂട്ടിയിടുമ്പോൾ ഉൾഭാഗങ്ങളിൽ ബാക്ടീരിയ, കുമിൾ തുടങ്ങിയവ വളരുന്നു. തന്മൂലം ഈർപ്പവും ഉയർന്ന ഊഷ്മാവും രൂപപ്പെടുന്നു. ഇത്



സി. മാത്യു ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

ഒട്ടുപാലിന്റെ ഗുണമേന്മ കുറയാൻ ഇടയാക്കുന്നു. ഉണങ്ങിയതും ഉണങ്ങാത്തതുമായ ഒട്ടുപാൽ കൂട്ടിക്കലർത്താതിരിക്കുക.

7. ***ഒട്ടുപാൽ വിപണനം ചെയ്യുമ്പോൾ ചണച്ചാക്കുകൾ ഉപയോഗിക്കണം എന്നു പറയാൻ കാരണമെന്താണ്?***

ഏറ്റവും മോശപ്പെട്ടതും മുകൾ ഭാഗം പൊട്ടിക്കീറിയതുമായ പ്ലാസ്റ്റിക് ചാക്കുകളിൽ നിറച്ചാണ് പലരും ഒട്ടുപാൽ വിപണനത്തിന് കൊണ്ടുപോകുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന ഒട്ടുപാലിന്റെ തൂക്കമെടുത്തശേഷം കുടഞ്ഞിടുമ്പോൾ പ്ലാസ്റ്റിക് നൂലുകൾ ഒട്ടുപാലുമായി കലരാൻ ഇടയാകുന്നു. ഇത്തരത്തിലുള്ള ഒട്ടുപാൽ ഉപയോഗിച്ച് ബ്ലോക്കുറബ്ബർ നിർമിക്കുമ്പോൾ പ്ലാസ്റ്റിക്കിന്റെ അംശങ്ങൾ ബ്ലോക്കുറബ്ബറിൽ കലരാനിടയാകുകയും ഉത്പന്നത്തിന്റെ ഗുണമേന്മയെ ബാധിക്കുകയും ചെയ്യുന്നു. അതിനാൽ ചണച്ചാക്കിൽ മാത്രം ഒട്ടുപാൽ നിറയ്ക്കുക. ചാക്ക് കെട്ടുന്നതിനായി പ്ലാസ്റ്റിക് വള്ളിക്ക് പകരം ചെറിയ കയറോ ചാക്കുനൂലോ മാത്രം ഉപയോഗിക്കുക.

8. ***റബ്ബറിന്റെ കമ്പോളവിലനിലവാരത്തിൽ വരുന്ന എഫ്.സി. 60 ശതമാനം, എഫ്.സി. 80 ശതമാനം ഇവ എന്താണെന്ന് വിശദീകരിക്കാമോ?***

ഒട്ടുപാലിൽ അടങ്ങിയ ഉണക്കറബ്ബറിന്റെ തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കുന്നത്. എഫ്.സി. 80 ശതമാനം എന്നാൽ നന്നായി ഉണങ്ങിയ 80 ശതമാനം ഉണക്കറബ്ബർ ലഭിക്കുന്ന ഒട്ടുപാലാണ്. എഫ്.സി. 60 ശതമാനം എന്നാൽ ഉണക്കറബ്ബർ 60 ശതമാനം ലഭിക്കുന്ന ഒട്ടുപാലുമാണ്.

9. ***കവണാർ ലാറ്റക്സ് ലിമിറ്റഡ് റബ്ബർകർഷകർക്ക് നൽകുന്ന വിവിധങ്ങളായ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?***

'കവണാർ ലാറ്റക്സ്' ഷീറ്റുറബ്ബർ, റബ്ബർപാൽ, ഒട്ടുപാൽ എന്നിവ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നു. കമ്പനിക്ക് സ്വന്തമായി ബ്ലോക്കുറബ്ബർ ഫാക്ടറിയുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിക്കുന്നതിനാൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില നൽകാൻ കഴിയുന്നു. കാർഷികമേഖലയിൽ ഉപയോഗിക്കുന്ന വിവിധങ്ങളായ വസ്തുക്കൾ മിതമായ നിരക്കിൽ കർഷകരിലേക്ക് എത്തിക്കാൻ അഞ്ച് ഡിപ്പോകളും കവണാർ ലാറ്റക്സിനുണ്ട്.

തയ്യാറാക്കിയത്
**സ്റ്റീബ വി. പോൾ**
ഫാം ഓഫീസർ

***തിരുത്ത്***

*2024 മാർച്ച് ലക്കം റബ്ബർമാസികയിൽ 'കോൾസെന്ററിൽ നിന്ന്' എന്ന പംക്തിയിൽ പ്രസിദ്ധീകരിച്ച ചോദ്യോത്തരങ്ങളിൽ ടാപ്പിങ്തൊഴിലാളികൾക്കുള്ള ഭവനനിർമാണപദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കുറഞ്ഞത് 200 മരങ്ങളെങ്കിലും 'ഒരു വർഷമായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്നവർ ആയിരിക്കണം' എന്നുള്ളത് 'കുറഞ്ഞത് അഞ്ചുവർഷങ്ങളായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്നവർ ആയിരിക്കണം' എന്ന് തിരുത്തി വായിക്കാൻ അപേക്ഷിക്കുന്നു.*

*– പത്രാധിപർ*

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി




**റെയിൻഗാർഡിങ്**

മഴക്കാലത്ത് മുടക്കം കൂടാതെ ടാപ്പുചെയ്യുന്നതിനായി റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യുന്നത് സംബന്ധിച്ച് കർഷകർക്കുള്ള സംശയങ്ങൾക്ക് 2024 ഏപ്രിൽ 17 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ.എ. വിൻസെന്റ് മറുപടി പറയും.

**വിവിധ പ്രദേശങ്ങളിലേക്ക് യോജിച്ച റബ്ബറിനങ്ങൾ**

വിവിധ പ്രദേശങ്ങളിൽ കൃഷിചെയ്യാൻ യോജിച്ച റബ്ബറിനങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 മെയ് 8 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ടി. ഗിരീഷ് മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ : 0481 2576622***



# മെയ് മാസത്തെ കൃഷിപ്പണികൾ

## റെയിൻഗാർഡിങ്

മഴമൂലം സാധാരണഗതിയിൽ വളരെയേറെ ടാപ്പിങ് ദിനങ്ങൾ നഷ്ടമാകാറുണ്ട്. മരങ്ങൾക്ക് റെയിൻഗാർഡ് പിടിപ്പിക്കുന്നതിലൂടെ ഈ നഷ്ടം ഒഴിവാക്കാം. 300 ഗേജ് കനവും 45 സെ.മീ. വീതിയുമുള്ള (എൽ.ഡി.പി.ഇ.) പോളിത്തീൻഷീറ്റ് കൊണ്ടുള്ള 'പാവാട റെയിൻഗാർഡാ'ണ് സാധാരണമായി ഉപയോഗിക്കുന്നത്. പി.വി.സി. കൊണ്ട് നിർമിച്ചതും കുടപോലെ നിവർന്നുനിൽക്കുന്നതുമായ ടാപ്പിങ് ഷേഡുകളും രണ്ടിന്റെയും സമ്മിശ്രരൂപമായ റെഡിമെയ്ഡ് റെയിൻഗാർഡുകളും 'മഴമൂടി'യായി ഉപയോഗിക്കാം. റെയിൻഗാർഡ് പിടിപ്പിക്കാനുള്ള പശ ഗുണമേന്മയുള്ളതായിരിക്കണം. ചൂടാക്കാതെ തന്നെ അനായാസം മരത്തിൽ തേച്ചുപിടിപ്പിക്കാൻ കഴിയുന്ന പശയാണ് വാങ്ങേണ്ടത്. പശ ചൂടാക്കിയാൽ അതിന്റെ ഗുണമേന്മ കുറയുകയും ചോർച്ച ഉണ്ടാകാനുള്ള സാധ്യത കൂടുകയും ചെയ്യും. മണ്ണെണ്ണ ചേർത്ത് പശ നേർപ്പിക്കുന്നതും മരത്തിന് ദോഷം ചെയ്യും.

മഴപെയ്ത് പട്ട നനഞ്ഞിരുന്നാൽ പശ ശരിയായി ഒട്ടാതെവരികയും റെയിൻഗാർഡിന് ചോർച്ചയുണ്ടാകുകയും ചെയ്യും. അതിനാൽ മഴക്കാലം തുടങ്ങുന്നതിനുമുമ്പായി റെയിൻഗാർഡിങ് പൂർത്തിയാക്കണം. ആദ്യ മഴയിൽ ചോർച്ച കാണപ്പെടുന്നുണ്ടെങ്കിൽ വീണ്ടും പശതേച്ച് ചോർച്ച ഇല്ലാതാക്കണം.

കാലവർഷക്കാലത്ത് മരങ്ങൾക്കുണ്ടാകാവുന്ന അകാലിക ഇലകൊഴിച്ചിലിനും തൈകൾക്കുണ്ടാകാവുന്ന കുമ്പുചീയലിനുമെതിരെ മരുന്നുതളി നടത്തണം. നഴ്സറിയിലെ തൈകൾക്കും തോട്ടത്തിലെ ചെറുമരങ്ങൾക്കും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കാം.









### ഉത്തേജകൗഷധപ്രയോഗം

മെയ് മാസത്തിൽ നല്ല മഴ കിട്ടിയാൽ മൂന്നു ദിവസത്തിലൊരിക്കലും നാലുദിവസത്തിലൊരിക്കലും ടാപ്പിങ് തുടരുന്ന തോട്ടങ്ങളിൽ ഒരു തവണ ഉത്തേജകമരുന്ന് പുരട്ടാം. എത്തഫോൺ എന്ന മരുന്ന് രണ്ടര ശതമാനം വീര്യത്തിലാണ് പുരട്ടേണ്ടത്. ആഴ്ചയിൽ ഒരു ടാപ്പിങ് തുടരുന്ന തോട്ടങ്ങളിൽ മാസത്തിലൊരിക്കൽ നടത്തുന്ന ഉത്തേജകൗഷധപ്രയോഗം തുടരാവുന്നതാണ്. വെട്ടുചാലിന്റെ മുകളിലെ പട്ടയിൽ ഒരു സെന്റീമീറ്റർ വീതിയിൽ ചെറിയൊരു ബ്രഷ് ഉപയോഗിച്ച് മരുന്ന് പുരട്ടുന്നതാണ് ചെലവുകുറഞ്ഞതും കാര്യക്ഷമവുമായ രീതി.

### സ്പ്രേയിങ്

കാലവർഷക്കാലത്ത് മരങ്ങൾക്കുണ്ടാകാവുന്ന അകാലിക ഇലകൊഴിച്ചിലിനും തൈകൾക്കുണ്ടാകാവുന്ന കുമ്പുചീയലിനുമെതിരെ മരുന്നുതളി നടത്തണം. നഴ്സറിയിലെ തൈകൾക്കും തോട്ടത്തിലെ ചെറുമരങ്ങൾക്കും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കാം. ബോർഡോമിശ്രം തളിക്കുമ്പോൾ ഇലകളുടെ മുകളിലും അടിഭാഗത്തും ഇലത്തണ്ടിലും ഇളംതണ്ടിലുമെല്ലാം നന്നായി സ്പ്രേ ചെയ്യണം. ഒരു കിലോഗ്രാം തുരിശും ഒരു കിലോഗ്രാം നീറ്റുകക്ക നീറ്റിക്കിട്ടുന്ന ചുണ്ണാമ്പും അൻപത് ലിറ്റർ വീതം വെള്ളത്തിൽ വെവ്വേറെ കലർത്തി അവ നിശ്ചിതരീതിയിൽ യോജിപ്പിച്ചാണ് 100 ലിറ്റർ ബോർഡോമിശ്രം തയ്യാറാക്കേണ്ടത്. ചെലവു കുറയ്ക്കാനായി ഒരു കിലോഗ്രാം തുരിശിനുപകരം അര കിലോഗ്രാം തുരിശും അരകിലോഗ്രാം സിങ്ക് സൾഫേറ്റും ചേർത്ത് ഉപയോഗിക്കാം. ബോർഡോമിശ്രം തയ്യാറാക്കാൻ ചെമ്പ്, മണ്ണ്, മരം, പ്ലാസ്റ്റിക് ഇവകൊണ്ട് നിർമിച്ച പാത്രങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഇരുമ്പുപാത്രങ്ങൾ ഉപയോഗിക്കേണ്ടിവന്നാൽ അവയുടെ അകവശം നന്നായി പെയിന്റടിച്ചിരിക്കണം.

വലിയ മരങ്ങൾക്ക് എണ്ണയിൽ കലർത്താവുന്ന ചെമ്പുകുമിൾനാശിനി (കോപ്പർ ഓക്സിക്ലോറൈഡ്) മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് തളിക്കാം. കുമിൾനാശിനിയും സ്പ്രേഓയിലും 1:5 എന്ന അനുപാതത്തിൽ കലർത്തണം. ഹെക്ടർ ഒന്നിന് 30 മുതൽ 40 വരെ ലിറ്റർ മിശ്രം വേണ്ടിവരും.

### വളമിടീൽ

മഴ ലഭിച്ചു തുടങ്ങിയാൽ റബ്ബറിന് വളം ചേർക്കാം. അതിനു മുന്നോടിയായി തോട്ടത്തിൽ കളയെടുപ്പ് നടത്തണം. ഉണങ്ങിയ കളകൾ ചെറുതൈകൾക്കു ചുവട്ടിൽ പ്വതയിടാൻ ഉപയോഗിക്കാം. ആവശ്യത്തിനു മാത്രം വളംചെയ്യുക. മണ്ണും ഇലയും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശ ഉണ്ടെങ്കിൽ അതനുസരിച്ചുമാത്രം വളം ചേർക്കുക. ഇല്ലെങ്കിൽ പൊതുശുപാർശയനുസരിച്ച് വളം ചേർക്കണം.

മഴ ലഭിക്കുന്നതനുസരിച്ച് നഴ്സറിയിലെ തൈകൾ ബഡ്ഡുചെയ്യാവുന്നതാണ്. തോട്ടത്തിലെയും നഴ്സറിയിലെയും തൈകളിൽ ഉണ്ടാകുന്ന അനാവശ്യ കിളിർപ്പുകളും ശാഖകളും അപ്പപ്പോൾ നീക്കം ചെയ്യണം. നഴ്സറിയിലെ കൂടത്തൈകളുടെ തണൽ ഘട്ടംഘട്ടമായി നീക്കംചെയ്ത് തൈകൾക്ക് ബാഹ്യസാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ അവസരമൊരുക്കണം.

പുതുക്കൃഷിയും ആവർത്തനക്കൃഷിയും നടത്താൻ തയ്യാറെടുക്കുന്നവർ അതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2024 മെയ് മാസത്തെ പരിശീലനപരിപാടികൾ

**1. ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**

ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം മെയ് 6, 7 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**2. റബ്ബർനടീൽ, പരിപാലനം**

റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം മെയ് 8-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**3. റബ്ബർവ്യവസായം**

റബ്ബർവ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി ഒരു പരിശീലനപരിപാടി (ഓൺലൈൻ) മെയ് 10-ന് നടക്കും. ഷീറ്റുസംസ്കരണം, റബ്ബർപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**4 . സ്പ്രേയറുകൾ**

സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള ഏകദിനപരിശീലനം മെയ് 13-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**

റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം മെയ് 13 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്റ്റ് ഡിസൈൻ; റബ്ബർബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**6. വളമിടൽ**

റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) മെയ് 16-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**7. റബ്ബർടാപ്പിങ്**

റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം മെയ് 20, 21 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്രീതികൾ, ഉത്തേജകൗഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**8. നടീൽവസ്തുക്കൾ**

വിവിധതരം നടീലിനങ്ങളെക്കുറിച്ചും നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള പരിശീലനം (ഓൺലൈൻ) മെയ് 24-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**9. രോഗ-കീട നിവാരണം**

റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം മെയ് 29-ന് നടത്തും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**10. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം മെയ് 29 മുതൽ 31 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). •

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 0481 2353201 (വ്യവസായം), 0481 2351313 (കൃഷി) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# ജലം ജീവനാണ്
# ജീവന്റെ ആധാരമാണ്

ഓരോരോ ദിനാചരണങ്ങൾ ദിനചര്യ പോലെ വന്ന് പോകുകയാണ്. മാർച്ച് 22 – ഒരു ജലദിനം കൂടി വന്നു പോയി. അതോടുചേർന്ന ചില ജലവിചാരങ്ങളാണ് ഇക്കുറി ഗ്രാമകേരളം ഓർമിക്കുന്നതും ഓർമപ്പെടുത്തുന്നതും. ഒരു കൈക്കുമ്പിൾ വെള്ളത്തിൽ മഹാനദികളായ ഗംഗയെയും യമുനയെയും ഗോദാവരിയെയും പ്രാർത്ഥനാപൂർവം കാണുന്ന സംസ്കാരം നിലനിന്ന നാടാണിത്. വെള്ളം മലിനമാക്കിയാൽ അത് കൊടുംപാപമാണെന്നും അങ്ങനെ ചെയ്യുന്നവർ നരകത്തിൽ പോകുമെന്നും വിശ്വസിച്ചിരുന്ന ഒരു തലമുറയുടെ പിന്മുറക്കാരാണ് നാം. പണ്ട് ഒരു വീടുവെയ്ക്കാൻ സ്ഥാനനിർണയം നടത്തും മുമ്പേ കിണർ കുത്താൻ സ്ഥാനം കാണുകയും കിണർ കുഴിച്ച് ജലസുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നത് പരമ്പരാഗത കേരളീയശീലമായിരുന്നു.

ഭൂഗർഭ ജലസമൃദ്ധിക്കായി ഓരോ വീട്ടുവളപ്പിലും കാവും കുളവും സംരക്ഷിച്ച പ്രാക്തനമായ സംസ്കാരം നമ്മുടെ നാടിന്റെ സവിശേഷതയായിരുന്നു. നമ്മളിപ്പോൾ ഭൂഗർഭജല പരിപോഷണത്തിനായി നാടാകെ മഴക്കുഴികൾ കുഴിക്കുകയാണ്. ഒരായിരം മഴക്കുഴികൾക്ക് തുല്യമായിരുന്നു ഒരു പ്രദേശത്തിന്റെയാകെ ഭൂഗർഭ ജലപരിപോഷണത്തിന് ഒരു കുളം യഥാവിധി സംരക്ഷിക്കുകയെന്നത്. ഇതിന്റെ ശാസ്ത്രീയതകൾ കണ്ടറിഞ്ഞല്ല മറിച്ച് അനുഭവപാഠങ്ങളിൽ നിന്നാർജ്ജിച്ച പ്രായോഗികതയാണ് നമ്മുടെ പൂർവികർക്ക് ഈ പ്രകൃതിനന്മകളൊക്കെയും വിവേകപൂർവം ചെയ്യാൻ പ്രേരണയായത്.

ഈ ലേഖകന്റെ വ്യക്തിപരമായ ഒരനുഭവം കൂടി ഇതോട് ചേർത്ത് പറയേണ്ടതുണ്ട്. കുട്ടിക്കാലത്ത് ഞങ്ങളുടെ ഗ്രാമത്തിലെ വിശാലമായ അമ്പലക്കുളത്തിലായിരുന്നു ഞാനും എന്റെ തലമുറയിൽപെട്ടവരും ദിവസവും നീന്തിത്തുടിച്ച് കുളിച്ചിരുന്നത്. നീന്തുകയും മുങ്ങാംകുഴിയിടുകയും മറ്റും ചെയ്ത് ചെളിയിളക്കി വെള്ളം കലക്കിയാൽ മുതിർന്നവർ ശകാരിക്കും. മാത്രമല്ല, നിത്യേന കുളത്തിൽ കുളിച്ചിരുന്ന ഞങ്ങളോട് കാരണവന്മാർ പറഞ്ഞുതന്നിരുന്ന ഒരു ഉപദേശം ഇന്നും മനസ്സിലുണ്ട്. കുളത്തിലെ വെള്ളത്തിൽ മൂത്രമൊഴിക്കുകയോ തുപ്പുകയോ അരുത്, അങ്ങനെ ചെയ്യുന്നവർ നരകത്തിൽ പോകുമെന്നായിരുന്നു പറഞ്ഞുതന്നത്. മറ്റൊരു പുഷ്കലമായ ഓർമ കൂടി പങ്കുവെയ്ക്കാതെ വയ്യ. വയലിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്ക് പ്രഭാതഭക്ഷണമായ കഞ്ഞിയും അസ്ത്രവുമായി സ്കൂൾ അവധിയുള്ള ദിവസങ്ങളിൽ പാടത്തേക്ക് പോകുമായിരുന്നു. പണിക്കാർ കഞ്ഞികുടിക്കാൻ കയറുമ്പോൾ മുഖവും വായും കഴുകുന്നത് പാടത്തിന്റെ ഓരം ചേർന്നുള്ള നീരൊഴുക്കുതോട്ടിൽ നിന്നുള്ള വെള്ളം കൊണ്ടായിരുന്നു. ദാഹശമനത്തിനായി കൈക്കുമ്പിളിൽ കോരിക്കുടിച്ചിരുന്നതും സ്ഫടികം പോലെ ഒഴുകിയിരുന്ന ഈ വെള്ളമായിരുന്നു! ഇന്നാണെങ്കിലോ ഈ വെള്ളത്തിൽ ചവിട്ടുന്നതിനു പോലും നമ്മൾ മടിക്കും! അത്രയ്ക്കും മലീമസമായ അവസ്ഥയിലാണ് കേരളത്തിലെ ചെറുതും വലുതുമായ എല്ലാ ജലാശയങ്ങളും.

നമ്മുടെ കുളങ്ങളും പുഴകളും കായലുകളും നീരുറവകളും ചെറുതോടുകളുമെല്ലാം സർവവിധ മാലിന്യങ്ങളും വലിച്ചെറിയുന്ന കുപ്പത്തൊട്ടികളായി മാറിയിരിക്കുന്നു. നോക്കൂ, പ്രതിവർഷം 2.5 കോടി ടൺ പ്ലാസ്റ്റിക്മാലിന്യമാണ് കടലിലേക്കും മറ്റ് ജല സ്രോതസ്സുകളിലേക്കും നാം വലിച്ചെറിയുന്നത്!

ദശകൂപ സമോ വാപി :
ദശവാപി സമോ ഹ്രദ :
ദശഹ്രദ സമോ പുത്ര:
ദശപുത്ര സമോ ദ്രുമ :

വൃക്ഷായുർവേദത്തിലെ ഏറെ സാരവത്തും മൂല്യവത്തുമായ ഒരു പാരിസ്ഥിതിക ദർശനമാണിത്. പത്ത് കിണർ ഒരു കുളത്തിന് തുല്യമാണത്രേ! ഒരു കാലത്ത് വീട്ടുമുറ്റത്തെ കിണറുകളായിരുന്നു ഗ്രാമീണകേരളത്തിന്റെ ഏറ്റവും പ്രാപ്യമായ ജലസ്രോതസ്സ്. വാട്ടർ അതോറിട്ടിയുടെ നിരത്തുവക്കിലെ പൈപ്പിന്റെയും ടാപ്പിന്റെയും സ്ഥാനത്ത് കുടിവെള്ള ലഭ്യതയ്ക്കായി പഞ്ചായത്തുകളും നഗരസഭകളും പൊതുക്കിണറുകൾ ഉണ്ടാക്കിയിരുന്നു. പ്രിയപ്പെട്ട കഥാകാരൻ കാരൂരിന്റെ 'ഉതുപ്പാന്റെ കിണർ' കേരളീയജീവിതത്തിൽ കിണറിനുണ്ടായിരുന്ന പ്രാധാന്യത്തിന്റെ സാക്ഷ്യമാണ്. ജ്ഞാനപീഠം കയറിയ മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി.-യുടെ ഓർമകൾ മേയുന്ന തിരുമുറ്റത്തും കിണറുണ്ട്! 'തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ചെന്തു മധുരമെന്നോതുവാൻ മോഹം' എന്നാണ് കവി ഗൃഹാതുരതയോടെ പറയുന്നത്. പരിശുദ്ധിയുടെയും പവിത്രതയുടെയും പരിച്ഛേദമായി കിണറിനെയും വെള്ളത്തെയും കണ്ടിരുന്ന ഭൂതകാലനന്മ!



ജീവന്റെ ആധാരമായ വെള്ളം വളരെ സൂക്ഷ്മതയോടെ ആവശ്യാധിഷ്ഠിതമായി മാത്രം ഉപയോഗിക്കണമെന്ന് പറയാതെ പറയുന്ന വാൽക്കിണ്ടി ഒരു പ്രതീകമാണ്! വാൽക്കിണ്ടിയുടെ ഘടനാപരമായ സവിശേഷത ഈ സന്ദേശം വിളിച്ചോതുന്നു. കൂടുതൽ വെള്ളം പുറത്തേക്കെടുക്കാവുന്ന വലിയ വായ് വട്ടവും വളരെ കുറച്ചു മാത്രം വെള്ളമെടുക്കാവുന്ന കിണ്ടിവാലുമുണ്ട്. വാൽക്കിണ്ടിയുടെ വാൽഭാഗത്തുകൂടിതന്നെ വെള്ളമെടുക്കുക എന്നതായിരുന്നു സാമ്പ്രദായിക ശീലവും നിഷ്ഠയും. വെള്ളത്തിന് തെല്ലും ദൗർലഭ്യമില്ലാത്ത കാലത്തുപോലും വെള്ളം പാഴാക്കാതിരിക്കാൻ നമ്മുടെ പഴയതലമുറ എത്രകണ്ട് ജാഗ്രതയാണ് കാണിച്ചിരുന്നത്. സെമിനാറും പ്രബന്ധാവതരണവും ആചരണാഘോഷങ്ങളും ഇല്ലാതിരുന്നെങ്കിലും അവരുടെ പ്രവൃത്തിയിലും ശീലങ്ങളിലും നാളെയെക്കുറിച്ചുള്ള കരുതലിന്റെയും മിതത്വത്തിന്റെയും നന്മയുണ്ടായിരുന്നു.

ജലം ജീവനും ജീവനവുമാണെന്ന് തിരിച്ചറിയാതെ പോയ ഒരു മഹാനഗരം ഇന്നനുഭവിക്കുന്ന ജലക്ഷാമത്തിന്റെ കഥയും കാര്യവും കൂടി വായനക്കാരുമായി പങ്കുവെയ്ക്കുമ്പോഴേ ഈ ജലചിന്തകൾ പൂർണ്ണമാകൂ. 67,000-ൽ അധികം ഐ.റ്റി. കമ്പനികളും 22 ലക്ഷത്തോളം ജീവനക്കാരും ജോലി ചെയ്യുന്ന ലോകത്തിലെ ഏറ്റവും വലിയ ഐ.റ്റി. സിറ്റികളിലൊന്നായ ബെംഗളൂരു നഗരം കടുത്ത ജലപ്രതിസന്ധിയിലാണ്. അവിടെ ഒരു കുടുംബത്തിന് ഒരു ബക്കറ്റ് വെള്ളമാണ് റേഷൻ കണക്കെ അനുവദിച്ചിരിക്കുന്നത്. ഒരു ചെറിയ ടാങ്കറിൽ കൊണ്ടുവരുന്ന വെള്ളത്തിന് 2500 മുതൽ 3000 വരെ രൂപയാണ് വില! നിത്യേന 200 കോടി ലിറ്റർ വെള്ളമുണ്ടെങ്കിലേ നഗരത്തിന്റെ ജലാവശ്യം നിവർത്തിക്കാൻ കഴിയൂ. ഫ്ളാറ്റുകൾ ചൂടപ്പം കണക്കെ വിൽപന നടന്നിരുന്ന ഇവിടെ ഇപ്പോൾ ഫ്ളാറ്റുകൾ വാങ്ങാൻ ആളില്ലാത്ത അവസ്ഥ. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവധി നൽകുന്നു. കമ്പനികളും ഓഫീസുകളും അടച്ചിടേണ്ട സ്ഥിതിയിലാണ്. ഏതെങ്കിലും തരത്തിൽ വെള്ളം പാഴാക്കിയാൽ 500 രൂപ ഉടൻ പിഴയടയ്ക്കണം. വെള്ളമില്ലാതായപ്പോൾ നഗരജീവിതം അപ്പാടെ നിശ്ചലമാകുന്ന സ്ഥിതിവിശേഷം. കർണ്ണാടകത്തിന്റെ ഏറ്റവും വലിയ ജലസ്രോതസ്സായ കാവേരിനദിയുടെ ശോഷണമാണ് ഈ ജലക്ഷാമത്തിന്റെ മൂലകാരണം. നൂറുകണക്കിന് തടാകങ്ങൾ സമാധിയായതാണ് മറ്റൊരു പ്രധാന കാരണം. ഭൂഗർഭ ജലസമൃദ്ധിക്ക് വഴിയൊരുക്കിയ ചെറുതും വലുതുമായ തടാകങ്ങളിലേറെയും ഫ്ളാറ്റുനിർമാണ വഴിയിൽ വീണ്ടുവിചാരമില്ലാതെ തരംമാറ്റിയപ്പോൾ ഇങ്ങനെയൊരു ദുരന്തത്തെക്കുറിച്ച് ആലോചിക്കാതെ പോയി. ഭൂഗർഭ ജലനിരപ്പ് വല്ലാതെ താണുപോയപ്പോൾ കുഴൽകിണറുകളിൽ ഏറെയും നോക്കുകുത്തികളായി മാറി! ജലക്ഷാമം ഉച്ചസ്ഥായിയിലെത്താൻ ഇതും മറ്റൊരു പ്രധാന കാരണമായി.

ബെംഗളൂരു നമുക്കും പാഠമാകണം. ഇന്ന് ബെംഗളൂരു, നാളെ കൊച്ചി, തൊട്ടടുത്ത നാൾ തിരുവനന്തപുരം ഈ വസ്തുത നാം മറന്നുകൂടാ. ബെംഗളൂരുവിനെക്കാൾ തീഷ്ണമായിരിക്കും കേരളത്തിന്റെ സ്ഥിതി. കാരണം കാസറഗോഡ് മുതൽ പാറശ്ശാലവരെ യഥാർത്ഥത്തിൽ കേരളം മൊത്തത്തിൽ തന്നെ ഒറ്റ നഗരമാണ്! ജനസാന്ദ്രതയേറിയ ഒരു മഹാനഗരം! അതുകൊണ്ടുതന്നെ ജലക്ഷാമം കേരളത്തെ ഒന്നാകെ തന്നെ ബാധിക്കും.

ലോക ജനസംഖ്യയിൽ മൂന്നിലൊന്നു വരുന്ന 250 കോടിയിലേറെ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഇന്നും ഒരു പ്രശ്നം തന്നെയാണ്. 2050 എത്തുമ്പോഴേക്കും, അതായത് അടുത്ത ഇരുപത്തിയഞ്ചുവർഷം പിന്നിടുമ്പോൾ ലോകത്ത് ഏറ്റവും രൂക്ഷമായ ഭൂജല പ്രതിസന്ധി ഇന്ത്യയിലായിരിക്കുമെന്നാണ് ലോകബാങ്കും ലോക കാലാവസ്ഥാ ഓർഗനൈസേഷനും മുന്നറിയിപ്പ് നൽകുന്നത്.

ഒരു സെക്കൻഡിൽ ഒരു തുള്ളി വെള്ളം എന്ന അളവിൽ നഷ്ടമാകുമ്പോൾ ഒരു ദിവസം 125 ലിറ്റർ വെള്ളമാണ് പാഴാകുന്നത്! പലതുള്ളി പെരുവെള്ളം എന്നാണല്ലോ പ്രമാണം. അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിന് ഒരു ദിവസത്തേക്കാവശ്യമായ വെള്ളമാണ് ഇപ്രകാരം നഷ്ടമാകുന്നത്. നമ്മൾ ഓരോരുത്തരും പ്രതിദിനം ഒരു ലിറ്റർ വെള്ളം സംരക്ഷിച്ചാൽ 800 കോടി ലിറ്റർ വെള്ളത്തിന്റെ കരുതൽ ശേഖരമായി അത് മാറും! ജലസുരക്ഷയെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും ഭൂഗർഭ ജലപരിപോഷണത്തെക്കുറിച്ചുമെല്ലാം മറ്റാരേക്കാളും നമുക്കറിയാം. പക്ഷേ അനിവാര്യമായും പ്രയോഗക്ഷമമാക്കേണ്ട ഈ ജലപാഠങ്ങൾ നമുക്ക് ജീവിതപാഠമാകുന്നില്ല. 'സമാധാനത്തിനായി ജലത്തെ പ്രയോജനപ്പെടുത്താം' എന്നതായിരുന്നു ഈ വർഷത്തെ ലോകജലദിനാചരണ സന്ദേശം. ആഗോള ചിന്തകളെല്ലാം മാറ്റി വെച്ച് നമ്മുടെ കൊച്ചുജീവിതപരിസരവുമായി ഈ ജലദിനസന്ദേശത്തെ ചേർത്തു വെയ്ക്കാം. നമുക്ക് മനസ്സമാധാനത്തോടെ ജീവിക്കണമെങ്കിൽ വെള്ളം കുടിയേ തീരൂ! വെള്ളമില്ലെങ്കിൽ ജീവിതം വെള്ളത്തിലാകുമെന്ന യാഥാർത്ഥ്യം മറക്കരുത്! •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 മാർച്ച് 1 | 16700 | 16300 | 12365 | 16700 | 16300 | 19131 | 19062 |
| 2024 മാർച്ച് 2 | 16750 | 16300 | അവധി | 16750 | 16300 | അവധി | അവധി |
| 2024 മാർച്ച് 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മാർച്ച് 4 | 16750 | 16350 | 12365 | 16750 | 16350 | 19237 | 19167 |
| 2024 മാർച്ച് 5 | 16750 | 16400 | 12365 | 16750 | 16400 | 19415 | 19346 |
| 2024 മാർച്ച് 6 | 16800 | 16450 | 12365 | 16800 | 16450 | 19667 | 19598 |
| 2024 മാർച്ച് 7 | 16900 | 16500 | 12365 | 16900 | 16500 | 20076 | 20006 |
| 2024 മാർച്ച് 8 | 17000 | 16600 | 12365 | 17000 | 16600 | 20550 | 20480 |
| 2024 മാർച്ച് 9 | 17100 | 16700 | അവധി | 17100 | 16700 | അവധി | അവധി |
| 2024 മാർച്ച് 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മാർച്ച് 11 | 17400 | 16800 | 12470 | 17400 | 16800 | 21158 | 21088 |
| 2024 മാർച്ച് 12 | 17500 | 17000 | 12575 | 17500 | 17000 | 21813 | 21743 |
| 2024 മാർച്ച് 13 | 17700 | 17100 | 12785 | 17700 | 17100 | 22175 | 22105 |
| 2024 മാർച്ച് 14 | 17800 | 17200 | 12890 | 17800 | 17200 | 22382 | 22312 |
| 2024 മാർച്ച് 15 | 18000 | 17300 | 12995 | 18000 | 17300 | 22582 | 22513 |
| 2024 മാർച്ച് 16 | 18200 | 17500 | അവധി | 18200 | 17500 | അവധി | അവധി |
| 2024 മാർച്ച് 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മാർച്ച് 18 | 18600 | 18000 | 13105 | 18600 | 18000 | 23132 | 23062 |
| 2024 മാർച്ച് 19 | 18600 | 18200 | 13105 | 18600 | 18200 | 22719 | 22649 |
| 2024 മാർച്ച് 20 | 18600 | 18200 | 13210 | 18600 | 18200 | 22377 | 22308 |
| 2024 മാർച്ച് 21 | 18500 | 18100 | 13210 | 18500 | 18100 | 22072 | 22003 |
| 2024 മാർച്ച് 22 | 18400 | 18000 | 13105 | 18400 | 18000 | 21749 | 21680 |
| 2024 മാർച്ച് 23 | 18300 | 17900 | അവധി | 18300 | 17900 | അവധി | അവധി |
| 2024 മാർച്ച് 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 മാർച്ച് 25 | 18200 | 17800 | 12995 | 18200 | 17800 | 21144 | 21076 |
| 2024 മാർച്ച് 26 | 18200 | 17800 | 12995 | 18200 | 17800 | 21187 | 21118 |
| 2024 മാർച്ച് 27 | 18200 | 17900 | 12890 | 18200 | 17900 | 21188 | 21119 |
| 2024 മാർച്ച് 28 | 18200 | 17900 | 12890 | 18200 | 17900 | 21054 | 20986 |
| 2024 മാർച്ച് 29 | അവധി | അവധി | അവധി | അവധി | അവധി | 21208 | 21139 |
| 2024 മാർച്ച് 30 | 18200 | 17900 | അവധി | 18200 | 17900 | അവധി | അവധി |
| 2024 മാർച്ച് 31 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| ശരാശരി | 17734 | 17288 | 12771 | 17734 | 17288 | 21239 | 21170 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഡിസംബർ 2023 | ഡിസംബർ 2022 | ഏപ്രിൽ 2023 മുതൽ ഡിസംബർ 2023 വരെ | ഏപ്രിൽ 2022 മുതൽ ഡിസംബർ 2022 വരെ | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/(-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 75850 | 75725 | 406400 | 404715 | 541195 | |
| ബ്ലോക്കുറബ്ബർ | 18650 | 17950 | 136420 | 126990 | 172710 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10300 | 10175 | 74070 | 76245 | 104115 | |
| മറ്റുള്ളവ | 3200 | 3150 | 17110 | 16050 | 20980 | |
| ആകെ | 108000 | 107000 | 634000 | 624000 | 839000 | 1.6 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47370 | 46450 | 426155 | 412120 | 559335 | |
| ബ്ലോക്കുറബ്ബർ | 56280 | 50350 | 534090 | 496785 | 658550 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9400 | 9450 | 79305 | 73240 | 100190 | |
| മറ്റുള്ളവ | 2950 | 2750 | 25450 | 24855 | 31925 | |
| ആകെ | 116000 | 109000 | 1065000 | 1007000 | 1350000 | 5.8 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 78680 | 74799 | 715286 | 711227 | 948395 | 0.6 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 43578 | 42206 | 373781 | 420747 | 528677 | |
| കയറ്റുമതി (p) | 292 | 301 | 2549 | 1991 | 3700 | |
| **2023 ഡിസംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | 121000 | | ഷീറ്റുറബ്ബർ | | | 257650 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 134000 | | ബ്ലോക്കുറബ്ബർ | | | 56950 |
| ടയർനിർമ്മാതാക്കൾ (c) | 78000 | | റബ്ബർപാൽ (ഡി. ആർ. സി.) | | | 29650 |
| മറ്റു വ്യവസായികൾ | 40000 | | മറ്റുള്ളവ | | | 28750 |
| ആകെ | 373000 | | ആകെ | | | 373000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*



ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്




QUALITY
MATTERS
Rubber Board
Ministry of Commerce & Industry
Government of India
QUALITY CONTROL
APPROVED
GET YOUR RUBBER
CERTIFIED BY THE
RUBBER BOARD
ON BOARD
mRube
An e-market for Natural Rubber
www.mrube.in

RUBBER MONTHLY (MALAYALAM)
Published on 11 April 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Kopath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad